# ഗുരുനാഥൻ.

| പുസ്തകം ൭ | 1105 മീനം | ലക്കം ൪ |
| --- | --- | --- |


## എൻെറ വിദ്യാഭ്യാസം.

### അതിൻെറ സ്ഥിതിയും ഗതിയും.


(ആർ. ഈശ്വരപിള്ള ബി. എ.)


(തുടർച്ച)

ഇനി വിദ്യാലയത്തിലെ സ്ഥിതി നോക്കാം. കാളേജുതന്നെ ആരംഭിച്ചിട്ടു നാലുകൊല്ലം മാത്രമെ ആയിരുന്നുള്ളു, അതിൻെറ യശസ്സും സൃഷ്ടിഘട്ടത്തിൽ മാത്രമായിരുന്നു. അതുകൊണ്ട് ഗവന്മെൻറും പുതിയ മേധാവികളും അതിൻെറ പോഷണത്തിലും വിജയത്തിലും സദാ ജാഗരൂകന്മാരായിരുന്നു. അദ്ധ്യാപകന്മാരേയും മററും വിവേകപൂർവ്വം തിരഞ്ഞെടുത്തിരുന്നു. എല്ലാംകൊണ്ടും അതു് ഒരു മാതൃകാസ്ഥാപനമായിരുന്നു. യൌവനവും ഉത്സാഹവും ഉൽക്കർഷേച്ഛയും വൈദുഷ്യവും ഇവിടെ പ്രതിനിധീകരിക്കപ്പെട്ടിരുന്നു. പ്രസിദ്ധന്മാരായ മി: റാസ്, ഡാക്ടർ ഹാവി ഇവരായിരുന്നു പ്രധാന ഉപദേഷ്ടാക്കൾ. ഈ മഹാന്മാരുടെ സുപൂജിതമായ അധീനത്തിൽ അല്പകാലംപോലുമിരിക്കാൻ അവസരം ലഭിച്ചവർക്ക് ജന്മസാഫല്യം സിദ്ധിച്ചു എന്നുതന്നെ പറയാം. അവർ പഠിപ്പിക്കുന്ന വിഷയങ്ങളിൽ നിന്നും ലഭിക്കുന്ന ജ്ഞാനമല്ല പ്രധാനമായുള്ളതു്. അവരുടെ സുചരിതത്തിൽനിന്നും നിശ്ശബ്ദമായി സദാ നിർഗ്ഗമിക്കുന്ന അനന്യസാധാരണമായ പ്രേരണാശക്തിയാണ് അവരുടെ ശിഷ്യവർഗ്ഗത്തിനു സ്വഭാവസംസ്കരണവിഷയത്തിൽ ഫലഭൂയിഷ്ഠമായി ഭവിച്ചതു്. നാം വിദ്യാഭ്യാസം എന്നു പേർപറയുന്നതല്ല, അപ്രകാരം ഗണിക്കാത്തതും പറയപ്പെടാത്തതുമായ വസ്തുവാണ് നമുക്കു യഥാർത്ഥവിദ്യാഭ്യാസമായി ഭവിക്കുന്നതെന്നു മഹാന്മാർ പറഞ്ഞിട്ടുള്ളതു എത്രയൊ വാസ്തവമാണ്. മി. റാസ്സാകട്ടെ മനുഷ്യസ്വഭാവം ഗ്രഹിക്കുന്നതിൽ അതിവിദഗ്ദ്ധനായിരുന്നു. ഡാക്ടർ ഹാവി തത്വജ്ഞാനിയുമായിരുന്നു. അതിനാൽ ഇവരിരുവരുടേയും സംയുക്തവും

ബലവത്തുമായ പ്രേരണാശക്തിക്ക് എന്താണ് അസാദ്ധ്യമായിരുന്നത്? ഇവരുടെ ശിഷ്യവാത്സല്യവും അപാരമായിരുന്നു. അഞ്ചുകൊല്ലം ഈ സുപ്രസന്നസാന്നിദ്ധ്യം അനുഭവിക്കാൻ ഭാഗ്യമുണ്ടായ ലേഖകനിൽ ഇന്നു വല്ല ഗുണവുമുണ്ടെങ്കിൽ അതു തൽഫലംതന്നെയാണെന്നു കൃതജ്ഞതാപൂർവം പറഞ്ഞുകൊള്ളുന്നു. ഇവർ യശശ്ശരീരന്മാരാണെങ്കിലും ശിഷ്യരുടെ സ്മരണയിൽ ഇന്നും ജീവിക്കുന്നു. ഇവരെ ഇരുവരേയും കൂടാതെ പൂജ്യന്മാരും പ്രത്യേക യോഗ്യതകൾക്കു തിരഞ്ഞെടുക്കപ്പെട്ടവരുമായ എ. ഗോവിന്ദപ്പിള്ള വാസുദേവറാവു, രങ്കറാവു, ആർ. എസ്സ്. ഷെപ്പേഡ്, വള്ളിയാനന്ദമുതലിയാർ, സുന്ദരംപിള്ള, കോവുണ്ണിനെടുങ്ങാടി, രാമക്കുറുപ്പ്, മുതലായി പലവിധത്തിൽ പ്രസിദ്ധിനേടിയിരുന്നവരും ഇക്കാലത്തിൽ കാളേജിൽ അദ്ധ്യാപകന്മാരായിരുന്നു. അവരുടെ സുനിയന്ത്രിതമായ അദ്ധ്യാപനത്തിൽനിന്നും അനുകരണീയമായ ദൃഷ്ടാന്തത്തിൽനിന്നും ലേഖകൻ പലതും ഗ്രഹിച്ചിട്ടുണ്ടെന്നും നന്ദിപൂർവം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. സുചരിതന്മാരായ അവരുടെ സ്വഭാവനൈർമ്മല്യത്തിന്റെ അല്പമായ ഛായയും ലേഖകന്റെ ചേതോദർപ്പണത്തിൽ പ്രതിബിംബിച്ചിരിക്കാൻ ഇടയുണ്ട്. ഇനി ലേഖകന്റെ സതീർത്ഥ്യന്മാരെ നോക്കാം. ഓരോ ക്ലാസ്സിലും ഇപ്രകാരം ഒട്ടനേകംപേർ ഉണ്ടായിരുന്നു എങ്കിലും ഇവരിൽ കുറച്ചുപേർക്കു മാത്രമെ ലേഖകനെ അവരുടെ നിരന്തരസാഹചര്യാദികൾകൊണ്ടു അല്പമായെങ്കിലും പ്രേരിപ്പിക്കുവാൻ സാധ്യമായിരുന്നുള്ളു. ഇവർ മെസേഴ്സ് ലബ്ഷാഡിയർ, രാമകൃഷ്ണയ്യൻ, രാമചന്ദ്രറാവു, കെ. പി. ശങ്കരമേനോൻ, സി. വി. രാമൻപിള്ള, മുത്തുക്കുമാരസ്വാമിപ്പിള്ള, ടി. ആർ. അനന്തൻപിള്ള, മുതലായി പിന്നീടു ഏറക്കുറെ പ്രസിദ്ധിസമ്പാദിച്ചിട്ടുള്ളവരായിരുന്നു. ഇവർ കൂടാതെ അടുത്ത മേലുംകീഴും ക്ലാസ്സുകളിൽ വായിച്ചിരുന്ന മെസേഴ്സ് താണുപിള്ള, ഗോപാലമേനോൻ, എം. കൃഷ്ണപിള്ള, കുഞ്ഞിക്കൃഷ്ണപ്പണിക്കർ, ശങ്കരപ്പിള്ള, സി. എം. മാതേവൻപിള്ള, മുതലായി കാദാചിത്കസാഹചര്യംകൊണ്ടു പ്രേരിപ്പിച്ച ചിലരുംകൂടി ഉണ്ടായിരുന്നു. ലേഖകൻ ഇവരിൽ പലരിൽനിന്നും പല സ്വഭാവാംശങ്ങളും ആദാനം ചെയ്തിരുന്നിരിക്കാം. എന്നാൽ ലേഖകനിൽ അനുകരണഭ്രമം അന്നും ഇന്നത്തേപ്പോലെ കുറഞ്ഞിരുന്നതിനാൽ സാരാംശങ്ങൾമാത്രം ഗ്രഹിക്കാനെ സന്നദ്ധനായിരുന്നുള്ളു. ഏതെങ്കിലും ഇവരും തന്റെ വിദ്യാഭ്യാസവിഷയത്തിൽ ഒരുഭാഗം വഹിച്ചിരുന്നു എന്നു സംവദിക്കാതെ തരമില്ല. ഇവരിൽ മിക്കവരുടേയും സ്വഭാവത്തിൽനിന്നും ഒരുവിധം ഗൌരവം അസ്പഷ്ടമായി കണ്ടുതുടങ്ങിയിരുന്നു.

ഇനി പാഠ്യപുസ്തകങ്ങളുടെ കാര്യമാണ് ചിന്തിക്കാനുള്ളത്. പാഠ്യപുസ്തകങ്ങൾ ഒരു വിദ്വൽസഭയാൽ നിർദ്ദേശിക്കപ്പെട്ടവയായതുകൊണ്ട്

അധികമൊന്നും ചിന്തിക്കേണ്ട ആവശ്യമില്ല. അവ പ്രായേണ ഉൽകൃഷ്ടാശയജലാശയങ്ങളും ഉത്തമാദൎശപത്മാകരങ്ങളുമായിരുന്നതുകൊണ്ട് അവയുടെ പാരായണം ബുദ്ധിസംസ്കരണത്തിനും സ്വഭാവവികാസത്തിനും ഏററവും ഉപയുക്തങ്ങളായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ. ഷെക്സ്പിയർ, മിൽട്ടൺ, സ്കാട്ട്, കാർലൈൽ, ഇർവിങ്ങ്, ഗോൾഡ്സ്മിത്ത്, കൌപ്പർ, പോപ്പ്, മെക്കാളി, ടെന്നിസൺ, ഗ്രെ, മുതലായ സുപ്രസിദ്ധ ആംഗലസാഹിത്യകാരന്മാരുടെ കൃതികളായിരുന്നു ഭാഷാവിഷയകമായി പഠിക്കുവാനുള്ളതു്. ഭാഷാനൈപുണ്യത്തിനും പുറമെ ഇവയിൽനിന്നും ഗ്രഹിച്ചിട്ടുള്ള ആദൎശങ്ങളും ആശയങ്ങളും ഇന്നും ലേഖകൻെറ ചിന്തയേയും ജീവിതത്തേയും നിയമനംചെയ്തുവരുന്നുണ്ടെന്നു പറയാതെ കഴികയില്ല. മററു വിഷയങ്ങളിലുള്ള പുസ്തകങ്ങളേപ്പററി വിവരിക്കേണ്ട ആവശ്യമുണ്ടെന്നു വിചാരിക്കുന്നില്ല. എങ്കിലും തത്വജ്ഞാനം, സന്മാൎഗ്ഗവിജ്ഞാനീയം, മനശ്ശാസ്ത്രം; തൎക്കം, മുതലായവ പഠിക്കുന്നതിൽനിന്നുണ്ടാകുന്ന സൽഫലത്തിൻെറ രുചി ഇന്നും ലേഖകനെ വിട്ടുമാറിയിട്ടില്ലെന്നു സംക്ഷിപ്തമായിപ്പറയാം. അക്കാലത്തു് പ്രാരംഭകാലമായിരുന്നതിനാൽ കാളേജിൽ യാതൊരുവിധമായ വിനോദമൊ, കളികളൊ, കായികാഭ്യാസമൊ ഒന്നുംതന്നെ ഇല്ലായിരുന്നു. ഡാക്ടർ ഹാർവിയുടെ അദ്ധ്യക്ഷതയിൽ ഒരു വാദപ്രതിവാദസംഘം ആഴ്ചയിലൊരുദിവസം നടന്നു വന്നിരുന്നു. അതു് അന്നത്തെ വാഗ്മികളുടെ അഭ്യസനക്കളരി ആയിരുന്നു. ഒഴിവുദിവസങ്ങളിൽ ലേഖകനും ചില കൂട്ടരും അതിരാവിലെ താമസസ്ഥലത്തുനിന്നും രണ്ടു മൈലിലധികം ദൂരമുണ്ടായിരുന്ന ആരാമത്തിൽ പോവുക പതിവായിരുന്നു. ഇതുകൊണ്ടു് വ്യായാമവും പ്രകൃതിപഠനവും ഒരുവിധം സാധിച്ചു. ഈ പതിവ് നിരന്തരമായ പുസ്തകസഖ്യംകൊണ്ടു ക്ഷീണിച്ചിരുന്ന പ്രധാന ജ്ഞാനേന്ദ്രിയമായ നയനത്തിനും മനസ്സിനും പുതിയതായ ഉന്മേഷവും പ്രവൃത്തിശക്തിയും നൽകുന്നതിനുപയുക്തമായിരുന്നു. സദാ ആകൎഷണീയമായ പ്രകൃതിയുടെ സ്മേരവദനസന്ദൎശനംതന്നെ ഒരുതരം വിദ്യാഭ്യാസമായിരുന്നു. ഒരു കവി പറയുന്നതുപോലെ "ഉപത്യകയിലുള്ള ചെറുപുഷ്പങ്ങളും നഭസ്സിൽ പ്രസരിക്കുന്ന ലഘുഗോളങ്ങളും നിത്യപരിചിതങ്ങളായ വായുവും ഭൂമിയും ആകാശവുംതന്നെ അപാവൃതദ്വാരത്തോടു കൂടിയ സ്വൎഗ്ഗംതന്നെയായിരുന്നു." ഉത്തമന്മാരായ അദ്ധ്യാപകന്മാരും സരസന്മാരായ സതീൎത്ഥ്യന്മാരും വിശിഷ്ടങ്ങളായ പുസ്തകങ്ങളും ഇടയ്ക്കിടെ പ്രകൃതിയുമായുള്ള സല്ലാപവും ശല്യഹീനമായ ഒരു ഗൃഹവും വിദ്യയിലേക്കു പ്രവണമായ ഒരു മനസ്സും ഉണ്ടായാൽ പിന്നെ വിദ്യാഭ്യാസത്തിനു മററുപകരണങ്ങൾ ഒന്നും ആവശ്യമില്ലല്ലൊ. പ്രതിവൎഷം കാളേജിൽ മഹാരാജാക്കന്മാരെഴുന്നള്ളി സമ്മാനദാനം നടത്തിവന്നതും പ്രോത്സാഹജനകമായ ഒരു സംഗതിയാ

യിരുന്നു. ഇപ്രകാരമുള്ള ഒരു പരിതസ്ഥിതിയിൽനിന്നും ഒന്നും ഗ്രഹിക്കാതെ പുറത്തുപോകുവാൻ ആൎക്കും സാധിക്കുമെന്നു തോന്നുന്നില്ല. ലേഖകനമേതെല്ലാമോ ഒക്കെയും ഗ്രഹിച്ചുകൊണ്ടാണു് പുറത്തിറങ്ങിയതു്. എങ്കിലും ലേഖകൻെറ വിദ്യാഭ്യാസത്തിൻെറ പ്രധാന ഘട്ടം ആരംഭിച്ചുവെന്നു പറയാനെ തരമുള്ളൂ

കാളേജു വിട്ടതിനുശേഷം ലേഖകൻ ഒരദ്ധ്യാപകനായിട്ടാണു് ലോകരംഗത്തിൽ പ്രവേശിച്ചതു്. മാവേലിക്കര സ്പെഷ്യൽസ്കൂളിലും പിന്നീടു ആലപ്പുഴ, കോട്ടാർ, പറവൂർ മുതലായ ഹൈസ്കൂളുകളിലും കൂടി ലേഖകൻ മുപ്പത്തിഒന്നു കൊല്ലം ജോലി വഹിച്ചിരുന്നു. ഇവിടേയും അധ്യാപകനെന്ന പേരിലാണെങ്കിലും "അധ്യേതാവെ"ന്ന നിലയിലാണു് ലേഖകൻ വൎത്തിച്ചിരുന്നതു്. അന്യന്മാരെ വിദ്യ അഭ്യസിപ്പിക്കുന്ന ചുമതലയാണു് തന്നിൽ നിക്ഷിപ്തമായിരുന്നതെങ്കിലും തൻെറ വിദ്യാഭ്യാസത്തിൽ പ്രത്യേക ജാഗരൂകനായിരുന്നു. താൻ പഠിച്ചതു പഠിപ്പിക്കയല്ല, പഠിച്ചു പഠിപ്പിക്കയാണു ചെയ്തതു്. ഉള്ളതും വച്ചുംകൊണ്ടു പഠിപ്പിക്കാൻ പുറപ്പെടുന്ന അധ്യാപകന്മാരെ വിദ്യാൎത്ഥികൾ "കുഴയാക്കുക" പതിവാണെന്നു് തനിക്കറിയാമായിരുന്നതിനാൽ ലേഖകൻ പാഠ്യപുസ്തകങ്ങൾമാത്രമല്ല അവയെ സംബന്ധിച്ചുള്ള മററുപലതും സശ്രദ്ധം വായിച്ചു വിദ്യാൎത്ഥികളുടെ അനന്യസാധാരണമായ ജിജ്ഞാസയെ തൃപ്തിപ്പെടുത്തുവാൻ ശ്രമിച്ചുവന്നു. ഏതധ്യാപകൻേറയും വിജയം ഇതിനെയാണു് ആശ്രയിച്ചിരിക്കുന്നതു്. ഭാഷയും വ്യാകരണവുമാണു് ലേഖകൻ പ്രധാനമായി പഠിപ്പിച്ചുവന്നതു്. അതിൽ അല്പം വാസനയുമുണ്ടായിരുന്നു. അതുകൊണ്ടു് ആ വിഷയത്തിൽ അസാമാന്യമായ പരിശ്രമം ചെയ്തുവന്നു. ഭാഷാതത്വം കൂടാതെ ആശയങ്ങളും ആദൎശങ്ങളും ഒട്ടധികം സംഗ്രഹിക്കയും അവസരംപോലെ ഉപദേശിക്കയും ഉപയോഗിക്കയും ചെയ്തുവന്നു. ഇന്നത്തെ ലേഖനങ്ങളിൽ വല്ല കഷണങ്ങളുമുണ്ടെങ്കിൽ ഇവതന്നെയാണു്. ഇതുകൂടാതെ സംസ്കൃതത്തിലും മലയാളത്തിലും പ്രത്യേകം പരിശ്രമിച്ചുവന്നു. അധ്യാപകവൃത്തിയിലിരുന്ന കാലത്തെല്ലാം താനാണു് അധ്യേതാക്കളെക്കാൾ അധികം പഠിച്ചിട്ടുള്ളതു്. മനുഷ്യസ്വഭാവം ഗ്രഹിക്കുന്നതിനും ലേഖകനു് സൌകൎയ്യം ലഭിച്ചു. എന്നാൽ താൻ പ്രധാനാധ്യാപകനായിരുന്നതുകൊണ്ടു് അധ്യാപനം മാത്രമല്ലായിരുന്നു തൻെറ ജോലി. സഹായാധ്യാപകന്മാരെക്കൊണ്ടു് ശരിയായി ജോലിചെയ്യിപ്പിക്കുന്നതിനും അസംഖ്യം വിദ്യാൎത്ഥികളുടെ സുശിക്ഷണത്തിനും താൻ ചുമതലപ്പെട്ടിരുന്നു. സഹായാധ്യാപകന്മാരെ ഒരു മാതിരി നയോപായംകൊണ്ടും അധ്യേതാക്കളെ സ്നേഹവാത്സല്യംകൊണ്ടും വശംവദരാക്കുകയും ഭരിക്കുകയും ചെയ്തുവന്നു. സ്കൂളിലുള്ള എല്ലാ ബാലന്മാരുടേയും ചരിത്രം ചോദിച്ചു മനസ്സിലാക്കുകയും അവരുടെ നടത്തയേയും പ

ഠിപ്പിനേയും നിയന്ത്രിക്കയും ചെയ്യുവന്നു. എല്ലാംകൊണ്ടും വിദ്യാലയം മനുഷ്യസ്നേഹത്തിൻെറ ബീജപ്രരോഹജനനിയായിരുന്നു. അന്യസ്കൂളുകളിൽ വഴക്കുണ്ടാക്കിയിട്ടുള്ള പല അധ്യാപകന്മാരേയും തൻെറ കീഴിൽ നിയമിക്കുന്നതു സാധാരണമായിരുന്നു. എന്നാൽ തൻെറ കീഴിൽ വന്നതിനു ശേഷം അവർ യാതൊരു കുസൃതിയും കാണിച്ചിട്ടില്ലെന്നു മാത്രമല്ല, മാതൃകാധ്യാപകന്മാരായും തീന്നിരുന്നു. ഇതുകൂടാതെ മേലധികാരികളോടും ഉത്തരം പറയേണ്ടതായിരുന്നു. പ്രായേണ അവരാരും ലേഖകൻെറ നേരെ പിരിയം ചുളുക്കുകപതിവില്ല. എന്നാൽ തീരെ ഇല്ലെന്നുമില്ല. ഇതു തൻെറ വിദ്യാഭ്യാസത്തിൻെറ ഒരു ദുർഘടഘട്ടമായിരുന്നു. എന്നാൽ ലേഖകൻ ഇവിടെനിന്നും പല പാഠങ്ങളും പഠിക്കാതിരുന്നില്ല. രക്ഷാകർത്താക്കന്മാരിൽനിന്നും തെററിദ്ധാരണമൂലം പലപ്പോഴും പരാതികൾ ഉണ്ടാകാറുണ്ട്. അവരേയും യഥാകേനപ്രകാരേണ തൃപ്തിപ്പെടുത്തേണ്ട ഭാരവുമുണ്ടായിരുന്നു. ആകപ്പാടെ വിദ്യാലയാധിപത്യം കേവലം ഒരു കണ്ടകശയ്യ ആയിരുന്നില്ലെങ്കിലും നിശ്ചയമായും ഒരു പുഷ്പതല്പമല്ലായിരുന്നു. മേലധികാരികൾ, സഹായാധ്യാപകന്മാർ, വിദ്യാത്ഥികൾ, രക്ഷാകർത്താക്കന്മാർ, സാമാന്യജനങ്ങൾ ഇവരോടെല്ലാം ഉത്തരംപറയേണ്ടതായി ഇതുപോലെ വേറെ വല്ല ജോലിയുമുണ്ടോ എന്നു സംശയമാണ്. ഇതിൽ സാമാന്യജനങ്ങളുടെ കാര്യമാണ് വിഷമം. ഇവർ പുറപ്പെടുവിക്കുന്ന അഭിപ്രായങ്ങൾക്കും കല്പിക്കുന്ന വിധികൾക്കും അടിസ്ഥാനം വേണമെന്നു വച്ചിട്ടില്ല. ഇതു് അവരുടെ സ്വാതന്ത്ര്യാവകാശങ്ങളിൽ ഒന്നാണത്രെ. ഇവക്കാരോടും ഉത്തരവാദിത്വമില്ലാത്തതുകൊണ്ട് ഇവരെ തൃപ്തിപ്പെടുത്തുന്ന കാര്യമാണ് പ്രയാസം. ക്ഷമ, ശാന്തി, സാമം, മൌനം മുതലായവയുടെ സഹായംകൊണ്ട് ഈ വൈതരണിയേയും ഒരുവിധം കടന്നു എന്നു പറയാം. ഇതാക്കും ഒരു ആത്മസംയമനത്തേപ്പേണയുള്ള വിദ്യാഭ്യാസം നൽകാതിരിക്കയില്ല. ലേഖകൻ വിവിക്തദേശവിയും യഥവാക്കായ മാനനനമായിരുന്നതിനാൽ അധികം സ്നേഹിതന്മാരുണ്ടായിരുന്നില്ല. എന്നാൽ ഉള്ളവർ അവരുടെ സൽസ്വഭാവത്തിൻവേണ്ടി വരിക്കപ്പെട്ടവരായിരുന്നു. മററു പലതരം ആളുകളുമായി ഇടപെടേണ്ടി വന്നിരുന്നു എങ്കിലും ലേഖകൻെറ സ്വഭാവം ഇക്കാലംകൊണ്ട് ഒരുവിധം ഉറച്ചിരുന്നതിനാലും അനുകരണസ്വഭാവം ഇല്ലാതിരുന്നതിനാലും അതൊന്നും ബാധകമായി ഭവിച്ചില്ല. ഈ ഘട്ടത്തിലും ജ്ഞാനസമ്പാദനത്തിനുള്ള അവസരം ലേഖകൻ വൃഥാ കളഞ്ഞില്ല. പ്രകൃതിലോകം മനുഷ്യലോകം ഇവയുടെ നിരീക്ഷണം, പുസ്തകപത്രപാരായണം, ചിന്തനം, അധ്യാപനം മുതലായവ വഴിക്കു ലേഖകൻ തൻെറ കൃശമായ ജ്ഞാനഭണ്ഡാഗാരത്തെ അല്പാല്പമായി വദ്ധിപ്പിച്ചുകൊണ്ടിരുന്നു. കുടുംബഭരണവും ഇതിനിടക്കു വഹിക്കേണ്ടതായിരുന്നു. എന്നാൽ അതിന് വി

ദ്യാഭ്യാസവശം കുറഞ്ഞിരുന്നതിനാൽ ഇവിടെ വിസ്തരിക്കണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ഇവിടെനിന്നും ഒന്നും പഠിക്കാതിരുന്നില്ല. നാടു ഭരിക്കാം വീടുഭരിക്കാൻ പ്രയാസമാണ് എന്നുള്ള ലോകോക്തിയുടെ വാസ്തവം പ്രത്യക്ഷമായി ഗ്രഹിച്ചു. ഒരു വിദ്യാലയം ഭരിച്ച ആൾക്കു ഇതത്ര ദുഷ്കരമല്ലെന്നു ഏറക്കുറെ മനസ്സിലായി. എന്നല്ല ജീവിതത്തിൻെറ വിവിധസരണികളിലും തുറന്ന കണ്ണോടുകൂടിയ മനുഷ്യന്നു വിദ്യാഭ്യാസത്തിനു ധാരാളം സൌകര്യമുണ്ട്. ജീവിതം മുഴുവനും വിദ്യാഭ്യാസകാലംതന്നെയാണ്. എന്നാൽ എത്രയോ ഃപർ അതിനെ പലവിധത്തിൽ വ്യർത്ഥമാക്കുകയും, ദുരുപയോഗപ്പെടുത്തുകയുംചെയ്യുന്നു. വിദ്യാഭ്യാസമെന്നതു ഇതരജന്തുക്കൾക്കു അനുവദിച്ചിട്ടില്ലാത്ത ഒരു സൌജന്യമാണ്, എന്നാൽ ഈ പരമാർത്ഥം നമ്മിൽ അധികംപേരും ഇതേവരെ ഗ്രഹിച്ചിട്ടുണ്ടോ എന്നു നമ്മുടെ പ്രവൃത്തിയിൽനിന്നും സംശയിക്കേണ്ടിയിരിക്കുന്നു. ലേഖകൻ ഒന്നുരണ്ടു കൊല്ലം വിദ്യാലയപരിശോധകസ്ഥാനവും വഹിച്ചിരുന്നു. ഇക്കാലത്തും താൻ ഒരു വിദ്യാർത്ഥിയായിത്തന്നെ വർത്തിച്ചിരുന്നു. മനുഷ്യസ്വഭാവത്തിൻെറ വിവിധത്വം നോക്കി ഗ്രഹിക്കുന്നതിനുള്ള യാതൊരവസരവും ഉപേക്ഷിച്ചുകളഞ്ഞില്ല. അനേകം ആളുകളുമായി ഇടപെടേണ്ടിയിരുന്നതിനാൽ തൻെറ സ്വഭാവത്തിൻെറ പരുഷഭാഗത്തെ പരോപദ്രവം തട്ടാതിരിക്കത്തക്കവണ്ണം കഴിയുന്നതും ഉരച്ചു നിരപ്പാക്കുവാൻ ശ്രമിക്കാതിരുന്നില്ല. ഇനിയും നിരപ്പാക്കുവാൻ പല ഭാഗങ്ങളും ഉണ്ടെന്നുള്ള ബോധവുമുണ്ടു. ഈ ജോലി നിമിത്തം രാജ്യമൊട്ടുക്കു സഞ്ചരിക്കുന്നതിനും അനേകം മഹാന്മാരുമായിട്ടു പരിചയപ്പെടുന്നതിനും പലതും ഗ്രഹിക്കുന്നതിനും ലേഖകനു സൌകര്യമുണ്ടായി. ഇതൊക്കെയും കഴിഞ്ഞു ലേഖകൻ പ്രാവ്യർ കുംഭത്തോടുകൂടി സർക്കാർജോലിയിൽനിന്നും വിരമിച്ചു. ഇതിനിടയ്ക്കും പല വിപത്തുകളും അവയുടെ വീതം ആത്മീയവിദ്യാഭ്യാസവും പാഠങ്ങളും ലേഖകനു നല്കാതിരുന്നില്ല. എന്നാൽ ലേഖകൻ പിന്നേയും വിദ്യാഭ്യാസവിഷയത്തിൽനിന്നും പിരിഞ്ഞില്ല. അന്നും ഇന്നും വിദ്യാർത്ഥിതന്നെ. പക്ഷെ ഇന്നു വൃദ്ധവിദ്യാർത്ഥിയാണെന്നു മാത്രമെയുള്ളു. അധ്യാപനം കഴിഞ്ഞു വീണ്ടും അധ്യയനം തുടങ്ങിയിരിക്കയാണ്. ഇതാണു ഒടുവിലത്തെ വിദ്യാഭ്യാസഘട്ടം. ഉദ്യോഗത്തിൽനിന്നും പിരിഞ്ഞിട്ടു ഇപ്പോൾ ഇരുപതു കൊല്ലം കഴിഞ്ഞിരിക്കുന്നു. ഈ കാലം വിശ്രമത്തിനായി ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതാണെങ്കിലും അധികവും ശ്രമത്തിലാണ് വിനിയോഗിക്കപ്പെട്ടിരിക്കുന്നതു്. അല്പം ഫലവത്തായ വിദ്യാഭ്യാസവും ഇക്കാലത്താണ് ലേഖകനു സിദ്ധിച്ചിട്ടുള്ളതെന്നു തോന്നുന്നു. ഇപ്പോഴത്തെ സ്ഥിതി അഭിനയം കഴിഞ്ഞു രംഗം വിട്ടതുപോലെയായിരുന്നു. ലോകദൃഷ്ടിയിൽ നിന്നും അല്പം മറഞ്ഞു; ഉദ്യോഗജീവിതത്തിനു സഹജങ്ങളായ വ്യാകുലതകളും ശല്യങ്ങളും അല്പം കുറഞ്ഞു;

വാർദ്ധക്യവും ആസന്നമായി; പരാധീനതയിൽ നിന്നും മോചിക്കപ്പെട്ടു; സ്വന്തകാര്യങ്ങളിൽക്കൂടി ശ്രദ്ധിക്കുവാൻ അവസരം കിട്ടി; കൃത്രിമജീവിതം അവസാനിച്ചു; വിവിക്തദേശസേവനത്തിനു പൂർവാധികം സൌകര്യം സിദ്ധിച്ചു; ചരരാശിയിൽ നിന്നും സ്ഥിരരാശിയിലെത്തി; ഇതേവരെ ഏറക്കുറെ ബഹിർമ്മുഖമായിരുന്ന മനസ്സ് അന്തർമ്മുഖമായി ഭവിച്ചു; യഥാർത്ഥവിദ്യാഭ്യാസത്തിനുള്ള സൌകര്യങ്ങൾ എല്ലാം ഉണ്ടായി. എന്നാൽ മുമ്പു കഴിഞ്ഞ ഘട്ടങ്ങളിലെ എന്നപോലെ ഇവിടേയും വിപത്തു ഇല്ലാതിരുന്നില്ല. അതും ഒരുതരം ഗുരുതരമായ വിദ്യാഭ്യാസം തന്നെയായിരുന്നു. ജീവിതത്തെ അതിന്റെ അലങ്കാരാവരണങ്ങളെ നിശ്ശേഷം മാററി നഗ്നരൂപത്തിൽ പ്രത്യക്ഷപ്പെടുത്തി. ചുരുക്കത്തിൽ നാം "മനുഷ്യരാ"ണെന്നു നമ്മെ ബോധപ്പെടുത്തുന്നതു വിപത്തുതന്നെയാണ്. ഉദ്യോഗത്തിൽ നിന്നും വിരമിച്ചതിന്റെ ശേഷം തന്റെ കുട്ടികളുടെ വിദ്യാഭ്യാസത്തിലും തന്റെ ജ്ഞാനാഭിവർദ്ധനയിലും ഉതകുന്ന എല്ലാ വിഷയങ്ങളിലും സ്വമനോനിയമനത്തിലും ശ്രദ്ധാപൂർവം പ്രവർത്തിച്ചുവന്നു. പതിനെട്ടു വർഷത്തെ വിദ്യാഭ്യാസംകൊണ്ടും മുപ്പതുവർഷത്തെ അധ്യാപനം കൊണ്ടും ലഭിക്കാത്ത പല ഗുണങ്ങളും ഈ ഇരുപതുവർഷത്തെ അനുദ്യോഗജീവിതം ലേഖകനു നൽകി എന്നു നിസ്സംശയം പറയാം. "തന്നെ താനറിയുക" എന്നുള്ള അപൂർവ്വവും വിശിഷ്ടവുമായ പാഠം ഇക്കാലത്താണ് പഠിക്കാൻ സൌകര്യം ലഭിച്ചതു്. ഭാഷാസാഹിത്യത്തിലേക്കു കണ്ണു തിരിച്ചതും ഇക്കാലത്താണ്. പുസ്തകങ്ങൾ സശ്രദ്ധം വായിക്കുകയും, അതിന്റെ ഫലം ലേഖനരൂപത്തിലും മററും പ്രകാശിപ്പിക്കുകയും, തന്നെ അഭിമുഖീകരിക്കുന്ന വിവിധവിഷയങ്ങളെപ്പററി ചിന്തിക്കുകയും, ആ ചിന്തകളെ രേഖപ്പെടുത്തുകയും, വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിലുത്സാഹിക്കുകയും, വിദ്യാർത്ഥികളെ അല്പമായി, സഹായിക്കുകയും, അധ്യാപകന്മാരോട് അനുകമ്പാപൂർവം പെരുമാറുകയും, പലവിധത്തിൽ അവരെ പ്രോത്സാഹിപ്പിക്കുകയും അവരുടെ ഉൽക്കർഷത്തിനു വേണ്ട ഉപദേശങ്ങൾ നൽകുകയും, ഒരു പത്രം, ഒരു മാസിക ഇവയുടെ പത്രാധിപത്യം വഹിക്കുകയും, ഒരു ചെറിയ കുടുംബത്തെ വഴിതെററാതെ പരിപാലിക്കുകയും, പരോപദ്രവം ചെയ്യാതെ ഒതുങ്ങിയ വിധം ജീവിക്കുകയും, ചുരുക്കം ചില സുഹൃത്തുക്കളോടുകൂടി പരോപകാരം ആദർശമായി സ്വീകരിച്ചു പ്രവർത്തിക്കുകയും, ഭോഗത്തിൽ അല്പം വിരക്തിയോടും ത്യാഗത്തിൽ ശ്രവണബുദ്ധിയോടും ശാന്തിയെ കാമസുരഭിയായി അവലംബിച്ചും പ്രശാന്തമായ ആത്മീയചിന്തയോടുംകൂടി ജീവിതം ഒരുവിധം നയിച്ചുപോരുന്നു. ലേഖകന്റെ ജീവിതം വിദ്യാഭ്യാസപരമായിരുന്നുവെങ്കിലും അതിനുള്ള സൌകര്യങ്ങൾ എല്ലാം ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ലെന്നു പറയാതെ തരമില്ല. കളരിയിലും പള്ളിക്കൂടത്തിലും കാളേജിലും പിന്നീട് അധ്യാപ

കൻ എന്ന നിലയിൽ വിദ്യാലയങ്ങളിലും മനുഷ്യൻ എന്ന നിലയിൽ ലോകമദ്ധ്യത്തിലും ഗൃഹത്തിലും വെളിയിലും നിറഞ്ഞ സദസ്സിലും ഒഴിഞ്ഞ മൂലയിലും ബാല്യത്തിലും യൌവ്വനത്തിലും മദ്ധ്യപ്രായത്തിലും വാൎദ്ധക്യത്തിലും പലപല സ്ഥലങ്ങളിലും വിപത്തിലും സമ്പത്തിലും വിവിധ അവസ്ഥകളിലും സഞ്ചാരത്തിലും സ്ഥിരവാസത്തിലും ജ്ഞാനസമ്പാദനത്തിനും സ്വഭാവസംസ്കരണത്തിനും ജീവിതനിയമനത്തിനും സംഖ്യാതീതങ്ങളായ അവസരങ്ങൾ നേരിട്ടിരുന്നുവെങ്കിലും പരാധീനത നിമിത്തം അവയിൽ എത്രയോ തുച്ഛമായ ഒരുഭാഗം മാത്രമെ ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടുള്ളു എന്നു വ്യസനിക്കുന്നു. അവയിൽ ഭൂരിഭാഗവും ജ്ഞാനേന്ദ്രിയങ്ങളെ സ്പൎശിക്കാതേയും മനസ്സിൽ പ്രവേശിക്കാതേയും ചിന്താവിഷയമാകാതേയും സ്വാത്മാംശമായി ഭവിക്കാതേയും പ്രവൃത്തിയിൽ പരിണമിക്കാതേയും വിഫലമായിപ്പോയതേയുള്ളു. മനുഷ്യബുദ്ധിയെ പലവഴിക്കും ആകൎഷിക്കുന്ന പലവിധ ശക്തികളേക്കൊണ്ടു ലോകം നിറഞ്ഞിരിക്കുന്നതിനാൽ ഏകാഗ്രബുദ്ധിയോടുകൂടി വൎത്തിക്കുന്നതു് യോഗികൾക്കുമാത്രമേ അല്ലാതെ സാധാരണക്കാൎക്കു സാദ്ധ്യമല്ല. കിട്ടിയതു ലാഭമെന്നേ വിചാരിക്കുവാനുള്ളു. ഒരു രാജാവു് തനിക്കിനി ജയിക്കുവാൻ ഭൂമിയില്ലെന്നു വ്യസനിച്ചുപോലും. അനന്തമായ വിജ്ഞാനഭൂമിയെ അദ്ദേഹം ജയിക്കാൻ നോക്കിയിരുന്നുവെങ്കിൽ ഇങ്ങനെ ഒരിക്കലും വ്യസനിക്കയില്ലായിരുന്നു.

# ചാരുദത്തൻ.

ഒരു നിരൂപണം

(കെ. ശങ്കരപ്പിള്ള ബി. എ.)

ശൂദ്രകകൃതിയായ 'മൃച്ഛകടികം' എന്ന പ്രകരണത്തെ ആശ്രയിച്ച് പ്രൊഫസർ രാജരാജവൎമ്മതിരുമനസ്സിൽനിന്നു ഭാഷാന്തരപ്പെടുത്തി രചിച്ചിട്ടുള്ള ഒരു നാടകമാകുന്നു പ്രസ്തുത കൃതി. അദ്ദേഹത്തിന്റെ ഭാഷാന്തരസമ്പ്രദായം എത്തരത്തിലുള്ളതാണെന്നും മറ്റുമുള്ള സംഗതികൾ, തൽകൃതിയ്ക്കുള്ള മുഖവുരയിൽ വിസ്തരിച്ച് പറഞ്ഞുകാണുന്നു. നാലങ്കം മാത്രമുള്ള ഭാസകൃതിയായ "ചാരുദത്തം" നാടകത്തെ പുതുതായി ആറങ്കങ്ങൾ കൂട്ടിച്ചേൎത്തു ആകെയൊന്നു പരിഷ്കരിച്ചുണ്ടാക്കിയതാണു് മൃച്ഛകടികം, എ

ന്നു അതിൽ വിവരിച്ചിട്ടുണ്ടല്ലൊ. മൃച്ഛകടികം, ഒരു "പ്രകരണ"വും ചാരുദത്തൻ, ഒരു "നാടക"വും ആകുന്നു. പ്രകരണവും നാടകവും തമ്മിൽ കാര്യ്യവശാൽ വലിയവ്യത്യാസമൊന്നുമില്ലാത്തതിനാൽ പരിഭാഷകൻ, തന്റെ കൃതിക്കു നാടകമെന്നു തന്നെ പേർ കൊടുത്തിട്ടുള്ളതാണ്. പ്രകരണത്തിനു പാടില്ലെന്നു വിധിച്ചിട്ടുള്ള പൂർവ്വരംഗപ്രയോഗം, ഭാഷാന്തരകൃതിയിൽ രണ്ടാം അങ്കത്തിന്റെ മുമ്പിലുള്ള വിഷ്കംഭമായ് ചേർത്തുകാണുന്നതിനാൽ, ഈ കൃതിക്കു നാടകനാമധേയംതന്നെയാണ് യോജിച്ചതെന്ന് വേണമെങ്കിൽ സമർത്ഥിക്കാമെന്നേയുള്ളു.

"മൃച്ഛകടികം" ഉണ്ടായ കാലഘട്ടം കഴിഞ്ഞിട്ടാണ് സംസ്കൃതഭാഷയിൽ നാടകങ്ങൾക്കുംമററും ശാസ്ത്രരീത്യാ ലക്ഷണങ്ങൾ നിർണ്ണയിക്കയുണ്ടായത്. അതിനാൽ പ്രകരണലക്ഷണങ്ങളായ് പറഞ്ഞുകാണുന്നവ, ഏറെക്കുറേ മൃച്ഛകടികത്തിനുള്ള പ്രത്യേകതകളേതന്നെയാകുന്നു. അവയെ താഴെ കുറിക്കുന്നു. ൧. ഇതിവൃത്തം, സ്വകപോലകല്പിതവും ലോകസംശ്രയവും (പല വർഗ്ഗത്തിൽപെട്ട ആളുകളോടു കൂടിയതു) ആയിരിക്കണം. ബ്രാഹ്മണർ, വൈശ്യർ, വൈശ്യാംഗനമാർ, കള്ളന്മാർ, ചൂതാടികൾ, രാജബന്ധുക്കൾ, ഭരണാധികാരികൾ, ചണ്ഡാലന്മാർ, ഇവരെല്ലാം "ചാരുദത്ത"നിൽ ഭാഗഭാക്കുകളാണല്ലൊ. ൨. നായകൻ; മന്ത്രിയോ, ബ്രാഹ്മണനോ, കച്ചവടക്കാരനൊ ആയിരിക്കണം. പ്രകരണത്തിലെ നായകൻ വളരെ കഷ്ടാരിഷ്ടങ്ങൾ അനുഭവിച്ചേ തീരു. എന്നാൽ അതേ സമയത്തു അയാൾ ധീരപ്രശാന്തനും ധർമ്മകാമാർത്ഥതല്പരനുംകൂടി ആയിരിക്കണം. ചാരുദത്തൻ, ബ്രാഹ്മണനായ ഒരു കച്ചവടക്കാരനും മുൻചൊന്ന മററു ഗുണങ്ങൾ തികഞ്ഞയാളും ആണല്ലൊ. ൩. പ്രകരണത്തിലെ നായിക, കുലസ്ത്രീയൊ വേശ്യാംഗനയോ ആയിക്കൊള്ളാം. ചാരുദത്തനിലെപ്പോലെ ഒരു നായിക കുലസ്ത്രീയും, മറെറാരു നായിക ഗണികയും. - ഇങ്ങിനെ രണ്ടു തരത്തിലുള്ള നായികമാർ.- ഒരു പ്രകരണത്തിനുള്ളിൽ പാടില്ലാഴികയില്ല. എന്നാൽ രണ്ടു നായികമാരും ഒരേസമയത്തു രംഗപ്രവേശം ചെയ്യരുതെന്നാണ് ആലങ്കാരികവിധി. കുലസ്ത്രീമാത്രം നായികയായിട്ടുള്ളതിനു "ശുദ്ധ"മെന്നും വേശ്യാസ്ത്രീമാത്രം നായികയായുള്ളതിന് "വികൃത"മെന്നും രണ്ടുംകൂടിയുള്ളതിന് "സങ്കീർണ്ണ"മെന്നും പ്രകരണത്തിനു മൂന്നുതരം അവാന്തരവിഭാഗങ്ങളുണ്ട്. "ധൂത"യെന്ന കുലസ്ത്രീയും വസന്തസേനയെന്ന ഗണികയും നായികാസ്ഥാനത്തുള്ള പ്രസ്തുത നാടകം, ലക്ഷണാനുസരണം ഒരു "സങ്കീർണ്ണപ്രകരണ"മാണ്.

അങ്കാതിരിച്ച്, ചാരുദത്തനിലെ കഥാസംക്ഷേപം, താഴെ വിവരിക്കുന്നു ഒരുദിവസം സായാഹ്നത്തിൽ, ചാരുദത്തൻ ഉജ്ജയിനിയിലെ തന്റെ ജീർണ്ണിച്ചുതുടങ്ങിയ ഗൃഹത്തിലിരുന്നു വിദൂഷകനേയും പരിചാരിക

യേയും ഗൃഹത്തിന്ന പുറമെ പറഞ്ഞയച്ച ബലിപൂജകൾ ചെയ്യിക്കയായിരുന്നു. ആ സമയത്ത് രാജസ്യാലനായ സ്ഥാവരകൻ ഒരു വിടൻെറ സഹായത്തോടുകൂടി ഉജ്ജയിനിയിലെ പ്രസിദ്ധഗണികയായ വസന്തസേനയെ ദുരുദ്ദേശത്തിന്മേൽ ആ തെരുവീഥിയിലിട്ടോടിച്ചു. വസന്തസേന പരിഭ്രമിച്ചു ചാരുദത്തഗൃഹത്തിന്നുള്ളിൽ കയറി അഭയം പ്രാപിച്ചു. കുറച്ചുനാൾ മുമ്പ്, പൂരംസംബന്ധിച്ചുള്ള ഉത്സവത്തിൽ കണ്ടതു മുതല്ക്കു തമ്മിൽ സ്നേഹം തോന്നിത്തുടങ്ങിയ ചാരുദത്തനെ, തൻെറ ആഭരണങ്ങൾ സൂക്ഷിച്ചുകൊള്ളുവാനേല്പിച്ചിട്ട് വസന്തസേന ചാരുദത്തസംരക്ഷണയിൽ സ്വഗൃഹത്തിലേക്കു മടങ്ങി. (൧-ാം അങ്കം.) മുമ്പു ചാരുദത്തൻെറ തിരുമ്മുകാരനായിരുന്ന് ഇപ്പോൾ ചൂതുകളിക്കാരനായിത്തീൎന്നിരിക്കുന്ന "സംവാഹകൻ," ചൂതിൽ തോററു നഷ്ടപ്പെട്ട പണം കൊടുക്കാനില്ലാഴികയാൽ, മററു ചൂതാടികളാൽ തുരത്തപ്പെട്ടിട്ട് ഒടുവിൽ വസന്തസേനയോടു ധനം യാചിക്കയും, അവർ, ഈയാളിൻെറ ചാരുദത്തപ്രസംഗം കേട്ട് സന്തുഷ്ടയായ് സംവാഹകനെ അനൃണനാക്കി വിടുകയും ചെയ്തു. സംവാഹകനാകട്ടെ, ചൂതാട്ടം മതിയാക്കി പെട്ടെന്ന് ഒരു ബുദ്ധസന്യാസിയായിത്തീൎന്നു. അയാളുടെ പുതിയ കാഷായവസ്ത്രം കണ്ടു വസന്തസേനയുടെ ആന, വല്ലാതെ വെരുണ്ട് സംവാഹകസന്യാസിയെ ഉപദ്രവിക്കാൻ ഭാവിച്ചപ്പോൾ ആനക്കാരനായ കൎണ്ണപൂരകൻ, തക്കസമയത്തു ആനയെ തടുത്തു അയാളെ രക്ഷിച്ചു. വഴിയെ പൊയ്ക്കൊണ്ടിരുന്ന ചാരുദത്തൻ ഇതു കണ്ട് നില്ക്കയായിരുന്നു. സംവാഹകൻെറ ജീവരക്ഷചെയ്ത കൎണ്ണപൂരകനു, ചാരുദത്തൻ സന്തോഷിച്ച് തൻെറ ഉത്തരീയം സമ്മാനിച്ചു. (ആ ഉത്തരീയം തലേന്ന് ഒരു ബ്രാഹ്മണൻ ചാരുദത്തൻെറ ദാരിദ്ര്യം കണ്ട് ദയാപുരസ്സരം കൊടുത്തയച്ചതായിരുന്നു) കൎണ്ണപൂരകനിൽ നിന്നും വസന്തസേന ആ ഉത്തരീയം വാങ്ങി സൂക്ഷിച്ച് അയാൾക്കു അതിന്നുപകരം വീരശൃംഖല കൊടുക്കയുണ്ടായി. (൨-ാം അങ്കം) വസന്തസേനയുടെ ഒരു പരിചാരികയായ മദനികയെ അടിമത്തത്തിൽ നിന്നും വിടുർത്തി വിവാഹംചെയ്യുവാൻ എററിടുന്നെങ്കിലും കുറെ ധനം മോഷ്ടിച്ചുണ്ടാക്കണമെന്ന് കരുതി ഇറങ്ങിയിരിക്കുന്ന ശൎവ്വിലകൻ ആ രാത്രിയിൽ ചാരുദത്തൻെറ ഗൃഹത്തിന്നുള്ളിൽ പ്രവേശിച്ച് അവിടെ കിടന്നുറങ്ങിക്കൊണ്ടിരുന്ന വിദൂഷകൻെറ പക്കൽനിന്നും വസന്തസേനയുടെ ആഭരണപ്പൊതി തട്ടിക്കൊണ്ടു പോകുന്നു. വേശ്യയുടെ ആഭരണം കൈമോശം വന്നുപോയ വിവരം അറിഞ്ഞു ചാരുദത്തൻെറ ധൎമ്മപത്നിയായ ധൂത, അവരുടെ സ്വന്തം "രത്നാവലി" എന്ന മാല, പകരം വേശ്യയെ ഏല്പിക്കാൻ വിദൂഷകൻെറ പക്കൽ കൊടുത്തു. ചാരുദത്തൻ അതിൻവണ്ണം രത്നാവലി, വസന്തസേനയെ ഏല്പിക്കാൻ വിദൂഷകനെ അതുംകൊടുത്ത് വേശ്യാവാടത്തിലേക്കയക്കയും ചെയ്തു. (൩-ാമങ്കം) ഇത

നിടയ്ക്കു സ്ഥാവരകൻ, ദിനംപ്രതിയെന്നപോലെ വസന്തസേനയ്ക്കു വളരെ സമ്മാനങ്ങൾ കൊടുത്തയച്ചും മററും അവളെ വശത്തുവരുത്തുവാൻ ശ്രമിക്കയും, അവൾ അവയെല്ലാം ധിക്കരിക്കയും പതിവായിരുന്നു. ചാരുദത്തൻെറ ഗൃഹത്തിൽ നിന്നു മോഷ്ടിച്ചു കിട്ടിയ ആഭരണവും കൊണ്ട് ശവ്വിലകൻ, മദനികയുടെ അടുത്തുവന്നു ആഭരണം കാഴ്ചവെച്ചു. ആയതു തൻെറ സ്വാമിനിയുടെ വകയെന്നറിഞ്ഞ മാത്രയിൽ, ആഭരണങ്ങൾ വസന്തസേനയെ ഏൾപ്പിക്കാൻ മദനിക, ശവ്വിലകനെ നായികാസന്നിധിയിലേക്കു തന്നെ അയച്ചു. ഇവരുടെ സംഭാഷണം ഒളിവിൽ നിന്നു കേട്ട് വാസ്തവം ഗ്രഹിച്ചിരുന്ന വസന്തസേന, സന്തോഷിച്ച് മദനികയെ അടിമത്തത്തിൽ നിന്നു വേർപെടുത്തി, ശവ്വിലകനു വിവാഹം ചെയ്തുകൊള്ളുവാൻ അനുവദിച്ചു. അപ്പോഴെക്കും ചാരുദത്തൻ കൊടുത്തയച്ച രത്നാവലിയും കൊണ്ടു വിദൂഷകൻ വസന്തസേനയുടെ മുമ്പിലെത്തി. വസന്തസേന രത്നാവലി വാങ്ങിക്കൊണ്ട് ഇന്നു രാത്രിയിൽ തന്നെ ചാരുദത്തഗൃഹത്തിൽ താൻ ചെല്ലുന്നുണ്ടെന്നുള്ള വിവരം പറഞ്ഞ് വിദൂഷകനെ യാത്രയാക്കി. (നാലാമങ്കം) അന്നു രാത്രി വലിയ മഴയും ഇരുട്ടുമുണ്ടായിരുന്നിട്ടും വസന്തസേന, വിദൂഷകനോട് മുമ്പു പറഞ്ഞയച്ച പ്രകാരം ചാരുദത്തഗൃഹത്തിലേക്കു പോയി. ആ രാത്രി മുഴവൻ അവൾ അവിടെത്തന്നെ കഴിച്ചുകൂട്ടി. (അഞ്ചാമങ്കം) പിറേറദിവസം പ്രഭാതത്തിൽ വസന്തസേനയെ വണ്ടിയിൽ പുഷ്പകരണ്ഡകോദ്യാനത്തിലേക്കു കൊണ്ടുവരാൻ ചാരുദത്തൻ തൻെറ പരിചാരകനായ വദ്ധമാനകനോടു ഏപ്പാടുചെയ്തിട്ട്, അയാൾ വിദൂഷകനോടൊന്നിച്ചു നേരത്തെ ഉദ്യാനത്തിലേക്കു തിരിച്ചു. വസന്തസേന, ചാരുദത്തൻെറ ഈ ചട്ടംകെട്ടറിഞ്ഞ് ഉദ്യാനത്തിലേക്കു പുറപ്പെടാൻ ഭാവിച്ചപ്പോൾ വീട്ടിനുള്ളിൽ ചാരുദത്തൻെറ പുത്രനായ രോഹസേനൻ, കളിക്കാൻ പൊൻവണ്ടി വേണമെന്നും പറഞ്ഞു കരയുന്നതുകണ്ടു. ദരിദ്രചാരുദത്തഗൃഹത്തിൽ ഉണ്ടായിരുന്ന മണ്ണുവണ്ടിക്കു പകരം പൊന്നുവണ്ടി പണിയിച്ച് കുഞ്ഞിനു കളിക്കാൻ കൊടുക്കുന്നതിലേക്കായി, വസന്തസേന ആഭരണമഴിച്ച് അവിടെ ഏൾപ്പിച്ചു. അപ്പോഴെയ്ക്കും വസന്തസേനക്കു ഉദ്യാനത്തിലേക്കു പോകാനുള്ള വണ്ടിയും പടിക്കൽ വന്നുചേൎന്നു. പക്ഷെ, വസന്തസേനയ്ക്കു പുതിയ ആഭരണങ്ങൾ അണിയേണ്ടിയിരുന്നതിനാൽ ഇതിനുവേണ്ടി സ്വല്പം താമസം പിന്നേയും വേണ്ടിവന്നു. ഈ അവസരം കണ്ട് വണ്ടിക്കാരൻ, വണ്ടിക്കകം മെത്തയും മററുമിട്ട് മോടിപിടിപ്പിച്ചു കൊണ്ടുവരാൻ വണ്ടി തിരിച്ചു ഷെഡ്ഡിലേക്കു കൊണ്ടുപോയി. അപ്പോഴേക്കും ആ സ്ഥാനത്തു സംസ്ഥാനകൻെറ വണ്ടി സ്ഥാവരകനെന്ന വണ്ടിക്കാരൻ കൊണ്ടുവന്ന് നിറുത്താനിടയായി. സ്ഥാവരകൻ മററു ഭാരവണ്ടിക്കാരെ സഹായിക്കാൻ പോയിരിക്കുന്ന ഗഡുവിൽ വസന്തസേന, വാതുക്കൽ നില്ക്കുന്ന താ

യി കണ്ട ഈ വണ്ടിയിൽ വന്നു കയറി. ആൾ കയറിയ വിവരം അറിയാതെ, സ്ഥാവരകൻ മടങ്ങിവന്നു വണ്ടി അടിച്ച്, നേരെ പുഷ്പകരണ്ഡകോദ്യാനത്തിലേക്കു തിരിച്ചു. ഉടനെതന്നെ, മെത്തയിട്ടു കൊണ്ടുവരാൻ മുമ്പേ ഷെഡ്ഡിലേക്കു പോയിരുന്ന വണ്ടിയും അവിടെ തിര്യെ വന്നുചേൎന്നു. അതിൽ ചങ്ങലയോടുകൂടിയ ആൎയ്യകൻ കയറി, (ഈ ആൎയ്യകൻ, ശൎവ്വിലകന്റെ സഹായത്താൽ കാരാഗൃഹത്തിൽ നിന്നും മോചനം കിട്ടി വന്നിരിക്കുന്നവനും അപ്പോഴത്തെ നാടുവാഴിയായ പാലകന്റെ ശത്രുവും ആയിരുന്നു. അയാൾ, മററു രക്ഷാമാൎഗ്ഗം കിട്ടാഴികയാൽ ഈ വണ്ടിയിൽ വന്നു പരിഭ്രമിച്ചു കയറിയതാണ്.) വൎദ്ധമാനകനാകട്ടെ, വണ്ടിയിൽ വന്നു കയറിയ ആൾ ഇന്നാരാണെന്നു സൂക്ഷിക്കാതെ, വണ്ടി ഓടിച്ചു നേരെ ഉദ്യാനത്തിലേക്കു പോകുന്നു. (ആറാമങ്കം) ഉദ്യാനത്തിൽ കാത്തിരുന്ന ചാരുദത്തൻ വസന്തസേനയ്ക്കു പകരം ആൎയ്യകനെ കണ്ടു അത്ഭുതപ്പെട്ട് അദ്ദേഹത്തെ ആ വണ്ടിയിൽതന്നെ എവിടെയെങ്കിലും പോയി രക്ഷപെട്ടുകൊള്ളുവാൻ അനുവദിച്ചിട്ട് തിര്യെ സ്വഗൃഹത്തിലേക്കു വിദൂഷകനോടുകൂടി യാത്രയായി. (ഏഴാമങ്കം) ഇതു കഴിഞ്ഞാണ് ടി. ഉദ്യാനത്തിൽ സ്ഥാവരകൻ വണ്ടിയും കൊണ്ടെത്തുന്നത്. വണ്ടിക്കുള്ളിൽനിന്നും വസന്തസേനയെ പിടിച്ചിറക്കിപ്പഴയപടി സൈ്വരസല്ലാപത്തിനു സംസ്ഥാനകൻ ആരംഭിച്ചു. അവൾ അപ്പോഴും പതിവുപോലെ ധിക്കരിച്ചതു കണ്ടു് കയൎത്തു സംസ്ഥാനകൻ, കൂടെയുണ്ടായിരുന്ന വിടനേയും വണ്ടിക്കാരനേയും സമ്പ്രദായത്തിൽ ദൂരെയാക്കിയിട്ട് വസന്തസേനയെ കഴുത്തിനുപിടിച്ചു ഞെക്കിത്താഴെ വീഴ്ത്തുന്നു. തന്റെ ഈ ദണ്ഡനമേററു വസന്തസേന മരിച്ചുപോയെന്നു കരുതി, സംസ്ഥാനകൻ അവളുടെ പുറത്തു് കരിയിലയിട്ടു മൂടി സംഭ്രമത്തോടുകൂടി അവിടംവിട്ടോടിക്കളഞ്ഞു. ദൈവാനുഗ്രഹം കൊണ്ടു് (ബുദ്ധസന്യാസിയായ) പഴയ സംവാഹകൻ, അതിലെ കടന്നുപോകാനിടയായപ്പോൾ ഈ കരിയിലക്കുന്ന് ഇളകുന്നതായിക്കണ്ട് വസന്തസേനയെ രക്ഷിച്ചുകൊണ്ടു പോയി അടുത്തുള്ള സംഘാരാമത്തിൽ താമസിപ്പിച്ചു. (എട്ടാമങ്കം) സംസ്ഥാനകൻ, വസന്തസേന മരിച്ചുവെന്നുറപ്പായി വിശ്വസിച്ചുകൊണ്ടു് ഈ കൊലയ്ക്കു കാരണക്കാരൻ ചാരുദത്തനാണെന്നു സ്ഥാപിച്ചുകിട്ടുവാൻ വേണ്ടി, അധികാരത്തിൽ അന്യായം ബോധിപ്പിച്ചു. നീതിന്യായാധിപന്മാരുടെ കേസുവിചാരണയിൽ ചുററുമുള്ള സംഗതികളാൽ ചാരുദത്തനെ വരുത്തി സംശയിച്ചുകൊണ്ടു നില്ക്കെ, അവിടെ ഓടി എത്തിയ വിദൂഷകന്റെ കയ്യിൽ കണ്ട വസന്തസേനയുടെ തലേന്നു രാത്രിയിലത്തെ ആഭരണങ്ങൾ സഭാസമക്ഷം താഴെ വീഴുകയും, ഇതുനിമിത്തം കൊലക്കുററം ചാരുദത്തനിൽ ഖണ്ഡിതമായ് സ്ഥാപിക്കപ്പെടുകയും ചെയ്യുന്നു, (൯-ാമങ്കം) കഴുവുമരത്തിലിടാൻ ചാരുദത്തനെ തെരുവീഥികളിൽകൂടി കൊണ്ടുപോകു

മ്പോഴത്തെ വിളംബരം കേട്ടു സംവാഹകസന്യാസിയും വസന്തസേനയും കൂടി ഓടിയെത്തിക്കഴുകുമരത്തിൽനിന്നു ചാരുദത്തനെ രക്ഷിക്കുന്നു. ആൎയ്യകനെ ഈ സമയംകൊണ്ടു് ആളുകൾ രാജാവായി വാഴിക്കയാൽ, ആൎയ്യകാനുകൂല്യത്താൽ വസന്തസേനയ്ക്കു പൌരവധുവെന്ന സ്ഥാനം കിട്ടിച്ചാരുദത്തനുമായുള്ള വിവാഹവും തുടൎന്നു മററു പല അനുഗ്രഹങ്ങളും സിദ്ധമായി എല്ലാവരും സുഖമായിക്കഴിഞ്ഞുകൂടുവാൻ ഇടയായി. (൧൦-ാമങ്കം.)

ഇപ്പറഞ്ഞ ഇതിവൃത്തം സ്വീകരിച്ചുള്ള സംസ്കൃതത്തിലെ രൂപകത്തിനു "മൃച്ഛകടികം" എന്ന പേരാണു് കൊടുത്തിട്ടുള്ളതെന്നു മുമ്പു് പറഞ്ഞിട്ടുണ്ടല്ലോ. മൃദ് (മണ്ണു്) + ശകടം (വണ്ടി) = മൃച്ഛകടം (മണ്ണുവണ്ടി); അതിനെ സംബന്ധിച്ച (കഥ) മൃച്ഛകടികം എന്നാണു് പദാഗമം. വസന്തസേന ചാരുദത്തപുത്രനു്, മണ്ണുവണ്ടിക്കു പകരം കളിക്കോപ്പായ് പൊന്നുവണ്ടി ഉണ്ടാക്കിച്ചു കൊടുപ്പിക്കുവാനാണല്ലോ ആഭരണങ്ങൾ ഉടൻ അഴിച്ചുകൊടുത്തതു്. അതുനിമിത്തം, വേറെ ആഭരണം പെട്ടിക്കകത്തുനിന്നും എടുത്തു് പുതുതായ് ചാൎത്താൻ വസന്തസേനയ്ക്കു അസാരം താമസം നേരിട്ടു. ഈ താമസമാണു് വണ്ടിമാററത്തിനും തന്നിമിത്തമുണ്ടായ മററു കലാപങ്ങൾക്കും കാരണമാക്കിയതു്. അതിനാൽ ഭാസകൃതിയിലെ കഥാഗതി നീട്ടുവാൻ കവി, മൎമ്മമായ് ചേൎത്തിരിക്കുന്ന ഈ സംഗതിയെ അടിസ്ഥാനമാക്കി തന്റെ പ്രകരണത്തിനു ഈ പേരു് കല്പിച്ചിട്ടുള്ളതാണു്.

വ്യതിയാനം. ൧, രണ്ടാം അങ്കത്തിൽ ഒരു വിഷ്കംഭമായി പരിഭാഷകൻ വിവരിക്കുന്ന ചൂതാടികളുടെ രംഗം, ഭാസകൃതിയിൽ ഇല്ലാത്തതും, മൃച്ഛകടികം പ്രകരണത്തിലെ രണ്ടാമങ്കത്തിൽ ഒരു പൂൎവ്വരംഗമാക്കിക്കല്പിക്കാതെ, ആ അങ്കത്തിനുള്ളിൽതന്നെ ചേൎത്തിട്ടുള്ളതും ആകുന്നു. അതിനു, പരിഭാഷകൻ വിഷ്കംഭമെന്ന പേരോടുകൂടിയ ഒരു പൂൎവ്വാങ്കസ്ഥാനംമാത്രം ഇതിൽ കൊടുക്കുവാനുള്ള കാരണം താഴെ പറയുന്നു. സംവാഹകനു് നായികയുടെ ഔദാൎയ്യം യാചിക്കുവാനുള്ള ഒരു സന്ദൎഭം മാത്രമായിട്ടെ ഈ ചൂതാടിമേളത്തെ ഗണിക്കേണ്ടതുള്ളു. നേരമ്പോക്കു് ഉണ്ടുതാനും. അതിനാൽ പൂൎവ്വകഥാബന്ധം കാണിക്കുന്ന ഒരു ചെറിയ മുൻരംഗമായിട്ടു ഇതിനെ സ്വീകരിച്ചുവെന്നുമാത്രം. ൨. പ്രസ്തുത നാടകം നാലാമങ്കത്തിൽ, വിദൂഷകൻ, നായികയെ മുത്തുമാല ഏല്പിച്ചു പോയതിൽ പിന്നീടു മാത്രം കാണുന്ന ശൎവ്വിലകന്റെ നായികാസന്ദൎശനം, പരിഭാഷകൻ ഭാസകൃതി അനുസരിച്ചു വരുത്തിയിട്ടുള്ള മാററമാകുന്നു. മൃച്ഛകടികത്തിലാവട്ടെ, ശൎവ്വിലകസന്ദൎശനം കഴിഞ്ഞതിൽപിന്നെയാണു് വസന്തസേനയുടെ സന്നിധിയിൽ വിദൂഷകൻ മുത്തുമാലയുംകൊണ്ടു ചെന്നുചേരുന്നതു്. ഭാസന്റെ കഥാഗതിയ്ക്കു പ്രകരണകൎത്താവു വരുത്തിയ ഈ പരിവൎത്തനപരിഷ്കാരം, പരിഭാഷ

കൻ സ്വീകരിക്ക ഉണ്ടായില്ല. ൩. മൃച്ഛകടികത്തിൽ നാലാമങ്കത്തിലെ സവിസ്തരമായ വേശ്യാഗൃഹവർണ്ണനയും, അടുത്ത അങ്കത്തിലെ വൻമഴയുടെ വർണ്ണനയും, പരിഭാഷകൻ, ഭാഷാനാടകത്തിൽ വളരെ കുറച്ചു മാത്രമെ ചേർത്തിട്ടുള്ളു. മൂലകൃതിയിലെ വർണ്ണന, ശ്രാവ്യകാവ്യങ്ങളുടെ മട്ടിലുള്ളതും, ദീർഘമായ ആത്മഗതപ്രസംഗത്താൽ കാണികൾക്കു മുഷിവുണ്ടാക്കുന്നതും ആകയാൽതന്നെയാണ്, ഈ ദീർഘവർണ്ണനകളെ ഭാഷാനാടകത്തിൽ വർജ്ജിച്ചിട്ടുള്ളത്. ൪. മൃച്ഛകടികം ൯-ാം അങ്കത്തിലെ കേസുവിസ്താരരംഗത്തിൽ വീരകനെ ശവപരിശോധനയ്ക്കായി ഉദ്യാനത്തിലേക്കു ഉടൻ അയയ്ക്കുന്നതായും അവിടെച്ചെന്നു നോക്കിയതിൽ, മരം ഒടിഞ്ഞുവീണ് അപ്പോൾ മരിച്ച വെറൊരുത്തിയുടെ ദേഹംകണ്ടു വസന്തസേനയുടേതെന്നു തെററിദ്ധരിച്ചു കോടതിയിൽവന്ന് ആയാൾ തദനുകൂലസാക്ഷ്യം പറയുന്നതായും വിവരിച്ചുകാണുന്നു. പ്രസ്തുത നാടകത്തിൽ വീരകനോട്ട പ്രേതപരിശോധനയെപ്പററി കോടതിയിൽനിന്നും യാതൊന്നും ആവശ്യപ്പെടുന്നില്ല. പരിഭാഷകൻ ഈ പ്രസ്താവം വേണ്ടെന്നു വെച്ചതിനു പല കാരണങ്ങളുണ്ട്. ഒന്നാമതായി, പ്രേതപരിശോധനയ്ക്കു ഇവിടെ തീരെ സാംഗത്യമില്ലാ. എന്തെന്നാൽ രാജസ്യാലനും സ്വാധീനശക്തിയുള്ളവനുമായ സംസ്ഥാനകനിൽനിന്നു അയാൾ പ്രേതം അപ്പോൾതന്നെ മറവുചെയ്യിച്ചുവെന്നു സന്ദർഭവശാൽ കോടതിക്കു അറിവുകിട്ടിക്കഴിഞ്ഞിരിക്കുന്നു. ഇതിനും പുറമെ, ഒരു പോലീസുദ്യോഗസ്ഥനായ വീരകൻ കോടതിയിലെ ആജ്ഞ അനുസരിച്ചു പോയി പരിശോധിക്കുന്നതിൽ, മതിയായ തെളിവു കിട്ടാതെ മറെറാരു പ്രേതത്തെ വസന്തസേനയുടേതെന്നു ധരിക്കുന്നതും മൊഴികൊടുക്കുന്നതും തീരെ അസംബന്ധമായിരിക്കും. രാജസ്യാലൻെറ ആനുകൂല്യത്തിനുവേണ്ടി വീരകൻ ഇപ്രകാരമെല്ലാം മൊഴികൊടുത്തതാണെന്നു വരുത്തി വെയ്ക്കുന്നതിൽ ഭേദം, അപ്രകാരമുള്ള പിൻബലത്തോടുകൂടിയ സംസ്ഥാനകൻെറ ആദ്യമൊഴിയെ (ശവം മറവുചെയ്യിച്ചു എന്നതിനെ) വിശ്വസിച്ചു നടപടി ആരംഭിച്ചിട്ടുള്ളതായിക്കാണിക്കതന്നെയാണല്ലൊ. ൫. മൃച്ഛകടികത്തിലെ ഒടുവിലത്തെ അങ്കാവസാനത്തിൽ ചാരുദത്തൻെറ ധർമ്മപത്നിയായ ധൂത, രംഗപ്രവേശം ചെയ്തു വസന്തസേനയോടു ഇണങ്ങിച്ചേരുന്നുണ്ട്. ഭാഷാനാടകത്തിൽ ധൂതയ്ക്കു ഇവിടെ രംഗപ്രവേശമേ ഉണ്ടാകുന്നില്ല. ആത്മഹത്യയ്ക്കു ഒരുങ്ങിവരുന്ന ധൂതയുടെ സാന്നിദ്ധ്യം, വസന്തസേനയുടെ ഇവിടത്തേ നായികാപ്രൌഢിയ്ക്കു എല്ലാംകൊണ്ടും കുറവു വരുത്തുകയേ ഉള്ളു. ഇതിനും പുറമേ, അപ്പോൾതന്നെ അധികമായിരിക്കുന്ന രംഗപ്രവിഷ്ടകഥാപാത്രങ്ങളുടെ സംഖ്യയെ വേണ്ടാത്തവിധം വർദ്ധിപ്പിക്കയും ചെയ്യുമല്ലൊ. ഇക്കാരണങ്ങളാൽ ഈ ധൂതാപ്രവേശം ഇവിടെ വേണ്ടെന്നുംവെച്ചു.

രസസമൃദ്ധി. പ്രസ്തുതനാടകത്തിലെ ഇതിവൃത്തം രണ്ടു പ്രത്യേകകഥകളെ വഴിപോലെ കൂട്ടിഇണക്കി നിർമ്മിച്ചിട്ടുള്ളതാണെന്നു കാണാം. ഇതിലെ ആധികാരികം (പ്രധാനം) ആയ കഥാവസ്തു, ചാരുദത്തന്റേയും വസന്തസേനയുടേയും തമ്മിലുള്ള ദാമ്പത്യപരിണാമമാണ്. അതിന്റെ സമർത്ഥനയ്ക്കുവേണ്ടി ഇടയ്ക്കു പറയേണ്ടിവന്നിരിക്കുന്ന പ്രാസംഗികകഥാവസ്തുവായിട്ടത്രെ ആര്യകന്റെ പട്ടാഭിഷേകമഹത്തെ എണ്ണേണ്ടതു്. ആധികാരികകഥാവസ്തുവിലെ പ്രധാനരസം തന്നെയാകുന്നു നാടകത്തിലും ആകപ്പാടെ സ്ഥായി ആയി നില്ക്കുന്നതു്. പ്രാസംഗികത്തിലെ മററുരസങ്ങൾ അതിനു കീഴായ്നിന്നു പോഷണം അന്വേഷിക്കുന്നു. വിദൂഷകൻ-ചൂതാടികൾ-സംസ്ഥാനകൻ- എന്നിവരിൽ നിന്നുമുണ്ടാകുന്ന ഹാസ്യവും, വസന്തസേനയെ ഞെക്കികൊല്ലുവാനുദ്യമിക്കുന്നിടത്തെ ബീഭത്സവും, ചാരുദത്തനെ കൊലസ്ഥലത്തേയ്ക്കു കൊണ്ടുപോകുന്ന ഘട്ടത്തിലെ കരുണവും ആയ രസങ്ങളുടെ വഴിപോലെയുള്ള സമ്മേളനം കൊണ്ടു്, ഇതിലെ സ്ഥായിരസമായ ശൃംഗാരം, അവസാനംവരെ പുഷ്ടിപ്പെട്ടു കാണുന്നു.

സന്ധിവിഭാഗം. നാടകത്തിലെ "സന്ധി"യെന്നു പറഞ്ഞാൽ വളച്ച്പ്പതനമെന്നു തല്ക്കാലം മനസ്സിലാക്കിയാൽ മതി. നാടകത്തിലെ പ്രധാനസംഗതിയുടെ പരിണാമത്തിനു "കാര്യാപ്തി"യെന്നു പറയും. ഈ പ്രധാനസംഗതിയുടെ ആദ്യപ്രസ്താവത്തിനു "ബീജാവാപം" എന്ന സാങ്കേതികനാമം യോജിക്കുന്നുണ്ടല്ലൊ. ഈ നാടകത്തിൽ "അന്നു പൂരപ്പുറപ്പാടിൽ കണ്ടപ്പോൾമുതൽ ഇവൾക്കു ദരിദ്രചാരുദത്തനെ വല്യ പത്ഥ്യമാണു്." എന്നുള്ള സംസ്ഥാനകന്റെ വാക്കിലാണു് ഇതിലെ കാര്യാപ്തിയ്ക്കുള്ള ബീജാവാപം ചെയ്തു കാണുന്നതു്. "ബീജ"വും കാര്യാപ്തിയ്ക്കായുള്ള "ആരംഭ"വും രണ്ടുംകൂടി ചേർന്നു കാണുന്ന ആദ്യത്തെ ഘട്ടത്തിനാണു് "മുഖസന്ധി"യെന്നു പറയുന്നതു്. "എനിക്കു പ്രാണധാരണത്തിൽ ഇദ്ദേഹത്തിന്റെ ദൎശനകാംക്ഷയല്ലാതെ വേറൊരവലംബമില്ല" എന്നുള്ള വാചകം വസന്തസേനയുടേയും, "ഞാൻ സ്നേഹപരതന്ത്രനാണു്" എന്ന വാക്യം, ചാരുദത്തന്റേയും പരസ്പരപ്രേമാരംഭത്തെ വ്യഞ്ജിപ്പിക്കുന്നു. ചാരുദത്തന്റെ ഗൃഹത്തിൽ വസന്തസേന അഭയംപ്രാപിക്കാനിടയാകുന്നതും, അവിടത്തെ ആഭരണന്യാസവും, രണ്ടുപേരുടേയും സമ്മേളനത്തിനു അനുകൂലമാൎഗ്ഗങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നു. അതിനാൽ ഇവയെല്ലാം അടങ്ങിയിരിക്കുന്ന ഒന്നാമങ്കം മുഴുവൻ ഈ നാടകത്തിലെ മുഖസന്ധിയാണു്. രണ്ടാമത്തെ സന്ധിയായ "പ്രതിമുഖസന്ധിയിൽ, ബീജവും യത്നവും കൂടി ചേൎന്നിരിക്കണം. "യത്നം" എന്നു പറയുന്നതിൽ,കാര്യാപ്തിക്കെതിരായുണ്ടായേക്കാവുന്ന പ്രതിബന്ധങ്ങളെമടപ്പിക്കുന്ന സംരംഭങ്ങളുംഉൾപ്പെടുന്നു. വസന്തസേനയെ സംബന്ധിച്ചു സംസ്ഥാനകനുണ്ടായിട്ടുള്ള മോഹവും, ചാരുദത്തന്റെ ദാരിദ്ര്യവും ആണു്

ഇവിടത്തെ പ്രധാനപ്രതിബന്ധങ്ങൾ. സംസ്ഥാനകന്റെ നിർബ്ബന്ധപൂർവ്വമായ അപേക്ഷകളെ വസന്തസേന മനപ്പൂർവ്വം ധിക്കരിക്കകൊണ്ട് ആദ്യപ്രതിബന്ധം അകലുന്നതായ് വിചാരിക്കാം. നായികയുടെ അവസരോചിതമായ ഓരോ ഔദാര്യങ്ങൾ, മററു പ്രതിബന്ധത്തേയും നിവാരണം ചെയ്യുന്നു. മോഷണം പൊയ്പ്പോയ ആഭരണങ്ങൾ പിന്നേയും വസന്തസേനയുടെ കൈവശം ചെന്നുചേരാനിടയാകുന്നതു്, ബീജപോഷകമായ് ഭവിക്കുന്നുണ്ടല്ലൊ. കഥയുടെ മംഗളപരിണാമത്തിനു കാരണമുണ്ടാക്കുന്ന സംഭവങ്ങളും ഇവിടെ നടന്നുകൂടുന്നു. ആര്യകവിപ്ലവവും, തദുപരിസംവാഹകനേയും ശർവ്വിലകനേയും വസന്തസേനയ്ക്കു കടപ്പെട്ടവരായിതീർത്തിരിക്കുന്നതും, ഇതിലേക്കു വേണ്ടിയാണ്. അതിനാൽ പ്രതിബന്ധങ്ങളുടേയും തന്നിവാരകയത്നങ്ങളുടേയും സാന്നിദ്ധ്യത്തോടുകൂടിയരണ്ടുമുതൽ നാലുവരെയുള്ള അങ്കങ്ങളിൽ പ്രതിമുഖസന്ധിയുടെ വ്യാപ്തി കാണുന്നു. അടുത്തതായ "ഗർഭ"സന്ധിയിൽ, മറവിൽകൂടിയുള്ള ബീജാഭിവൃദ്ധിയും, കാര്യാപ്തിയെ സംബന്ധിച്ച് ഒരു പ്രത്യാശനവും ഉണ്ടാവണം. രാത്രിയിൽ ഇരുട്ടത്തും മഴയത്തും വസന്തസേന ചെയ്യുന്ന അഭിസരണമാണ് ഇവിടെ മറവിൽകൂടിയുള്ള ബീജാഭിവൃദ്ധി. ഇപ്രകാരമുള്ള അനുരാഗദാർഢ്യം അന്യഥാ ഭവിക്കാനിടയില്ലെന്നുള്ളതു് ഇവിടത്തെ പ്രത്യാശയും ആകുന്നു. അതിനാൽ ഈ ഭാഗങ്ങൾ ഉൾപ്പെട്ട അഞ്ചാമങ്കമാണ് ഈ നാടകത്തിലെ ഗർഭസന്ധി. നാലാമത്തെ സന്ധിയായ "അവമർശ"ത്തിൽ, വിഘ്നമൂർഛനവും, എന്നാൽ, വിഘ്നവിഘാതത്തിനു മതിയായ വഴികൾ കാണുകയാലുള്ള നിയതാപ്തിധൈര്യവും ആണ് വന്നുചേരേണ്ടതു്. വണ്ടിമാററംകൊണ്ടു വസന്തസേനയ്ക്കും, സംസ്ഥാനകകൃത്രിമങ്ങൾ കൊണ്ടു ചാരുദത്തനും, വന്നുകൂടുന്ന തകരാറുകൾ, പ്രതിബന്ധമൂർഛനവും കാണിക്കുന്നുണ്ടെങ്കിലും, സംവാഹകൻ നിമിത്തം വസന്തസേനയ്ക്കും, ചാരുദത്തൻ മുഖാന്തിരം ആര്യകനും, സംഭവിക്കുന്ന രക്ഷ യഥായോഗ്യം കാര്യാപ്തിയേയും മംഗളപര്യവസാനത്തേയും പററി ആക്കും നിയതാപ്തി (നിശ്ചയമായും കാര്യം സാധിക്കാതെപോവില്ലെന്നുള്ള) ധൈര്യം ഉളവാകുന്നു. അതിനാൽ ഏഴും, എട്ടും, ഒൻപതും അങ്കങ്ങൾ, അവമർശസന്ധിയിൽ പെടേണ്ടതാണ്. ഒടുവിലത്തെ നിർവ്വഹണസന്ധിയിൽ, ദൈവാനുകൂലഫലമായ കാര്യാപ്തി നടന്നുകൂടണം. ഇതിൽ അത്ഭുതരസം അപരിത്യാജ്യമെന്നത്രേ വിധി. വിളംബരം, സംവാഹകസന്യാസിയുടെ ചെവിയിൽ എത്താനിടയായതും രാജാവായ് തീർന്ന ആര്യകന്റെ അനുകൂലശാസന, തക്കസമയത്തെത്തിച്ചേരുന്നതും ദൈവാനുകൂലലക്ഷ്യങ്ങളാണ്. ഇവിടെയെല്ലാം കാണികൾക്കു അത്ഭുതരസവും ഉല്പന്നമാകുന്നുണ്ട്. തന്നിമിത്തം പത്താമങ്കത്തിൽ നിർവ്വഹണസന്ധിയുടെ സാന്നിദ്ധ്യവും യോജിക്കുന്നു.

(തുടരും

# വേലയും പഠനവും

## യുവ അമേരിക്കയും പ്രയത്നമാഹാത്മ്യവും

പ്രൊഫസർ കെ. അപ്പാസ്വാമി എം. എ.

ഒരുദിവസം ഒരുദീർഘയാത്ര കഴിഞ്ഞു് ഞാൻ മടങ്ങിവരികയായിരുന്നു. പട്ടണത്തിലേക്ക് പിന്നേയും പത്തുമൈൽ പോകുവാനുണ്ടായിരുന്നു. വഴിയരികെ ഒരു മോട്ടാർവണ്ടിയേയും അതിൻെറ ചുവട്ടിൽ ഒരു മനുഷ്യനേയും ഞാൻ കണ്ടു. ആ മനുഷ്യൻ ആ വണ്ടിയുടെ എന്തോ കേടുപാടു തീർക്കുകയായിരുന്നു. ഞാൻ അദ്ദേഹത്തിൻെറ അടുത്തുചെന്നു് എന്നേക്കൊണ്ടു വല്ല സഹായവും ചെയ്യേണ്ടതായിട്ടുണ്ടോ എന്നു ചോദിച്ചു. ഞാൻ അതിൽ കയറിയിരുന്നു് അദ്ദേഹമൊന്നിച്ചു പോയാൽ അതു് ഒരു സഹായമായിക്കരുതുമെന്നു് അദ്ദേഹം മറുപടി പറഞ്ഞു. ഞാൻ അപ്രകാരം സമ്മതിച്ചു. അദ്ദേഹം വണ്ടി കേടുതീർത്തുകൊണ്ടിരിക്കുകയും അതേസമയത്തുതന്നെ പല കാര്യങ്ങളേയും പററി എന്നോടു സംസാരിച്ചുകൊണ്ടിരിക്കുകയും ചെയ്തു. ബുദ്ധിപൂർവകങ്ങളായ ചോദ്യങ്ങൾകൊണ്ടു് എൻെറ രാജ്യത്തേയും, എൻെറ സ്ഥിതിയേയും, ആശകളേയും പററി ഏറക്കുറെ അദ്ദേഹം മനസ്സിലാക്കി. വണ്ടിയുടെ കേടു തീർന്നപ്പോൾ എന്നോടു വണ്ടിയിൽകയറി പട്ടണത്തിലേക്കു യാത്രചെയ്യണമെന്നു് അദ്ദേഹം അപേക്ഷിച്ചു. അദ്ദേഹത്തിനു പോകേണ്ടതായ വഴിയെല്ലാം വിട്ടു് എന്നെ എൻെറ ഗൃഹത്തിൽ കൊണ്ടുവന്നാക്കി. ഞാൻ വണ്ടിയിൽനിന്നും ഇറങ്ങിയപ്പോൾ അദ്ദേഹത്തിൻെറ പക്കൽ രാജ്യത്തിൻെറ ഒരു മുദ്രയുണ്ടെന്നു ഞാൻ കണ്ടു. രാജ്യത്തിലെ ഒരു ഉദ്യോഗസ്ഥനായിരിക്കുമെന്നു നിനച്ചുകൊണ്ടു് അദ്ദേഹം ആരാണെന്നു് ഞാൻ ചോദിച്ചു. "ഓ! ഇവർ എന്നെ ഇവിടത്തെ ഗവർണ്ണരായിതിരഞ്ഞെടുക്കുവാനുള്ള വിഡ്ഢിത്തം കാണിച്ചു" എന്നായിരുന്നു അദ്ദേഹത്തിൻെറ മറുപടി. എന്നാൽ ഇൻഡ്യയിലായിരുന്നുവെങ്കിൽ ഇങ്ങനെ ഒരു സംഗതി നടക്കുകയില്ലായിരുന്നു. ഒരു താസിൽദാരൊ, കളക്ടരൊ വണ്ടി നന്നാക്കുന്നതിനായി താഴെ ഇറങ്ങുമെന്നുള്ളതു് ചിന്തിക്കക്കൂടി വയ്യ.

അമേരിക്കർ പ്രയത്നമാഹാത്മ്യം വിദ്യാഭ്യാസകാലം മുതല്ക്കുതന്നെ മനസ്സിലാക്കുന്നു. ഹൈസ്കൂൾ ക്ലാസ്സുകളിലെ അഭ്യാസം അവിടെ സൌജന്യമായാണു് നൾകപ്പെടുന്നതു്. മാതാപിതാക്കന്മാർ പള്ളിക്കൂടത്തിൽ പഠിക്കുന്ന കുട്ടികളെ സ്വയസമ്പാദനശീലമുള്ളവരാക്കുന്നതിനുവേണ്ടി പ

ട്ടണത്തിലുള്ള പലതരം ജോലി ചെയ്യിക്കുന്നു. ആദ്യമെതന്നെ അവർ 'കീശപ്പണം' ഉണ്ടാക്കുന്നു. അതിനുശേഷം വസ്ത്രം, പുസ്തകം, സൈക്കിൾ, മുതലായവ വാങ്ങുന്നതിനു വേണ്ട പണം സമ്പാദിക്കുന്നു. ഈ സമ്പ്രദായം കലാശാലാവിദ്യാഭ്യാസകാലാവസാനംവരെ തുടർന്നുകൊണ്ടുപോകുന്നു. ഒരു ബാലികയോ ബാലനോ കലാശാലയിൽ പ്രവേശിച്ചാൽ അവർക്കുണ്ടാകുന്ന ചിലവ് വളരെ വലുതാണ്. മിക്ക മാതാപിതാക്കന്മാരും ഈ ചിലവിൽ ഒരു ചെറിയ ഭാഗം മാത്രമെ വഹിക്കുന്നുള്ളു. അദ്ധ്യേതാക്കൾ—പുരുഷന്മാരും സ്ത്രീകളും—സ്വയമായി സമ്പാദിക്കുന്നു. നല്ല ധനസ്ഥിതിയുള്ള മാതാപിതാക്കന്മാർപോലും അവരുടെ കുട്ടികളെ കലാശാലാഭ്യസനകാലത്ത് വേലചെയ്തു പണമുണ്ടാക്കുവാൻ അനുവദിക്കുന്നു. അതു് സ്വാശ്രയശീലത്തിനുള്ള ഒരു പരിശീലനമാണ്. ഞാൻ അവിടെ വിദ്യാർത്ഥിയായിരുന്ന കാലത്ത് ഏയിൽ സർവകലാശാല സന്ദർശിച്ചതു ഓർമ്മിക്കുന്നുണ്ട്. റാക്ക്ഫെല്ലരുടെ രണ്ടു പൌത്രന്മാർ അവിടത്തെ ഭക്ഷണമുറിയിലെ വേലക്കാരായിരുന്നു.

എന്നാൽ ഇംഗ്ലണ്ടിലേയും ഇൻഡ്യയിലേയും സർവകലാശാലകൾ നേരെ വിപരീതമാണ്. (എൻെറ രണ്ടു സഹോദരന്മാർ ഇംഗ്ലണ്ടിലെ സർവകലാശാലകളിൽ പഠിച്ചിട്ടുള്ളവരാണ്.) ഇംഗ്ലണ്ടിലെ വിദ്യാർത്ഥികൾ വേലചെയ്തു കയ്യിൽ അഴുക്കാക്കണമെന്നു വിചാരിക്കുന്നില്ല. സ്വന്തം ചെരിപ്പു തുടച്ചു ഭംഗിയാക്കുന്നതു വല്ലവരും കണ്ടാൽ അതു കുറച്ചിലായിട്ടാണ് അവർ കരുതിവരുന്നത്. സർവകലാശാലയിലെ യോഗ്യന്മാർ എല്ലാ സാമാനങ്ങൾക്കും പട്ടണവാസികളേക്കാൾ കൂടുതലായ വില നൽകുന്നുണ്ട്. ഇംഗ്ലണ്ടിൽ പോകുന്ന ഇൻഡ്യൻവിദ്യാർത്ഥികൾ യോഗ്യന്മാരായിട്ടാണ് തിരിച്ചുവരുന്നത്. എന്നാൽ ദേഹം കൊണ്ടുള്ള ഏതു പ്രവൃത്തിയും ചെയ്യുവാൻ അവർ ഭയമുള്ളവരാണ്. ഇംഗ്ലണ്ടിലെ ഒരു വിദ്യാർത്ഥിയുടെ ചിലവു മുഴുവനും സാധാരണ വഹിക്കുന്നത് അയാളുടെ മാതാപിതാക്കന്മാരാണ്. അപൂർവം ചിലർ വിദ്യാർത്ഥിവേതനം കൊണ്ടും ചിലവു കഴിക്കുന്നുണ്ട്. തൻെറ വരവിൽ പോരാത്തഭാഗം ഉണ്ടാക്കുന്നതിനുകൂടി ഒരു മാർഗ്ഗം അവർക്കില്ല. ഇക്കാര്യത്തിൽ ഇൻഡ്യൻ സർവകലാശാലകൾ ഇംഗ്ലീഷുസർവകലാശാലകളെയാണ് മാതൃകകളായി സ്വീകരിച്ചിട്ടുള്ളതെന്നുള്ളതിൽ പരിതപിക്കേണ്ടിയിരിക്കുന്നു.

അമേരിക്കയിലെ ഒരു സാധാരണ കലാശാലാവിദ്യാർത്ഥി ഒരു ദിവസത്തിൽ മൂന്നുമണിക്കൂർ നേരം കലാശാലയിൽ വിനിയോഗിക്കുന്നു; മൂന്നോ നാലോ മണിക്കൂർ ഗ്രന്ഥശാലയിലോ പഠിത്തത്തിലോ കഴിക്കും; ജീവിതവൃത്തിക്കു വേലയ്ക്കായി നാലുമണിക്കൂർ ചിലവാക്കുന്നു; ഏഴു മണിക്കൂർ നേ

രം ഉറങ്ങുന്നു; മൂന്നുമണിക്കൂർ ഭക്ഷണത്തിനും അവിടേയും ഇവിടേയും നടക്കുന്നതിനും ഉപയോഗിക്കുന്നു. എന്നിട്ടും അയാൾക്ക് ഇഷ്ടപ്പെടുന്ന ജോലി ചെയ്യുവാൻ മൂന്നു മണിക്കൂർ മിച്ചമുണ്ട്. ഈ കാര്യപരിപാടിപഠനകാലം അവസാനിക്കുന്നതുവരെ അയാൾ പുലർത്തിക്കൊണ്ടുപോകുന്നു. ഒഴിവുകാലത്ത് അയാൾ കൂടുതൽ സമയം വേലചെയ്യുന്നു. ആരോഗ്യമുള്ളവർ പാടങ്ങളിൽപോയി കൊയിത്തു മുതലായവയിൽ ഏർപ്പെടുന്നു. വളരെപ്പേർ ഒഴിവുകാലത്ത് വ്യവസായകമ്പനികളിൽ വേലചെയ്യുന്നു.

മിക്ക കലാശാലകളും പുറമെനിന്നുമുള്ള പ്രയത്നം സ്വീകരിക്കാതെയാണ് നടന്നുപോകുന്നത്. എഴുത്തുജോലി മിക്കതും പെൺകുട്ടികളാണു നിർവ്വഹിക്കുന്നത്. ഗ്രന്ഥശാലകൾ സംബന്ധിച്ച ജോലി വിദ്യാർത്ഥികളാണു നടത്തുന്നതു്. വിനോദസ്ഥലങ്ങൾ അദ്ധ്യേതാക്കളുടെ മേൽനോട്ടത്തിലാണ്. അവിടെ ആവശ്യമായ ജോലി മുഴുവനും അവരാണ് ചെയ്യുന്നതു്. ഭക്ഷണമുറിയിൽ വേണ്ട പരിചര്യ ചെയ്യുന്നതും പാത്രങ്ങൾ കഴുകി വൃത്തിയാക്കുന്നതും കുട്ടികളുടെ അവകാശമായിട്ടാണ് അവർ ഗണിച്ചുവരുന്നതു്. ചില സ്ഥലങ്ങളിൽ ആ സ്ഥാപനത്തിനു വേണ്ട പാചകവൃത്തിതന്നെ നിർവ്വഹിക്കുന്നതു വിദ്യാർത്ഥികളാണ്. എല്ലാ വേലക്കും വെളിയിലെ വേലക്കൂലിയുടെ നിരക്കനുസരിച്ചു പ്രതിഫലം നൽകുന്നുണ്ടു്. ചില സ്ഥാപനങ്ങൾ കുട്ടികൾക്കു വേണ്ടി മാത്രം നടത്തുന്നതാണ്. അവരുടെ ആവശ്യങ്ങൾ സാധിക്കുന്നതിനും വിദ്യാഭ്യാസം ചെയ്യുന്നതിനും ആ സ്ഥാപനങ്ങളെത്തന്നെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഈ വിദ്യാലയങ്ങളിലും കലാശാലകളിലും കുട്ടികൾ അവിടെത്തന്നെ താമസിക്കണമെന്നു നിർബ്ബന്ധമുണ്ടു്. അവിടത്തെ കാര്യപരിപാടി അനുസരിച്ചു കുട്ടികൾ പ്രവർത്തിക്കുകയും അവരുടെ സർവ്വ കാര്യങ്ങളും അധികൃതന്മാർ നിർവ്വഹിക്കുകയും ചെയ്യുന്നു.

ഇങ്ങനെയുള്ള ഒരു പദ്ധതി ഇൻഡ്യയിലും ഏർപ്പെടുത്താവുന്നതാണ്. എനിക്കു അമേരിക്കയിൽ അനവധി സഹപാഠികളുണ്ടു്. ഞാൻ ഇവിടെ വന്നതിന്റെ ശേഷം ഈ പദ്ധതി പ്രയോഗിച്ചുവരികയാണ്. അതിൽ വിജയമാണ് ഉണ്ടായിട്ടുള്ളതെന്നു പറയുവാൻ പ്രത്യേകസന്തോഷവുമുണ്ടു്. ആദ്യമായി ഞങ്ങൾ ഒരു ബാലികയെയാണ് പരീക്ഷിച്ചുനോക്കിയതു്. അവൾ അടുത്തുള്ള ഹൈസ്കൂളിൽ പഠിക്കുകയായിരുന്നു. ഒഴിവുസമയം ഞങ്ങളുടെ കുട്ടിയെ പരിചരിക്കുന്നതിൽ അവൾ ഏർപ്പെട്ടു. എന്നാൽ ബാലിക അതു ശരിയായി നിർവ്വഹിച്ചില്ല. ഒന്നുകിൽ വിദ്യാലയത്തിലെ അല്ലെങ്കിൽ ഗൃഹത്തിലെ ജോലിയിൽ അവൾ ശ്രദ്ധിച്ചില്ല എന്നു വരാം.

അതിനുശേഷം ഞങ്ങൾ ഒരു ആൺകുട്ടിയെ പരീക്ഷിച്ചുനോക്കി. അവൻ വിജയശ്രീലാളിതനായി. രാവിലെ അവൻ അങ്ങാടിയിൽ പോകുകയും ഗൃഹത്തിലെ ചില്ലറജോലികൾ നിർവഹിക്കുകയും ചെയ്യുന്നു. ഒൻപതര മണിക്ക് അവൻ കലാശാലയിൽ പോകും. പിന്നെ അഞ്ചുമണിക്കാണ് തിരിച്ചുവരുന്നത്. ആ സമയംമുതൽ എട്ടുമണിവരെ അവൻ ഞങ്ങളുടെ ജോലികൾ ചെയ്യുന്നു. എട്ടുമുതൽ പതിനൊന്നോ പന്ത്രണ്ടോ വരെ അവൻ പഠിക്കുന്നു. അല്ലെങ്കിൽ ആ സമയത്ത് അവൻെറ മുറിയിൽ വെളിച്ചം കാണുന്നുണ്ട്. ശനിയാഴ്ചയും ഞായറാഴ്ചയും രാത്രിസമയം ഒഴിച്ചു ബാക്കിസമയം അവൻ ഞങ്ങളുടെ ജോലികൾ ചെയ്യുന്നു. ഇതിനെല്ലാം പ്രതിഫലമായി ഞങ്ങൾ അവനു, താമസസ്ഥലം, വസ്ത്രം, ഫീസു മുതലായവ നൾകുന്നുണ്ട്. ചിലപ്പോൾ കീശപ്പണവും കൊടുക്കും. പള്ളിക്കൂടത്തിലെ ജോലി ഞാൻ പരിശോധിച്ചതിൽ അതു തൃപ്തികരമായി നിർവഹിക്കുന്നുണ്ടെന്നു എനിക്കു മനസ്സിലായി. എന്നാൽ ഈ ജോലിയെല്ലാം ചെയ്യുന്ന ഒരു ശിപായിയെ ഏപ്പെടുത്തുന്നതിനെക്കാൾ ഞങ്ങൾക്കു അല്പം ചിലവു കൂടുതലുണ്ട്. ഞാൻ ആദ്യം ആ കുട്ടിയെ നിയമിച്ചപ്പോൾ അവൻ ഒരു അപരിചിതനായിരുന്നു. അവൻെറ കാര്യത്തിൽ അമേരിക്കൻ പദ്ധതി വിജയകരമായിട്ടാണ് കണ്ടത്. ഈ പദ്ധതി പ്രയോഗിച്ചുനോക്കുന്നവരായിട്ടു പട്ടണത്തിൽ വേറെ ചിലരുണ്ട്. മററു ചിലർ അടുത്ത സ്കൂൾവഷത്തിൽ പരീക്ഷിച്ചുനോക്കാമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്. നിങ്ങൾ ദാനശീലമുള്ളവരാണെങ്കിൽ, ഇങ്ങനെ പ്രയോഗിച്ചുനോക്കുന്നതിനു ആഗ്രഹിക്കുന്നുണ്ടെങ്കിൽ, അതു രണ്ടുകൂട്ടക്കും ആദായകരമാണെന്നു നിങ്ങൾക്കു ബോധ്യപ്പെടും.

ഒരു അമേരിക്കന്് കലാശാലാബിരുദ ലഭിച്ചാൽ അയാൾ ഉദ്യോഗത്തിനായി തെണ്ടിനടക്കാറില്ല. എൻെറ സഹപാഠികളിൽ അനേകം പേർ വയലിൽ വേലചെയ്യുന്നതിനായിപോയിട്ടുണ്ട്. അതേ, വേലചെയ്യുന്നതിനുതന്നെ. ഒരുവൻ ജോലിയിൽ ഏപ്പെടുമ്പോൾ അയാളുടെ കുടുംബം, സ്നേഹിതവൃന്ദം, പൂർവികന്മാർ, വിദ്യാഭ്യാസയോഗ്യതകൾ മുതലായവ അത്ര പ്രധാനമായി ഗണിക്കാറില്ല. ജോലിചെയ്യിക്കുവാനുള്ള ആൾ "നിങ്ങൾക്കു എന്തുചെയ്യുവാൻ സാധിക്കും" എന്നു നേരെ ചോദിക്കുന്നു. എൻജിനിയറിംഗു കാളേജുകളിൽ നിന്നും ബിരുദ ലഭിച്ചിട്ടുള്ളവരെ ഈ പ്രത്യേകയോഗ്യത സിദ്ധിച്ചിട്ടില്ലാത്ത വേലക്കാരുടെ കൂലിനിരക്കിൽ അതേവേലക്കായി വ്യവസായശാലകളിൽ നിയമിക്കുന്നുണ്ട്. അവനവൻെറ സാമത്ഥ്യമനുസരിച്ചു അവർ ഉന്നതിപ്രാപിക്കുന്നു. വ്യവസായകമ്പനികളിൽ ഓരോ വകുപ്പുകളുടേയും നായകന്മാരായി കലാശാലാബിരുദമുള്ളവരേയും അതില്ലാത്തവരേയും ഒരുവനു കാണാൻ കഴിയുന്നതാണ്. ഒരുത്തനു

കയററംകൊടുക്കുന്നതിന്നുമുമ്പു ചോദിക്കുന്ന ചോദ്യം "അയാൾക്കു അതു സാധിക്കുമൊ? എന്നു മാത്രമാണ്. എന്നാൽ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവർ മററുള്ളവരേക്കാൾ വേഗത്തിൽ ഉന്നതസ്ഥാനങ്ങളിൽ എത്തുന്നുണ്ടെന്നു സമ്മതിച്ചേ തീരൂ. കഥയില്ലാതെ വിദ്യാഭ്യാസം ഉപേക്ഷിച്ച് ജീവിതവൃത്തിയിലേപ്പെട്ടിട്ടുള്ള പല വേലക്കാൎക്കും ഇതു് ബോദ്ധ്യമായിട്ടുണ്ട്. അഭിവൃദ്ധി പ്രാപിക്കണമെന്നിച്ഛിക്കുന്നവർ നിശാപാഠശാലകളിൽ പഠിച്ചും എഴുത്തുകുത്തുജോലി പരിശീലിച്ചും ബുദ്ധിയെ വികസിപ്പിച്ചു വലിയ ജോലികൾക്കു സന്നദ്ധരാകുന്നുണ്ട്. യാതൊരുവനേയും അവൻ ചെയ്യുന്ന ജോലിയെ നോക്കി താഴ്ന്നവനെന്നു വിചാരിക്കാറില്ല.

## ഭാരതക്ഷേത്രത്തിലെ വിശ്വരൂപം.

(ആർ. സി. ശൎമ്മാ)

(മഞ്ജരി)

കാലജ്ഞർക്കുക്കുടജാലങ്ങൾമന്ദ്രമായ്
ചാലവേയൂതിപ്രഭാതശംഖം.
തുംഗതരംഗകരങ്ങളാൽതാക്കിനാൻ
മംഗലതുൎയ്യംമഹാംബുരാശി.
ഐന്ദ്രിയുണൎന്നുമുഖത്തുനിന്നഞ്ജസാ
സാന്ദ്രമാംമൂടുപടത്തെനീക്കി,
മുററത്തുചിന്നിച്ചിതറിക്കിടക്കുന്ന
മുററുമിരുൾമെല്ലെത്തൂത്തുവാരി.
മൎത്ത്യർതൻപാദങ്ങളെത്താത്തവൻകാട്ടിൻ-
ഗൎത്തങ്ങൾക്കുള്ളിൽതടുത്തുകൂട്ടി.
തൽക്ഷണംതന്നെപ്പനിനീർകണങ്ങളെ
പ്രോക്ഷണംചെയ്തുനിലത്തിലെങ്ങും.
നിൎമ്മലജ്യോതിസ്സിൽമുങ്ങിത്തെളിവാൎന്നു
കൎമ്മമാമംബരംമീതെചുററി,
ചാലെകപോലത്തിൽകുങ്കുമംപൂശി,പ്പൊൻ
ഫാലത്തിൽസിന്ദൂരപ്പൊട്ടുതൊട്ടു,
പുണ്യക്ഷേത്രത്തിൻകിഴക്കെനടക്കലു-
ള്ളുന്നതഗോപുരദ്വാരത്തിങ്കൽ
എത്തിപ്പതിവുപോൽകാൺകയായുഷ-

സ്സത്തുംഗശ്രീചേർന്നവിശ്വരൂപം.
ആളുമുല്ലാസത്താൽനീളും ചിറകടി-
ത്താളങ്ങൾതച്ചുനഭോംഗണത്തിൽ
പേടികൂടാതെനൽപ്പൈങ്കിളിപ്പൈതങ്ങൾ
പാടിപ്രദക്ഷിണംവെച്ചിടുമ്പോൾ,
കാലിക്കഴത്തണികാഞ്ചനകിങ്കിണീ-
ജാലക്കിലുക്കങ്ങൾകേട്ടിടുമ്പോൾ,
സ്വച്ഛസ്വരിന്മണിക്കാൽച്ചിലമ്പൊച്ചക-
ളുച്ചത്തിലെങ്ങുംമുഴങ്ങീടുമ്പോൾ,
ലോലനീലാംബരമർമ്മരാരാവങ്ങൾ
ചാലെയങ്ങിങ്ങുദ്രവിച്ചിടുമ്പോൾ,
ഇമ്പമേറുംകളകാകളികാതിൽവ-
ന്നമ്പിലമൃതുവിളമ്പിടുമ്പോൾ,
തൂമന്ദഹാസത്തെത്തൂകുന്നതാമര-
പ്പൂമുഖംമെല്ലെവിടർന്നിടുമ്പോൾ,
ചെന്താർമുഖത്തളികുന്തളപംക്തിനി-
രന്തരംഹന്ത! ചിലച്ചിടുമ്പോൾ,
ബന്ധൂകശ്രീബന്ധുരാധരബന്ധംനൽ-
ച്ചന്തങ്ങൾചിന്തിയയഞ്ഞിടുമ്പോൾ,
കാലസ്വരൂപൻതലയിൽത്തിരുകിയ
ശ്രീലമാകുംപകൽപ്പൊൻമുടിയിൽ
നേരെപുരോഭാഗത്തായിപ്പതിച്ചോരു
ഹീരത്തിൻചാരുകരങ്ങൾവീശി
ഭാരതക്ഷേത്രത്തിന്നോരോരോമൂലയു-
മേറിയഭാസ്സിലാറാടിടുമ്പോൾ;
ചിൽപ്പുമാൻപണ്ടുതാനിങ്ങുപ്രതിഷ്ഠിച്ച
ചൊൽപ്പൊങ്ങുമാനന്ദമൂർത്തിതന്റെ
സൌന്ദര്യജ്യോതിസ്സിൻശാന്തകിരണങ്ങൾ
സാന്ദ്രമായെങ്ങുംപരന്നുകാണായ്.
വിശ്വത്തിലെങ്ങുംനിറഞ്ഞുവിളങ്ങുന്ന
വിശ്രുതശാശ്വതാനന്ദമൂർത്തേ!
ആത്തുംഗശ്രീതിങ്ങുംജ്യോതിർന്നിധാനമേ!
ചൈതന്യധാമമേ! വെൽവൂതാക!!!

# സംസ്കാരം

(വിദ്വാൻ സി. എസ്സ്. നായർ)

ഇംഗ്ലീഷുഭാഷയിൽ "കൾച്ചർ" എന്നും, നമ്മുടെ ഭാഷയിൽ അതിൻെറ തജ്ജിമയായി "സംസ്കാരം" എന്നും പറയപ്പെട്ടുന്ന ആ വസ്തു അല്ലെങ്കിൽ ഭാവം എന്താണു്? 'സംസ്കാരം' എന്നു കേൾക്കുമ്പോൾ നമുക്കതു് നല്ലവണ്ണം അറിയാവുന്ന ഒന്നാണെന്നു് ആപാതത്തിൽ തോന്നുമെങ്കിലും, അതിനെ ഒന്നു വേണ്ടതുപോലെ വിവരിച്ചു്, അതിനോടു സംബന്ധപ്പെട്ടു നില്ക്കുന്ന ആശയങ്ങളെ മുഴുവൻ പ്രകാശിപ്പിക്കുന്ന ഒരു നിർവ്വചനം കൊടുക്കുക എന്നു വരുമ്പോൾ നമുക്കതു് ശരിക്കറിഞ്ഞുകൂടാത്ത ഒന്നാണെന്നു തന്നെ വന്നേയ്ക്കും. 'ആദർശം' [Ideal] എന്നതു് മഴവില്ലുപോലെ മനോഹരവും, എന്നാൽ അടുത്തുചെല്ലുമ്പോഴയ്ക്കും മാഞ്ഞുപോകുന്നതിനാൽ ദുർഗ്രഹവുമായിട്ടുള്ളതാണെന്നു് ആദർശത്തെപ്പററി ഒരു മഹാൻ പറഞ്ഞിട്ടുള്ളതു് സംസ്കാരത്തിൻെറ കാര്യത്തിലും ഏറെക്കുറെ അനുഗതമായി കാണുന്നുണ്ടു്. കവിതയ്ക്കു പല ഭാഷകളിലും പല വിദ്വാന്മാരും പല വിവരണങ്ങളും ചെയ്തിട്ടുണ്ടു്. എന്നിട്ടും, കവിത എന്നാൽ എന്താണെന്നു ചോദിച്ചാൽ, സെയിൻറു് അഗസ്റ്റീൻ ഒരിക്കൽ പറഞ്ഞതുപോലെ, എനിക്കതറിഞ്ഞുകൂടെന്നും ചോദിക്കാത്തപക്ഷം എനിക്കതു് അറിയാമെന്നും അല്ലാതെ പറയുവാൻ സാധിക്കുമോ? സംസ്കാരം എന്നാലെന്തെന്നു ചോദിച്ചാലും ഒരുവേള ഇങ്ങിനെതന്നെ പറയേണ്ടിവന്നേക്കും.

സംസ്കാരത്തിൻെറ സ്വരൂപം ഇങ്ങിനെ ദുർബ്ബോധമായിരിക്കുന്നതാണെങ്കിലും അതിനെപ്പോലെ ദുർബ്ബോധങ്ങളായിട്ടുള്ള മററു പല വിഷയങ്ങൾക്കും എന്നപോലെ അതിനും പല നിർവ്വചനങ്ങളും നിരൂപണങ്ങളും ഉണ്ടാകാതേയിരുന്നിട്ടില്ല. സംസ്കാരത്തിൻെറ സഹചാരികളായ ആശയങ്ങൾ പലതും ഉള്ളതിനാൽ, അവയിൽ ഓരോന്നിനെ മുഖ്യമായു് അവലംബിച്ചുകൊണ്ടു് ഓരോരോ നിർവ്വചനങ്ങൾ ഉണ്ടാകുവാനിടയായിട്ടുണ്ടു്. നിർവ്വചനകർത്താക്കന്മാർ അവരവക്കു് പ്രധാനമായി തോന്നുന്ന ആശയത്തെ മുൻനിർത്തി സംസ്കാരത്തെ നിർവ്വചിച്ചിരിക്കയാണു്. ഇപ്രകാരം ഉണ്ടായിട്ടുള്ള നാനാവിധങ്ങളായ ആ നിർവ്വചനങ്ങളെ നിരൂപണം ചെയ്തു്, അവയിൽ ഇന്നതെല്ലാം ശരിയാണെന്നും ഇന്നതെല്ലാം തെററാണെന്നും തീർത്തു പറയുവാൻ ആക്കും സാധിക്കുന്നതല്ല. അതിനാൽ സംസ്കാരത്തോടു സംബന്ധപ്പെട്ടു നിൽക്കുന്ന ആശയങ്ങൾ എന്തെല്ലാമാണെന്നു മനസ്സിലാക്കുവാൻ ശ്രമിക്കുക മാത്രമാണു് യുക്തരൂപമായിട്ടുള്ളതു്.

സംസ്കാരം എന്നതു് *അന്തഃകരണത്തിനുണ്ടാകുന്ന ഒരു പ്രത്യേക ഭാവമാണ്. വിദ്യാഭ്യാസം, വിജ്ഞാനം, ലോകപരിചയം, സാഹചര്യം മുതലായ ഓരോരോ ഉപാധികൾ മൂലമായി, അന്തഃകരണത്തിനുണ്ടാകുന്ന മാർദ്ദവം, പക്വത, ഗൌരവം, ശക്തി തുടങ്ങിയ ഗുണങ്ങളുടെ യോഗത്തിൽ ഉളവാകുന്ന ഒരു ഭാവവിശേഷമാണ് സംസ്കാരം. മനോവികാരം, ബുദ്ധിശക്തി, ഭാവനാശക്തി എന്നിങ്ങനെയുള്ള അന്തഃകരണത്തിൻെറ എല്ലാ അംശങ്ങളും വേണ്ടതുപോലെ വികസിച്ച് പൂർണ്ണതയെ പ്രാപിക്കുന്ന അവസ്ഥയാണ് സംസ്കാരം. വേറൊരു വിധത്തിൽ പറയുകയാണെങ്കിൽ മനുഷ്യത്വത്തിൻെറ പൂർണ്ണതയിലേയ്ക്കുള്ള പ്രയാണത്തിൽ ഉണ്ടാകുന്ന അവസ്ഥാവിശേഷമാണ് സംസ്കാരം എന്നു പറയാം. മനുഷ്യത്വത്തെ മനോഹരവും മഹത്തരവുമാക്കിത്തീർക്കുന്ന ശക്തികളുടെയെല്ലാം യോജിച്ചുകൊണ്ടുള്ള വികാസത്തെയാണ് പൂർണ്ണത എന്നു പറയുന്നതു്. ഇങ്ങിനെയുള്ള ഒരു അവസ്ഥാവിശേഷം ഉണ്ടാകുന്നതിനോടൊപ്പം ഉണ്ടാകുന്ന ഒരു ഭാവമാണ് സംസ്കാരം. സംസ്കാരത്തോടു ചേർന്നു നില്ക്കുന്ന എല്ലാ ആശയങ്ങളേയും ക്രോഡീകരിക്കുന്ന പൂർണ്ണമായ ഒരു വിവരണമാണ് ഇതെന്ന് ഇവിടെ പറയുന്നില്ല. അവ്യാപ്തി, അതിവ്യാപ്തി, വ്യഭിചാരം എന്നീ ദോഷത്രയം ബാധിക്കാത്ത ശാസ്ത്രീയമായ ഒരു നിർവ്വചനം ഇവിടെ സാധ്യവുമല്ല.

"ലോകത്തിലുള്ള എല്ലാ നല്ല അറിവുകളുടേയും സാരമായ ചൈതന്യമാണ് സാംസ്കാരം" എന്നു മാത്യുആർണോൾഡ് പറഞ്ഞിരിക്കുന്നു. പഠിപ്പും അറിവും ഉണ്ടായതുകൊണ്ടു മാത്രം സംസ്കാരം ഉണ്ടായി എന്നു വരുന്നതല്ല. പഠിപ്പും അറിവും ഉള്ളവർ ലോകത്തിൽ എത്രയോ അസംഖ്യമുണ്ട്. അവരെല്ലാവരും ഒരുപോലെ സംസ്കാരസമ്പന്നരാണെന്നു പറയുവാൻ ആർക്കെങ്കിലും സാധിക്കുമോ എന്നു സംശയമാണ്. നാട്ടിലുള്ള പുസ്തകങ്ങളത്രയും വായിച്ചു, മീതെയ്ക്കുമീതെ അകത്തു അറിവുകളുടെ കൂട്ടത്തെ കടത്തിവിടുന്നതുകൊണ്ടോ, പഠിച്ചതു എന്തായാലും ഒരക്ഷരം മറക്കാതെ എപ്പോൾ വേണമെങ്കിലും പുറത്തേയ്ക്കു എടുത്തു കാട്ടുവാൻ കഴിയുന്നതുകൊണ്ടോ ഒന്നും ഒരാൾ സംസ്കാരമുള്ളവനായെ കഴിയൂ എന്നില്ല. പഠിപ്പും അറിവും പിട്ടപ്പതിലധികമുള്ള പലരും തീരെ സംസ്കാരമില്ലാത്തവരായും, പഠിപ്പും അറിവും വളരെ അധികമുണ്ടെന്നു അവകാശപ്പെടുവാൻ നിവൃത്തിയില്ലാത്ത പലരും നല്ല സംസ്ക്കാരമുള്ളവരായും കാണപ്പെടുന്നുണ്ട്. പഠിച്ച 'പണ്ഡിതമൂഢ'ന്മാരോടൊപ്പം പഠിക്കാത്ത വിദ്വാന്മാരുമുണ്ടല്ലൊ. "പഠിച്ചതെല്ലാം ഒരുകാലത്തു ഓർമ്മയിൽ നിന്നു വിട്ടുപോയാലും, ഒരിക്കലും വിട്ടുപോകാതെ ശേഷിച്ചു നില്ക്കുന്നതെന്തൊ അതാണ്

* വികാരപ്രധാനമായ മനസ്സും (ഹൃദയം), വിചാരപ്രധാനമായ ബുദ്ധിയും, വിവേചനപ്രധാനമായ ചിത്തവും അടങ്ങിയതാണ് അന്തഃകരണം.

സംസ്ക്കാരം" എന്നു ഒരു മഹാൻ പറഞ്ഞിട്ടുള്ളതു ഈ ഘട്ടത്തിൽ ഓൎമ്മ വരുന്നു. കേവലമായ പഠിപ്പും അറിവും കുറെക്കാലം ഉപയോഗിക്കാതെയിരിക്കുകയാണെങ്കിൽ ഒരുപക്ഷെ വിട്ടുപോയി എന്നു വന്നേയ്ക്കും. എന്നാൽ കൈവന്ന സംസ്ക്കാരം ഒരിക്കലും കൈവിട്ടുപോകുന്നതല്ല

പഠിപ്പും അറിവും സംസ്ക്കാരം ഉണ്ടാകുന്നതിനുള്ള ഉപാധികൾ തന്നെയാണ്. എന്നാൽ പഠിച്ചതുകൊണ്ടും അറിഞ്ഞതുകൊണ്ടും മാത്രമായില്ല; ഒരു വിദ്യ പഠിക്കുകയാണെങ്കിൽ അതു വേണ്ടതുപോലെ പഠിക്കണം. ഒരു വിഷയം അറിയുകയാണെങ്കിൽ അതു ശരിയായ വിധത്തിൽ അറിയണം. പഠിച്ചതിൽനിന്നും അറിഞ്ഞതിൽനിന്നും വേണ്ടതുമാത്രം എടുത്തു് വേണ്ടപ്പോൾ വേണ്ടവിധത്തിൽ ഉപയോഗിക്കുവാനും അറിയണം. "വേണ്ടതു വേണ്ടതുപോലെ അറിയുകയാണ് സംസ്ക്കാരം" എന്നത്രെ വിശിഷ്ടനായ ഒരു വിദ്വാൻ പറഞ്ഞിട്ടുള്ളതു്. മനുഷ്യൻ അറിവിനു അധീനപ്പെടുകയല്ല, അറിവു മനുഷ്യന് അധീനപ്പെടുകയാണു വേണ്ടതു്. മനുഷ്യൻ അറിവിനു അധീനപ്പെടുമ്പോൾ, മനുഷ്യനു അറിവിനെ നിയന്ത്രണം ചെയ്വാൻ സാധിക്കാതെയിരിക്കുമ്പോൾ, ഉണ്ടാകുന്നതു അറിവിൻെറ ദുർവിനിയോഗമാകുന്നു. അറിവിനെ അനാശാസ്യമായും അനാവശ്യമായും ഉള്ള നിലയിൽ വിനിയോഗിക്കുന്നതു് അറിവിനുള്ള വലിയ ഒരു ശാപമാണ്. അറിവിൻെറ വില അറിയാത്ത അജ്ഞന്മാരുടെ ഇടയിൽവച്ചു, ഒരാൾ തനിക്കുള്ള അറിവിനെ പ്രകടനം ചെയ്യുകയാണെങ്കിൽ അതു് അറിവിൻെറ ദയനീയമായ ദുർവിനിയോഗമാകുന്നു. അറിവിനെ വിലമതിക്കുവാൻ കഴിയുന്ന അഭിജ്ഞന്മാരുടെ ഇടയിൽവച്ചു തന്നെയായാലും ആവശ്യമില്ലാതെ അറിവിനെ പ്രകടനം ചെയ്യുന്നതു ചീത്തയാണ്. അറിവിൻെറ അഹങ്കാരത്തോടുകൂടിയ ദുർവിനിയോഗമാണതു് എന്നാണു പറയേണ്ടതു്. ഒരു വസ്തു എത്രതന്നെ വിശിഷ്ടമായിരുന്നാലും, അതിനെ വേണ്ടവിധത്തിൽ വിനിയോഗിച്ചാൽ മാത്രമെ അതിനു സാഫല്യവും പ്രകാശവും സിദ്ധിക്കുകയുള്ളൂ. ഈ സാമാന്യനിയമം അറിവിനെസ്സംബന്ധിച്ചിടത്തോളവും ബാധകം തന്നെയാണ്. അറിവിന്നു സാഫല്യവും പ്രകാശവും ഉണ്ടാകുന്നതു അതിനെ വേണ്ടതിന്മണ്ണം ഉപയോഗിക്കുമ്പോൾ മാത്രമാകുന്നു. സംസ്ക്കാരമുള്ളവൻ തൻെറ അറിവിനെ വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തും. സംസ്ക്കാരമാണ് അറിവിനെ സഫലവും പ്രകാശയുക്തവുമാക്കിത്തീൎക്കുന്നതു്. സംസ്ക്കാരമില്ലാത്തവൻെറ അറിവു മുൻപറഞ്ഞതുപോലെ ദുർവിനിയോഗം നിമിത്തം പ്രയോജനപ്പെടാതെയും പ്രകാശിക്കാതെയും പോകുന്നു. അതുകൊണ്ടു് അറിവിനു അങ്ങോട്ടധീനപ്പെടുകയല്ല, അറിവിനെ ഇങ്ങോട്ടു അധീനപ്പെടുത്തുകയാണു വേണ്ടതു്. അതാണ് സംസ്ക്കാരത്തിൻെറ ലക്ഷണം.

പുസ്തകങ്ങൾ ധാരാളം പഠിച്ചതുകൊണ്ടാരും സംസ്കാരമുണ്ടായി എന്നവരുന്നതല്ലെന്നും നേരേമറിച്ച് പുസ്തകങ്ങൾ വളരെ ഒന്നും വായിച്ചിട്ടില്ലാത്ത പലക്കും സംസ്കാരം ഉണ്ടായേയ്ക്കാമെന്നും മുമ്പേ പറഞ്ഞുവല്ലൊ. ഉയൎന്ന സൎവകലാശാലാപരീക്ഷകൾ പാസ്സായി, വലിയ ബിരുദങ്ങൾ നേടിയിട്ടുള്ളവരും, പരിഷ്കാരകേന്ദ്രമായ പട്ടണത്തിൽ ജീവിക്കുന്നവരുമായ യോഗ്യന്മാരുടെ ഇടയിൽ, സംസ്കാരം തൊട്ടുതെറിച്ചിട്ടില്ലാത്ത പലരേയും നമുക്കു കാണ്മാൻ കഴിയും. നേരേമറിച്ച്, വലിയ വിദ്യാഭ്യാസവും, പരീക്ഷാബിരുദവും ഒന്നും ഇല്ലാത്തവരും, പരിഷ്കാരം കടക്കാത്ത നാട്ടുമ്പുറത്ത് ജീവിക്കുന്നവരുമായ കൃഷകന്മാരുടേയും മററും ഇടയിൽ ശരിയായ സംസ്കാരമുള്ള പലരേയും നമുക്കു കാണ്മാൻ കഴിഞ്ഞു എന്നും വന്നേയ്ക്കും. പറയത്തക്ക വിദ്യാഭ്യാസമൊന്നുമില്ലെങ്കിലും, തൻെറ വീട് വൃത്തിയായും ഭംഗിയായും സൂക്ഷിക്കയും, വിവിധങ്ങളായ സസ്യസമൂഹങ്ങളെ നട്ടുനനച്ചുവളൎത്തി. തൻെറ വളപ്പിനെ കൌതുകകരമാക്കി തീൎക്കുകയും, യഥാകാലം തൻെറ വയലുകളിൽ വേലചെയ്തു വിളവെടുക്കുകയും, സത്യധൎമ്മങ്ങളിൽ നല്ല വിശ്വാസനിഷ്ഠകളോടുകൂടി വൎത്തിക്കുകയും ചെയ്യുന്ന ഒരു കൃഷിക്കാരന് സംസ്കാരമില്ലെന്ന് നമുക്കു പറവാൻ സാധിക്കുമൊ? അതിനാൽ പാണ്ഡിത്യം, പുറംമോടി, പദവിവലുപ്പം മുതലായവയേക്കാൾ, ശുചിത്വം, സൌന്ദൎയ്യബോധം, വിവേകം, ധൎമ്മനിഷ്ഠ മുതലായ ഗുണങ്ങളാണ് സംസ്കാരത്തിൽ പ്രാധാന്യം വഹിക്കുന്നത് എന്നവരുമുണ്ട്. അറിയേണ്ടത് അറിയുക; ചെയ്യേണ്ടത് ചെയ്യുക; നന്മയേയും തിന്മയേയും തിരിച്ചറിയുക; അതാതുവസ്തുക്കളെ അതാതിൻെറ ശരിയായരൂപത്തിൽ കണ്ടറിയുക; ഇതാണ് ശരിയായ സംസ്കാരം; ഇതാണ് യഥാൎത്ഥമായ മനുഷ്യത്വം.

സംസ്കാരത്തിൻെറ അടിസ്ഥാനമെന്താണ്? അല്ലെങ്കിൽ സംസ്കാരസൌധത്തിൻെറ അസ്ഥിവാരത്തിൽ എന്തെല്ലാം ഉപാധികളാണ് അടങ്ങിയിട്ടുള്ളത്? ഈ പ്രശ്നം എളുപ്പത്തിൽ സമാധേയമാകത്തക്കവണ്ണം അത്ര ലഘുവായിട്ടുള്ള ഒന്നല്ല. സംസ്കാരത്തെ പലരും പല വീക്ഷണകോണങ്ങളിലുംനിന്ന് നിരീക്ഷിക്കുന്നതിനാൽ അതിന്നു പല വിവരണങ്ങളും ഉണ്ടായിട്ടുള്ളതുപോലെ, സംസ്കാരത്തിൻെറ അവലംബഭൂതങ്ങളായ ഉപാധികൾക്കും പല വിവരണങ്ങളുമുണ്ടായിട്ടുണ്ട്. സംസ്കാരത്തിൽ പ്രകാശിക്കുന്ന സന്മാൎഗ്ഗബോധത്തിന്നു പ്രാധാന്യം കൊടുക്കുന്നവർ അതിന്നനുരൂപമായ വിധത്തിൽ സംസ്കാരത്തേയും അതിൻെറ ഉപാധികളേയും വിവരിക്കുന്നു. സംസ്കാരത്തിൽ വെളിപ്പെടുന്ന സൌന്ദൎയ്യബോധത്തെ മുഖ്യമായി ഗണിക്കുന്നവർ അതിന്നു യോജിച്ച വിധത്തിൽ അവയെ പ്രതിപാദിക്കുന്നു. ഇനിയൊരു കൂട്ടർ സംസ്കാരം വിശദപ്പെടുത്തുന്ന

വിവേകത്തിന്നു പ്രാധാന്യം കല്പിക്കുന്നതിനാൽ അതിന്നനുഗുണമായ രീതിയിലാണ് അവർ അവയെ വിചാരിക്കുന്നത്. വിവിധങ്ങളായ ഈ വിവരണങ്ങളിൽ ഏതിനേയാണ് നാം മുഖ്യമായവലംബിക്കേണ്ടതു് എന്ന സംഗതിയിൽ വിഷമപ്പെട്ടു പോകാതെ തരമില്ല. എങ്കിലും ഈ വിഷയം സംബന്ധിച്ച ചില സംഗതികൾ നമുക്കിവിടെ ചിന്തനം ചെയ്യേണ്ടിയിരിക്കുന്നു.

പാരമ്പര്യം, കർമ്മം എന്നിവയിലാണ് സംസ്കാരത്തിന്റെ അടിസ്ഥാനം അടിയുറച്ചു നിൽക്കുന്നത്. പാരമ്പര്യം എന്നാൽ തലമുറകൾ വഴിക്കുള്ള വംശബന്ധമെന്നർത്ഥമാകുന്നു. മാതാപിതാക്കന്മാരിൽ നിന്നോ, വംശപൂർവികന്മാരിൽ നിന്നോ രക്തബന്ധം വഴിയായും, സാഹചര്യം മൂലമായും വന്നുചേരുന്ന സ്വഭാവധർമ്മത്തെ പാരമ്പര്യഗുണം എന്നുപറയുന്നു. അച്ഛനമ്മമാരുടെയൊ, അവർക്കുമുമ്പുള്ള തലമുറകളുടേയൊ ചില പ്രത്യേകമനോഭാവങ്ങൾ വംശൈക്യം വഴിക്കു പിന്നീടു വരുന്ന സന്താനപരമ്പരകളിൽ സംക്രമിക്കുന്നതു് സാധാരണമാണ്. മാതാപിതാക്കന്മാരിൽ ആരെങ്കിലുമൊ, അടുത്ത വംശപൂർവ്വികന്മാരിൽ ആരെങ്കിലുമൊ, സംഗീതം, സാഹിത്യം, ചിത്രമെഴുത്ത്, വൈദ്യം മുതലായ വിദ്യകളിൽ വല്ലതിലും വൈദഗ്ദ്ധ്യമുള്ളവരെങ്കിൽ അവരുടെ ആ വിദ്യാവൈദഗ്ദ്ധ്യം പിൻഗാമികളായ സന്താനങ്ങളിൽ വാസനാരൂപേണ സംക്രമിച്ചിരിക്കുന്നതായി നാം കണ്ടുവരുന്നുണ്ടല്ലൊ. അതിനുംപുറമെ, അച്ഛനമ്മമാർ മുതലായ നിത്യസഹചാരികൾ പറയുന്നതും പ്രവർത്തിക്കുന്നതും അനുകരിക്കുന്ന ശിശുക്കളിൽ അതിന്നനുരൂപമായ വിധത്തിലുള്ള സ്വഭാവധർമ്മങ്ങൾ ഉണ്ടായിത്തീരുന്നതും നമുക്കനുഭവമുള്ളതാണ്. ഇപ്രകാരം പാരമ്പര്യംകൊണ്ടും സാഹചര്യംകൊണ്ടും ഉണ്ടായിത്തീരുന്ന വാസനയും സ്വഭാവവിശേഷവും സംസ്കാരത്തിന്റെ മുഖ്യമായ അടിസ്ഥാനമാകുന്നു. വംശപാരമ്പര്യം എന്നപോലെതന്നെ, സമുദായപാരമ്പര്യം, രാഷ്ട്രപാരമ്പര്യം എന്നിവയും സംസ്കാരത്തിന്റെ അവലംബങ്ങളാണെന്ന സംഗതിയും ഇവിടെത്തന്നെ പ്രസ്താവിക്കേണ്ടതുണ്ട്. വംശപാരമ്പര്യം, സമുദായപാരമ്പര്യം രാഷ്ട്രപാരമ്പര്യം എന്നിവ വഴിയായി വന്നുചേരുന്ന ഗുണത്തെ പാരമ്പര്യവാസന എന്നുപറയുന്നു. ഈ പാരമ്പര്യവാസനയെ അവലംബിച്ചുനില്ക്കുന്ന സംസ്കാരത്തെ പാരമ്പര്യസംസ്കാരം എന്നും പറയുന്നു.

(തുടരും)

# റഷ്യൻവിദ്യാഭ്യാസം.

## II

(എം രാമവർമ്മതമ്പാൻ ബി. എ. എൽ. ടി.)

റഷ്യയെ പരിഷ്കരിക്കാൻ പുറപ്പെടുന്നതിനു മുമ്പായി പല പഴയ സ്ഥാപനങ്ങളെ നശിപ്പിക്കുക എന്നതു വിപ്ലവധർമ്മമായിത്തീർന്നു. പഴയ ഗൃഹം പുതുക്കുമ്പോൾ അതു മുഴുവനുമോ അതിൽ ചില ഭാഗങ്ങളോ പൊളിച്ചു കളയേണ്ടി വരുമല്ലോ. വിപ്ലവത്തിനു മുമ്പുണ്ടായിരുന്നവയും കാലാതീതങ്ങളായതുമായ പല കാര്യങ്ങളേയും വിപ്ലവകാരികൾ നശിപ്പിച്ചു. വിദ്യാലയം മുതലാളിത്വപോഷണസാധനമല്ലാതാക്കുകയായിരുന്നു ആദ്യം ചെയ്തതു്.

മുതലാളിസമുദായത്തിൽ ഉൽകൃഷ്ടവിദ്യാഭ്യാസം സാധുക്കളെ പിഴിഞ്ഞൂറ്റുന്ന മുതലാളിവർഗ്ഗത്തിന്റെ പ്രത്യേകസ്വത്തായിരുന്നു. ഈ വക വിദ്യാലയങ്ങൾ എല്ലാം നശിപ്പിക്കണം. മുതലാളിയുടെ സാങ്കേതികവിദ്യാലയങ്ങളും മുതലാളിസംസ്കാരവും സാധുവഞ്ചന ചെയ്യാൻ പഠിപ്പിക്കുന്നവയായിരുന്നു. സാധുക്കളായ കൂലിവേലക്കാരുടെ സ്കൂളിൽനിന്നും പഴയതരം വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരിൽ സാധുസംസ്കാരത്തിനു അപ്രാപ്തന്മാരോ, വിമുഖന്മാരോ ആയവരെ നിഷ്കരുണം പാടേ കളയണം.

പഴയ വിദ്യാലയങ്ങളിലെ അദ്ധ്യാപകന്മാരിൽ മുതലാളിവാസന കുത്തിവയ്ക്കപ്പെട്ടിരിക്കയായിരുന്നു. ഇവയിലെ അഭ്യസനരീതിതന്നെ മുതലാളിഗുണം പുലർത്താൻ ശീലിപ്പിക്കുന്ന ഒന്നായിരുന്നു. പുതിയ സ്കൂളുകളിൽ ഈ വക മാറാലകൾ ഒരിക്കലും കൂടാൻ സമ്മതിക്കരുതു്.

പഴയ സ്കൂൾ മതവുമായി കൂട്ടിക്കെട്ടിയിരിക്കയായിരുന്നു. നിർബ്ബന്ധമായ മതാഭ്യസനം, പ്രാർത്ഥനയിൽ നിർബ്ബന്ധിതമായി പങ്കുകൊള്ളുക, നിർബ്ബന്ധിതമായ ദേവാലയദർശനം ഇവ ഒഴിച്ചുകൂടാൻ വഹിയാത്ത ഏർപ്പാടുകളായിരുന്നു. പുതിയ സ്കൂളിൽനിന്നും മതത്തിനെ കഴുത്തിൽപിടിച്ചു പുറത്തു തള്ളണം. ഏതു രൂപത്തിൽ അതു സ്കൂളിൽ പ്രവേശിക്കാൻ വന്നാലും പഴഞ്ചന്മാരായ പിതാക്കൾ എത്രതന്നെ നിർബ്ബന്ധിച്ചാലും മതത്തിനു വിദ്യാലയങ്ങളിൽ ഒരിക്കലും പ്രവേശം അനുവദിക്കാൻ പാടില്ല.

പഴയ കലാശാലകളിലെ അദ്ധ്യാപകന്മാർ ചേർന്നു് ഒരദ്ധ്യാപകസംഘമുണ്ടാക്കി. അതിന്റെ ഉദ്ദേശം പുതിയ ആശയമുള്ളവരെ കലാശാലയിൽ പ്രവേശിപ്പിക്കാതിരിക്കാനായിരുന്നു. മുതലാളിഭൃത്യരായ ഈ അദ്ധ്യാപകരുടെ സഹകരണപ്രസ്ഥാനം ഉടച്ചുതകർക്കണം. അദ്ധ്യാപകസ്ഥാനം യോഗ്യതയുള്ള ഏവനും പ്രാപ്യമാക്കണം.

സാർ ചക്രവർത്തിയുടെ കാലത്തു് രാജ്യകാര്യങ്ങളിലും സ്കൂളുകളിലും റഷ്യൻഭാഷ മാത്രമെ ഉപയോഗിക്കാവൂ എന്നായിരുന്നു ചട്ടം. റഷ്യൻഭാഷ ഉപയോഗിക്കാത്ത പ്രജകൾക്കു് ആ ഭാഷ പഠിച്ചല്ലാതെ സ്വഭാഷയിൽ വിദ്യാഭ്യാസം സാധ്യമല്ലായിരുന്നു. പുതിയ വിദ്യാലയങ്ങളിൽ ദേശീയമൎദ്ദനം പാടില്ല. ഏതു വൎഗ്ഗത്തിനും അതിന്റെ മാതൃഭാഷയിൽ വിദ്യാഭ്യാസം ചെയ്യാൻ സൌകൎയ്യം ഉണ്ടായിരിക്കണം.

സാമ്യതത്വവിദ്യാഭ്യാസത്തിനും ബുദ്ധിസംസ്കാരത്തിനും വിദ്യാലയങ്ങൾ ഉത്തമമാൎഗ്ഗങ്ങളാകണം. മുതലാളികൾ ജനസംഖ്യയിൽ തുച്ഛമായ ഒരംശം മാത്രമാണല്ലൊ. ഇവൎക്കു ഈ കാരണത്താൽ തന്നെ ഭൂരിപക്ഷക്കാരായ ജനസാമാന്യത്തെ, അതായതു ലക്ഷോപലക്ഷം വേലക്കാരെ, തങ്ങളുടെ ആദൎശം നിർബ്ബന്ധിച്ചു പഠിപ്പിക്കാൻ യാതൊരധികാരവും അവകാശവും ഇല്ലാത്തതാകുന്നു. സംഖ്യ നോക്കുകയാണെങ്കിൽ അഗണ്യമായ ഒരു തുച്ഛ എണ്ണം ആളുകളുടെ ആദൎശവും ചാരിത്രബോധവും ഭൂരിപക്ഷം ജനങ്ങളും സ്വീകരിക്കണമെന്നു ശഠിക്കാൻ ഇവൎക്കു് എന്തവകാശം?.

മുതലാളരാജ്യങ്ങളിൽ കൂലിവേലവൎഗ്ഗവും കൃഷകവൎഗ്ഗവും ജനസാമാന്യത്തിന്റെ ഭൂരിപക്ഷമായിരിക്കുമല്ലൊ. റഷ്യയിൽ പട്ടണങ്ങളിലെ വേലക്കാർ ന്യൂനപക്ഷക്കാരാണെങ്കിലും കൂലിവേലക്കാരുടെ നായകന്മാരായും രാജ്യകാൎയ്യങ്ങളിൽ നേതാക്കന്മാരായും തീൎന്നു. അതിനാൽ ഇക്കൂട്ടർ കൂലിവേലക്കാരെ ആസകലം ഇളക്കി അവരിൽ സാമ്യബോധം ഉണ്ടാക്കാൻ ശ്രമിക്കുന്നതു് സ്വാഭാവികമാണല്ലൊ. മുതലാളികൾ വേലക്കാരെ ഒക്കെ അടിമകളാക്കാൻ അവരുടെ സ്കൂളുകളെ ഉപയോഗിച്ചു. കൂലിക്കാരാകട്ടെ സ്വവൎഗ്ഗക്കാരെ മുതലാളരുടെ അടിമത്വത്തിൽനിന്നും മോചിപ്പിക്കാൻ തങ്ങളുടെ സ്കൂളുകൾ ഉപയോഗിക്കുന്നു. ഈ അടിമത്വബോധം വേലക്കാരുടെ മനസ്സിൽനിന്നു കളയാനാണു് അവർ ശ്രമിക്കുന്നതു്. സ്കൂളുകൾവഴിയായി കൂലിവേലക്കാരിൽ ഒരു മുതലാളമനഃസ്ഥിതി ഉണ്ടാക്കിത്തീൎക്കാൻ മുതലാളന്മാൎക്കു് സാധിച്ചു. ഇന്നത്തെ സ്കൂളുകൾ മുതലാളികുട്ടികളിലും ഒരു കൂലിവേലമനഃസ്ഥിതി ഉണ്ടാക്കാനാണു് യത്നിക്കുന്നതു്. മാനസികമായിട്ടും മുതലാളസമുദായത്തെ ധ്വംസിക്കാനാണു് സ്കൂളുകൾ ശ്രമിക്കുന്നതു്. സോവിയററു് എന്ന ഭരണസംഘം മൂലം സാമ്പത്തികവിഷയത്തിൽ ഈ മാനസാന്തരം വന്നുകഴിഞ്ഞിരിക്കുന്നു. നൂതനമായ ഈ സമുദായബന്ധത്തിനു മനുഷ്യരുടെ മനഃസ്ഥിതി തയ്യാറാകണം. ജനസാമാന്യത്തിൽ സാമ്യവാദബോധം എളുപ്പത്തിൽ വേരൂന്നുകയില്ല. എന്തെന്നാൽ ചിരപരിചയംകൊണ്ടു, മുതലാളന്മാരോടുള്ള അടിമത്തം അവൎക്കു സാത്മ്യമായിരിക്കുന്നു. മുതലാളശാസ്ത്യങ്ങളെ അവർ ഇന്നും മാനിക്കുന്നു. 'ഞാൻ രാജാവാ

യെങ്കിൽ' 'ഞാൻ പ്രഭുവാണെങ്കിൽ' എന്നുതുടങ്ങിയാണ് ഒരു ശുഭദശയെപ്പററി അവർ ചിന്തിക്കാൻ തുടങ്ങുന്നത്. ഈ വ്യാമോഹം ആദ്യം നശിക്കണം. അതിനാൽ പ്രായംചെന്നവരിലും ഈ മാനസാന്തരം വരുത്തേണ്ടതു് സ്കൂളുകളുടെ ഭാരമാകുന്നു. ഏററവും പ്രധാനമായി സ്കൂളുകൾ സാധിക്കേണ്ടതു വളൎന്നുവരുന്ന യുവാക്കളിൽ വേലയുടെ മാഹാത്മ്യവും സാമ്യവാദതത്വത്തിൻെറ നന്മയും ആവശ്യവും നല്ലവണ്ണം ഉറപ്പിക്കുകയാകുന്നു.

ഈ ഉദ്ദേശം സാധിക്കയാകുന്നു വിദ്യാഭ്യാസപരിഷ്കാരത്തിൻെറ മുഖ്യോദ്ദേശ്യം. ഇവയിൽ ചിലതൊക്കെ സാധിച്ചുകഴിഞ്ഞിരിക്കുന്നു. ചിലതു ഇനിയും സാധിക്കാനുണ്ട്.

<u>വിദ്യാലയജീവിതത്തിനുള്ള ഒരുക്കം.</u> മുതലാളിസമുദായത്തിൽ കുട്ടികൾ മാതാപിതാക്കന്മാരുടെ സ്വത്താകുന്നു. മുഴുവനുമല്ലെങ്കിലും ഒട്ടുമുക്കാലും അങ്ങിനെതന്നെ. 'എൻെറ മകൻ' 'എൻെറ മകൾ' എന്നൊക്കെ പിതാക്കൾ പറയുമ്പോൾ ഇവർ തങ്ങളിൽ ഒരു പിതൃപുത്രബന്ധമുണ്ടെന്നു മാത്രമല്ല ധ്വനിക്കുന്നത്. തങ്ങളുടെ കുട്ടികളെ തങ്ങളുടെ ഹിതം പോലെ വിദ്യ അഭ്യസിപ്പിച്ചു വളൎത്താൻ തങ്ങൾക്കധികാരമുണ്ടെന്നു കൂടി ധ്വനിക്കുന്നുണ്ട്. സാമ്യവാദാദൎശപ്രകാരം ഈ അധികാരം പിതാക്കൾക്കു ഒരിക്കലും ഇല്ല. ഒരു മനുഷ്യവ്യക്തി ഒരിക്കലും പിതാക്കളുടെ സ്വത്തല്ല. അവൻ (അവൾ) സമുദായത്തിൻേറയൊ മനുഷ്യവൎഗ്ഗത്തിൻേറയൊ സ്വത്താണ്. ഒരു വ്യക്തിയ്ക്കു് സമുദായമുണ്ടെങ്കിൽ മാത്രമെ ജീവിച്ചു വളരാൻ സാധിക്കയുള്ളൂ. അതിനാൽ ഒരു വ്യക്തി താൻ ജനിച്ചു വളൎന്ന സമുദായത്തിൻെറ സ്വത്താണ്. ആ സമുദായമൊ തൻെറ പിതാക്കൾ കൂടാതെ മററു പലരും കൂടിച്ചേൎന്ന ഒന്നുമാണ്. അതിനാൽ കുട്ടികളെ പഠിപ്പിക്കേണ്ടതു സമുദായത്തിൻെറ പ്രഥമവും പ്രധാനവുമായ ഒരു കാൎയ്യമാണ്. ഇതിൻപ്രകാരം നോക്കുകയാണെങ്കിൽ പിതാവിനു തൻെറ കുട്ടികളെ തൻെറ പരിമിതത്വം അനുസരിച്ചു പഠിപ്പിക്കാൻ അവകാശം ഉണ്ടെന്നുള്ള വാദം കേവലം നിരസിച്ചാൽ മാത്രം പോരാ. ഹസിച്ചു നിരസിച്ചുകളകകൂടി ചെയ്യണം. സമുദായം കുട്ടികളെ പഠിപ്പിക്കുന്ന ജോലി പിതാക്കളെ ഏല്പിച്ചു എന്നുവരാം. അതിനു അനുവദിച്ചില്ലെന്നും വരാം. കുട്ടികളെ വിദ്യ അഭ്യസിപ്പിക്കാൻ പിതാക്കളെ ഏല്പിക്കാതിരിക്കാൻ ഒരു പ്രത്യേകകാരണംകൂടിയുണ്ട്. കുട്ടികളെ ജനിപ്പിക്കാനുള്ളതുപോലെ ഒരു പ്രാപ്തി അവരെ വിദ്യ അഭ്യസിപ്പിക്കാൻ പിതാക്കളിൽ അത്ര സുലഭമായി കണ്ടുവരുന്നില്ല. നൂറു അമ്മമാരിൽ കുട്ടികളെ പഠിപ്പിക്കാൻ പ്രാപ്തിയുള്ളവരായി ഒന്നോ രണ്ടോ പേരെ കണ്ടാൽ ഭാഗ്യം. സമുദായവിദ്യാഭ്യാസമാണ് ഇനി വരാൻപോകുന്നത്. സമുദായവിദ്യാഭ്യാസം

മൂലം, വരുന്ന തലമുറക്കാരെ ഏററവും ചുരുങ്ങിയ ചിലവിന്മേൽ ഏററവും ചുരുങ്ങിയ പ്രയത്നംകൊണ്ട് ഏററവും വിജനകരമായി വളത്തി ഒരു സാമ്യ സമുദായം ഉണ്ടാക്കാൻ സാദ്ധ്യമാകും.

കേവലം വിദ്യാഭ്യാസത്തിനും പുറമെ പല കാരണങ്ങളാലും സമുദായവിദ്യാഭ്യാസം സാധിക്കേണ്ടതാണ്. സാമ്പത്തികമായ പല ഗുണങ്ങളും അതിൽനിന്നുണ്ടാകേണ്ടതുണ്ട്. ലക്ഷോപലക്ഷം മാതാക്കന്മാക്ക് അതുമൂലം സ്വയംസംസ്കാരത്തിനും സമ്പാദ്യമുണ്ടാക്കുന്ന വേലക്കും സൌകര്യമുണ്ടാകുന്നു. ആത്മഹാനി വരുത്തുന്ന വീട്ടുജോലിയിൽ നിന്നും അവർ വിമുക്തകളാകുന്നു. വീട്ടിൽവച്ചു വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു വേണ്ട പല ചില്ലറ കാര്യങ്ങളിൽനിന്നും അവർ വിമുക്തകളാകുന്നു.

ഇതിനാലത്രെ സഭഭരണം സമുദായവിദ്യാഭ്യാസത്തിനു പല സ്ഥാപനങ്ങളും ഉണ്ടാക്കി അവയെ സവ്സാധാരണമാക്കാൻ നോക്കുന്നത്. ഇത്തരത്തിലുള്ള സ്ഥാപനങ്ങളാണ് കിൻറർഗാർട്ടൻ എന്ന ശൈശവാരാമം, കരനേത്രപരിശീലനസ്ഥാപനങ്ങൾ മുതലായവ. അവയിൽവച്ചു വിദഗ്ദ്ധന്മാർ കുട്ടികളെ വിദ്യാലയങ്ങളിൽ പ്രവേശിക്കാൻ ഒരുക്കും. ഇവ കൂടാതെ പിതാക്കളെ വിട്ടു സ്ഥിരമായൊ ദീഘകാലത്തേക്കൊ കുട്ടികൾക്കു മാറിത്താമസിക്കാനായി ശിശുശാലകളും ഉണ്ട്. നാലുവയസ്സിൽ കുറഞ്ഞ കുട്ടികളെ വളത്താൻ വിദഗ്ദ്ധകളാൽ സംരക്ഷിച്ചുപോരുന്ന (ക്രഷകൾ) ശിശുശാലകളുമുണ്ട്. ഇവയിൽ പിതാക്കൾ വേലയ്ക്കുപോകുമ്പോൾ കുട്ടികൾ രക്ഷിക്കപ്പെടുന്നു.

സാമ്യവാദികൾ ഒന്നാമതായ ഇത്തരം സ്ഥാപനങ്ങൾ ധാരാളം ഉണ്ടാക്കാൻ സഭഭരണംമൂലം ശ്രമിക്കുന്നുണ്ട്. അവ നല്ലതുപോലെ നടത്താനും നിഷ്കഷിക്കുന്നുണ്ട്. തീക്ഷ്ണമായ പ്രചരണവേലമൂലം പിതാക്കളുടെ മുതലാളസമ്പ്രദായഭ്രമം ഇല്ലാതാക്കാനും അവർ ശ്രമിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഉപദേശത്തിനു പുറമെ ഉദാഹരണങ്ങളും ധാരാളം വേണം. പലപ്പോഴും ഈ സ്ഥാപനങ്ങളുടെ പോരായ്മമൂലമാണ് പിതാക്കൾ അവയിലേക്കു കുട്ടികളെ അയക്കാൻ മടിക്കുന്നത്. സാമ്യവാദകക്ഷികളിൽ സ്ത്രീകളുടെപ്രധാനകത്തവ്യം സമുദായവിദ്യാഭ്യാസം ഫലവത്താക്കുന്നതിലാണ് സ്ഥിതിചെയ്യുന്നത്. ഇവയെ ഭരിക്കുന്നതിനായി പിതാക്കളുടെ സംഘങ്ങളും ശ്രമിക്കുന്നുണ്ട്.

(തുടരും)

# സഞ്ചാരശേഖരം.

(സി. ജി. അനന്തൻപിള്ള ബി. ഏ.)

പാശ്ചാത്യർ പ്രായേണ സഞ്ചാരപ്രിയന്മാരായിട്ടാണു് കണ്ടുവരുന്നതു്. അവരിൽ ഭൂരിപക്ഷവും ജീവിതയാത്ര അവസാനിപ്പിക്കുന്നതിനു മുമ്പായി ഒരു വിദേശസഞ്ചാരമെങ്കിലും നടത്താതിരിക്കയില്ല. സഞ്ചാരംകൊണ്ടു സിദ്ധിക്കുന്ന കായികവും മാനസികവുമായ സുഖംകൊണ്ടു മാത്രം അവർ തൃപ്തിപ്പെടുന്നില്ല. അവർ ഏതു ദേശം സന്ദർശിക്കുന്നുവോ അവിടത്തെ പ്രത്യേകതകൾ മനസ്സിലാക്കുന്നതിലും ഔത്സുക്യം പ്രദർശിപ്പിക്കുന്നു. ജനങ്ങളുടെ ജീവിതരീതി, നടപടി, ആചാരം, ഭാഷ, ഭരണരീതി മുതലായവ അവരുടെ ശ്രദ്ധയെ ആകർഷിക്കുന്ന വിഷയങ്ങളാണ്. മനുഷ്യസമുദായത്തിൽ അവരോളം അഭിവൃദ്ധി പ്രാപിച്ചവരും പരിഷ്കാരം സിദ്ധിച്ചവരും വേറെ ആരുംതന്നെ ഇല്ലെന്നു് അവർ സ്വയം അഭിമാനിക്കുന്നതുകൊണ്ടു് മററുള്ളവരുടെ ന്യൂനതകൾ കണ്ടുപിടിക്കുന്നതിൽ അവൎക്കു പ്രത്യേകതാല്പൎയ്യവുമുണ്ടു്. എന്നാൽ അവർ ഇതിലെല്ലാത്തിലും ഉപരിയായി പ്രകൃതിയുടെ രാമണീയകത്വം കണ്ടറിഞ്ഞു് ആസ്വദിക്കുന്നതിനും, പ്രകൃതിമാഹാത്മ്യത്തെയും രഹസ്യങ്ങളേയും ആരായുന്നതിനുമാണു് ഈ സഞ്ചാരങ്ങൾ വിനിയോഗിക്കാറുള്ളതു്. ഇൻഡ്യയിൽ താമസിക്കുന്ന പാശ്ചാത്യർതന്നെ ഒഴിവുകിട്ടുമ്പോഴെല്ലാം വലിയ പൎവ്വതങ്ങൾ, കാടുകൾ, നദികൾ മുതലായവ സന്ദർശിക്കുവാൻ പോകാറുള്ളതു നാം സാധാരണ കണ്ടുവരുന്ന ഒരു സംഗതിയാണല്ലോ. വലിയ വെള്ളച്ചാട്ടങ്ങളും മററും കണ്ടാൽ ഭയപ്പെട്ടു പിന്നോട്ടു പോകാതെ മുന്നോട്ടുതന്നെ പോയി അവർ അവയെപ്പററി വേണ്ട അന്വേഷണം നടത്തും. അവയിലുള്ള രഹസ്യങ്ങളറിയാനുള്ള അത്യാസക്തികൊണ്ടു് ചിലർ തിരിച്ചുവന്നില്ലെന്നു വന്നേക്കാം. ഇതിൽനിന്നെല്ലാം അവർ അന്വേഷണബുദ്ധിയുള്ളവരാണെന്നു് നമുക്കു സ്പഷ്ടമായി മനസ്സിലാക്കാം. എന്നാൽ ഇൻഡ്യക്കാരുടെ ചരിത്രം നോക്കിയാൽ ഈ വിഷയത്തിൽ അവർ സ്തുത്യർഹരല്ലെന്നു കാണാം. അന്വേഷണബുദ്ധിയില്ലാത്തവരാണോ എന്നുകൂടി ചിലപ്പോൾ തോന്നിപ്പോകും. വ്യത്യസ്തങ്ങൾ ഇല്ലായ്കയില്ല. പാശ്ചാത്യരെ പല കാൎയ്യങ്ങളിലും അനുകരിക്കുന്ന ഇൻഡ്യക്കാർ അവരേപ്പോലെ അന്വേഷണശീലമുള്ളവരായിരിക്കുവാൻ ശ്രമിച്ചാൽ അതു രാജ്യത്തിനു ശ്രേയസ്കരമായിത്തീരുമെന്നുള്ളതിനു സംശയമില്ല. ഈ അടുത്തകാലത്തു് ഇൻഡ്യാക്കാരും സഞ്ചാരത്തിൽ ഏൎപ്പെട്ടുതുടങ്ങിയിട്ടുണ്ടു്.

പക്ഷെ അന്വേഷണം വേണ്ടവിധം ബുദ്ധിയെ വ്യാപരിപ്പിക്കുന്നുണ്ടോ എന്നു സംശയമാണ്. ചിലരുടെ എല്ലാം സന്ദർശനം ദേഹസുഖാൎത്ഥമാണ്. മററുചിലർ പ്രകൃതിരാമണിയകത്വം കണ്ടറിയുന്നതിനുമാണ്. പ്രകൃതിയുടെ ഉത്തരംഗമായ ഇൻഡ്യയിലുള്ളതുപോലെ വിവിധതരത്തിലുള്ള ചെടികൾ വേറൊരുരാജ്യത്തും കാണുകയില്ല. ശീതമേഖലയിലുള്ള സസ്യങ്ങൾ കൂടി ഇവിടെ വളരുന്നുണ്ട്. എന്നാൽ ഇൻഡ്യക്കാർ സസ്യങ്ങളിൽ വേണ്ടവിധം ശ്രദ്ധിക്കയാകട്ടെ അവ പരിശോധിക്കയാകട്ടെ ചെയ്യുന്നില്ലെന്നുള്ളതു് ശോചനീയമാണ്. ഇതിനുള്ള ഒരു കാരണം ഒരു മിഥ്യാബോധമാണ്. സസ്യലോകം സസ്യശാസ്ത്രജ്ഞന്മാരെ സംബന്ധിക്കുന്നതാണെന്നും സാധാരണക്കാൎക്കു് അതിൽ കാൎയ്യമില്ലെന്നുമാണ് അവർ ധരിച്ചു വച്ചിട്ടുള്ളതു്. ചെടികളെപ്പററി ശാസ്ത്രീയമായ അറിവു് അവൎക്കേ ഉള്ളു എന്നു സമ്മതിക്കാം. എന്നാൽ അവൎക്കുപോലും അറിവില്ലാത്ത എന്തെല്ലാം രഹസ്യങ്ങളുണ്ട്? പ്രകൃതിയുടെ വിലമതിയററ ഈ ഭണ്ഡാഗാരത്തിൽ എത്രയെത്ര രത്നങ്ങളാണ് കിടക്കുന്നതു്? അവയുടെ മാററുരച്ചുനോക്കി ശരിയായ വില നിശ്ചയിക്കുവാൻ വളരെ പ്രയാസമാണ്. അതിൽ ജനങ്ങൾ താല്പൎയ്യം പ്രദൎശിപ്പിക്കുന്നുമില്ല. അതു രാജ്യത്തിനു വലിയ നഷ്ടമാണെന്നു പറയേണ്ട ആവശ്യമില്ലല്ലോ. ചില ചെടികൾ എന്തു ദിവ്യൌഷധങ്ങളാണ്! ശ്രീരാമചന്ദ്രന്റെ അപേക്ഷപ്രകാരം ഹനുമാൻ പറിച്ചുകൊണ്ടുവന്ന ആ മൃതസഞ്ജീവനി ചെടികളുടെ കൂട്ടത്തിൽ കണ്ടു എന്നു വന്നേക്കാം. എന്നാൽ എന്തു ഭാഗ്യമായി! ഡാക്ടർമാൎക്കും മററും പണം കൊടുക്കാതെ കഴിയും. മരണത്തിൽ ഭയപ്പെടുകയും വേണ്ട! പാശ്ചാത്യസസ്യശാസ്ത്രജ്ഞന്മാർ ശാസ്ത്രീയമായ അന്വേഷണങ്ങൾ നടത്തി, ഓരോ വസ്തുക്കൾ ചേൎത്തു മനുഷ്യശരീരത്തെ സൃഷ്ടിക്കുവാൻ ശ്രമിക്കുന്ന ഒരു കാലമാണിതു്. അവൎക്കു ശരീരത്തെ സൃഷ്ടിക്കുവാൻ സാധിച്ചിട്ടുണ്ടെന്നും ചൈതന്യം നൽകുവാൻമാത്രം കഴിഞ്ഞിട്ടില്ലെന്നും അതിനായി നിരന്തരപരിശ്രമം ചെയ്യുന്നുണ്ടെന്നും ആണ് അറിയുന്നതു്. ഈ ഘട്ടത്തിൽ ജീവചൈതന്യം നൽകുന്നതിനു ശക്തിയുള്ള ചിലചെടികൾ അന്വേഷണഫലമായി കണ്ടെത്തിയാൽ എന്തുഭാഗ്യമായി. അങ്ങനെ സംഭവിച്ചാൽ പാശ്ചാത്യശാസ്ത്രജ്ഞന്മാൎക്കു് അധികം ബുദ്ധിമുട്ടുകൂടാതെ കഴിയും. അതു ഇൻഡ്യാക്കാർ ലോകത്തിനു് ചെയ്യുന്ന ശാശ്വതമായ ഒരു നന്മയുമായിരിക്കും. നമ്മുടെ രാജ്യത്തിൽ എത്രയൊ തോട്ടക്കാരുണ്ട്! അവർ തോട്ടത്തിൽ കാണുന്ന വിവിധതരത്തിലുള്ള ചെടികളെ പരിശോധന നടത്തുകയൊ, വല്ല പ്രത്യേകതനും കാണുന്നതിനെ സസ്യശാസ്ത്രജ്ഞന്മാൎക്കു് അയച്ചുകൊടുക്കുകയൊ ചെയ്യുന്നുണ്ടോ? ഇല്ല. എന്നാൽ യൂറോപ്യൻതോട്ടക്കാർ അങ്ങനെയല്ല. അവർ ചെടികൾ ശേഖരിക്കുകയും ശാസ്ത്രജ്ഞന്മാൎക്കു് അയച്ചുകൊടുത്തു് പരിശോധന

നടത്തിക്കുകയും ചെയ്യുന്നുണ്ട്. ഈ പാഠം നാം അവരിൽനിന്നും പഠിക്കേണ്ട ഒന്നുതന്നെയാണ്.

സസ്യശാസ്ത്രസംബന്ധമായ സാമാന്യജ്ഞാനം എല്ലാവക്കും ആവശ്യമാണ്. അത് ഒരു പാഠപുസ്തകം വായിച്ചാൽ ലഭിക്കുകയില്ലെ? ആ സ്ഥിതിക്ക് കാടും മലയും കേറി, കല്ലും മുള്ളും ചവിട്ടി ചെടികൾ ശേഖരിച്ച്, പരിശോധന നടത്തി അറിവു സമ്പാദിക്കേണ്ട ആവശ്യമെന്താണ് എന്ന് ചിലർ ചോദിക്കുമായിരിക്കും. ശരിതന്നെ, പാഠപുസ്തകം വായിച്ചാൽ സാമാന്യമായ ഒരു ജ്ഞാനം ലഭിക്കുന്നതാണ്. എന്നാൽ നാം അതുകൊണ്ടു തൃപ്തിപ്പെട്ടുകൂടാ. പുസ്തകത്തിൽനിന്നും ലഭിക്കുന്ന അറിവു ഉപയോഗിക്കുവാൻ പഠിക്കണം. സ്ഥലങ്ങൾ സന്ദശിക്കുമ്പോൾ അവിടത്തെ കാഴ്ചകൾ കണ്ട് ആനന്ദിച്ചാൽ മാത്രം പോരാ! അവിടെയുള്ള വിവിധതരത്തിലുള്ള ചെടികൾ, അവയുടെ വംശം, പ്രത്യേകത മുതലായവ മനസ്സിലാക്കുന്നതിലാണ് നാം ശ്രദ്ധിക്കേണ്ടതു്. ഈ വിഷയത്തിലാണ് ചെടികൾ ശേഖരിച്ച് സൂക്ഷിക്കുന്നതുകൊണ്ടുള്ള പ്രയോജനം. ഒരാൾ ഒരു പുതിയ ചെടി കണ്ടു എന്നു വിചാരിക്കുക. അതു് അയാൾ കണ്ടിട്ടില്ലാത്തതൊ, നാട്ടിലുണ്ടാകാത്തതൊ ആണെന്നും വിചാരിക്കുക. അയാൾ അതു കണ്ടഉടനെ അവിടെനിന്നും പോയാൽ അതു മറന്നുപോകും. എന്നാൽ അയാൾ ചെയ്യേണ്ടതു് അങ്ങനെയല്ല. ആ ചെടി പറിച്ചെടുത്തു് സൂക്ഷിക്കണം. അതിന് കുറച്ചു ജോലിയുണ്ട്. അനേകകൊല്ലം ഒരാൾ അങ്ങനെ ചെടികൾ ശേഖരിച്ച് സൂക്ഷിക്കുകയാണെങ്കിൽ വാർദ്ധക്യകാലത്തു് അതു എത്രമാത്രം ആനന്ദം നൽകും? താൻ ശേഖരിച്ചിട്ടുള്ള ഓരോ ചെടിയും ദിവസവും കയ്യിലെടുത്തു നോക്കുന്നതു് എന്തു സന്തോഷകരം? ഓരോ പ്രത്യേകചെടിയും എന്ന് എവിടെനിന്നും എങ്ങനെ ശേഖരിച്ചു എന്നുള്ള ചരിത്രം അയാളുടെ സ്മൃതിപഥത്തിൽ എത്തും. അവയെപ്പററിയെല്ലാം ഡയറി എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിൽ ഡയറിയുടെ ഓരോ വശവും മറിച്ചു നോക്കുന്നതായാൽ ഓരോ ചെടിയേയും പററിയുള്ള പൂർണ്ണമായ ചരിത്രം മനസ്സിലാകുകയും, യൌവനകാലത്തെപ്പററിയുള്ള സ്മരണ ഉണ്ടാകുകയും, എന്തെന്നില്ലാത്ത ആനന്ദം ലഭിക്കുകയും ചെയ്യും. ജീവിതകാലം അല്പം നീട്ടിക്കിട്ടി എന്നും വരാം. ഇതിൽനിന്നും ലഭിക്കുന്ന സുഖം മററൊന്നുകൊണ്ടും കിട്ടുന്നതല്ല.

ഇനി നമുക്ക് ആലോചിക്കുവാനുള്ളതു് ചെടികൾ ശേഖരിച്ചു എങ്ങിനെയാണ് സൂക്ഷിച്ചുവയ്ക്കേണ്ടതു് എന്നുള്ളതിനേപ്പററിയാണ്- ഒരു പ്രത്യേക ഇനത്തിൽപെട്ട ഒരു ചെടി ശേഖരിക്കുമ്പോൾ അതിൻെറ എല്ലാ ഭാഗങ്ങളും ഉണ്ടായിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. തടി, ഇല, പൂവ് മുതലായ ഭാഗങ്ങൾ എത്രയും പ്രാധാന്യമേറിയവയാണ്. ഒരു ചെടിയുടെ

പുഷ്പങ്ങൾ ഉള്ള ഭാഗത്തുവച്ച് ഒന്നോ രണ്ടോ അടി നീളത്തിൽ നാം അതിന്റെ ഒരു ഭാഗം മുറിച്ചെടുക്കണം. അങ്ങനെ നാലഞ്ചുഭാഗങ്ങൾ ശേഖരിക്കുന്നതു നല്ലതാണ്. ഒരു ഭാഗത്തിനു കേടുവന്നു പോയാൽ വേറൊരു ഭാഗം ഉപയോഗിക്കാമല്ലോ. ഇങ്ങനെ ചെടികൾ ശേഖരിച്ചു കഴിഞ്ഞാൽ അതു് ഉണക്കുന്നതിലാണ് നാം പിന്നീട് ശ്രദ്ധിക്കേണ്ടതു്. വെയിലത്തുവച്ച് ഉണക്കുന്ന ഒരു സമ്പ്രദായമുണ്ട്. അങ്ങനെ ചെയ്താൽ ഇലകൾ ചുരുണ്ടുപോകാനുംമററും ഇടയുണ്ട്. സാധാരണയായി ഒപ്പുതാളിൽ വച്ചാണ് ഉണക്കാറുള്ളതു്. ഒപ്പുകടലാസ്സുകൊണ്ടുള്ള ഒരു ബുക്കിൽ ചെടികൾ വച്ച് മുകളിൽ ഒരു ഭാരം കയററിവയ്ക്കും. ഇലകൾ നല്ലപോലെ പരത്തിവയ്ക്കുന്നതിലും ഒന്നിനൊന്നു മീതെ കയറാതിരിക്കുന്നതിലും നാം ശ്രദ്ധിക്കണം. ഒരു സമയത്ത് ഒരു ചെടിമാത്രം ഉണക്കുന്ന സമ്പ്രദായം സാധാരണമല്ല. പത്തും നാല്പതും ചെടികൾ ഒരേസമയത്തു് ബുക്കിന്റെ ഉള്ളിൽ വച്ച് ഉണക്കുന്നുണ്ട്. ഇലകൾ ശരിയായി വിരിഞ്ഞിരിക്കുന്നതിനും പരന്ന ആകൃതി കൊടുക്കുന്നതിനും മുകളിൽ കയററിയിട്ടുള്ള ഭാരത്തിന്റെ സമ്മർദ്ദം ആവശ്യമാണ്. ചെടികൾ പൂർണ്ണമായി ഉണങ്ങുന്നതുവരെ ഇതേ നിലയിൽ സൂക്ഷിക്കണം. ഉഷ്ണഭൂമിയിൽ ചെടികൾ ഉണക്കുന്നതിന് പത്തുപന്ത്രണ്ടു ദിവസങ്ങളോളം മതിയാകും. കടലാസ്സ കൂടക്കൂടെ മാറുന്നതു് നല്ലതാണ്. അതുകൊണ്ട് കടലാസ്സിൽ വെള്ളമിരിക്കയില്ലെന്നു മാത്രമല്ല, പുഴക്കളുടെ ശല്യവുമുണ്ടാകയില്ല. രണ്ടു ബുക്കുകളുണ്ടായിരുന്നാൽ ഒരു ബുക്കിൽ ചെടികൾവച്ചുണക്കുന്ന സമയത്തു് മററെ ബുക്ക് വെയിലത്തു വച്ചുണക്കാം. ശരിയായി ഉണങ്ങിയാൽ ചെടിയുടെ പച്ചനിറം പോകയില്ല. നല്ലപോലെ ഉണക്കിയാലും പച്ചനിറം വിട്ടുപോകയില്ല. വിളറിയനിറമുണ്ടെങ്കിൽ നല്ലപോലെ ഉണങ്ങിയില്ലെന്നുവേണം വിചാരിക്കുവാൻ.

ഇങ്ങനെ ചെടികൾ ഉണക്കിയാൽ അവ സൂക്ഷിക്കുന്നതെങ്ങനെയെന്നാണ് പിന്നെ നമുക്ക് ആലോചിക്കുവാനുള്ളതു്. ഉണക്കിയ പാട്ടിനു സൂക്ഷിച്ചാൽ പുഴതിന്നു പോകുന്നതാണ്. പുഴതിന്നാതിരിക്കണമെങ്കിൽ അതിനു പററിയ ചില മരുന്നുകൾ പുരട്ടണം. ഉണങ്ങിയ ചെടികൾ സൂക്ഷിക്കുന്നതു് നമുക്കു എടുത്തു് ഉപയോഗിക്കുവാൻ പററിയ വിധത്തിലായിരിക്കണം. അതുകൊണ്ട് ഓരോ ചെടിയും ഒരു ബുക്കിൽ ഒരു വശത്തു് പശവച്ച് ഒട്ടിക്കുകയും എതിർവശത്തു്, പറിച്ച തീയതി, സ്ഥലം മുതലായ അതിന്റെ ചരിത്രം എഴുതിവച്ചുകകയുമാണ് സാധാരണ ചെയ്യാറുള്ളതു്. പശവച്ചു ഒട്ടിച്ചതിന്റെ ശേഷം വീണ്ടും ഭാരംകയററി വയ്ക്കണം. അങ്ങനെ ചെയ്താൽ അധികമുള്ള പശ പുറത്തുപോകും. ഇങ്ങനെ ചെടികൾ ഒട്ടിച്ചു വയ്ക്കുമ്പോൾ അവ പറിച്ചെടുത്ത തീയതി, സ്ഥലം, ഇനം, പ്രത്യേകതകൾ മുതലായവ എഴുതിച്ചേർത്തില്ലെങ്കിൽ പ്രയോജനമില്ല. ഇങ്ങ

നെയാണ് സസ്യങ്ങൾ ശേഖരിച്ചു ഉണക്കി സൂക്ഷിക്കുന്ന സമ്പ്രദായം. ഈ ജോലി ചെയ്യുന്നവക്ക് ആദ്യം അല്പം വിഷമമുള്ളതായി തോന്നിയേക്കാം. ഓരോ സസ്യത്തിൻേറയും ജാതിയും മററും അറിയുന്നതിനു അവക്കു പ്രയാസം നേരിട്ടേക്കാം. എന്നാൽ ഈ വിഷമത നീക്കുന്നതിനും മാൎഗ്ഗമുണ്ട്. ഇൻഡ്യയിൽ കണ്ടുപിടിച്ചിട്ടുള്ളിടത്തോളം ചെടികളെ പ്രത്യേകം ജാതി തിരിച്ചും, ഓരോ ജാതിയിൽ പെട്ടിട്ടുള്ളതു പല ഇനങ്ങളായി തിരിച്ചും എഴുതിയിട്ടുള്ള ചില പുസ്തകങ്ങൾ ഉണ്ട്. അവ വായിക്കുകയൊ കൈവശം സൂക്ഷിക്കുകയോ ചെയ്യണം. കൂടാതെ സസ്യങ്ങൾ ശാസ്ത്രജ്ഞന്മാരുടെ അടുത്തു കൊണ്ടുപോയി അവയെസംബന്ധിച്ച അറിവു നേടാം. അവർ ആ സഹായം ചെയ്യുന്നതിനു സന്നദ്ധരായിരിക്കും. ഇങ്ങനെ ഇതുവരെ സസ്യശേഖരത്തിൽ അശ്രദ്ധരായ ജനങ്ങൾ ഇനിയെങ്കിലും അതിലേപ്പെട്ടാൽ അതു ശാസ്ത്രീയപുരോഗതിക്കു അത്യന്തം സഹായമായിത്തീരുന്നതാണ്. അവക്കു സന്തോഷകരമായിരിക്കുന്നതിനു പുറമെ അതു മററുള്ളവക്കു പ്രയോജനകരമായും തീരുന്നതാണ്. സസ്യശാസ്ത്രജ്ഞന്മാരുടെ ദൃഷ്ടിയിൽ പെടാത്ത പല ചെടികളുമുണ്ട്. ഇവയെല്ലാം ശേഖരിച്ചു സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇൻഡ്യയിൽ എത്ര ജഗദീശചന്ദ്രബോസ് ഉണ്ടാകും? ശാസ്ത്രവിഷയത്തിൽ ഇൻഡ്യാക്കാർ പുറകിലാണെന്നുള്ള പാശ്ചാത്യരുടെ ആക്ഷേപത്തിലെ ഒരു ഭാഗവും നീങ്ങും.

## വിദ്യാഭ്യാസപരിഷ്ക്കാരം.

(സി. ആർ. കൃഷ്ണപിള്ള ബി. ഏ. എൽ. ടി)

വിദ്യാഭ്യാസപരിഷ്ക്കാരത്തെപ്പററിയുള്ള എൻെറ ലേഖനം പരിശോധിച്ചതിന് മാന്യസ്നേഹിതനായ ജി. രാമൻമേനവൻ അവർകൾ എം. ഏ. ബി. എൽ. നോട്ട് ഹാൎദ്ദമായി നന്ദിപറഞ്ഞുകൊള്ളുന്നു. ലേഖനത്തിൽ അദ്ദേഹം ചൂണ്ടിക്കാണിച്ചിട്ടുള്ള ഒരു വലിയ അബദ്ധത്തെപ്പററി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ.

ഇപ്പോഴത്തെ സ്ഥിതിക്കു ബുദ്ധിമാന്മാരിൽ ധനവാന്മാർ മാത്രമെ കാളേജ് വിദ്യാഭ്യാസത്തിനു തുടങ്ങാവു എന്നു ഞാൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇപ്പോഴത്തെ സ്ഥിതി എന്നു ഞാൻ ഉദ്ദേശിച്ചിട്ടുള്ളതിനെ മുഴുവൻ വിശദമാക്കാത്തതുകൊണ്ടാണ് അബദ്ധത്തിൽ ചാടാനിടയായത്. എൻെറ ലേ

ഖനത്തിലെ പ്രധാനകാൎയ്യം നടപ്പിലിരിക്കുന്ന വിദ്യാഭ്യാസഗതികൊണ്ടു് വളരെ കുടുംബങ്ങൾ അധോഗതിയ്ക്കു കാരണമായിട്ടുണ്ടെന്നും പഠിക്കാൻ ഒരുങ്ങിയവരിൽ ഭൂരിപക്ഷക്കാൎക്കു് അവരവരുടെ കാലിൽ ഉറച്ചുനില്ക്കത്തക്കവണ്ണമെങ്കിലും ശക്തിയുണ്ടായിട്ടില്ലെന്നും ഇതേനിലയെത്തന്നെ തുടൎന്നുകൊണ്ടിരുന്നാൽ ഇദ്ദേശവാസികളുടെ ഭാവി ഭയങ്കരമായിരിക്കുമെന്നും അതുകൊണ്ടു് കഴിവുള്ളിടത്തോളം ചിലവു ചുരുക്കി ഫലം കൂടുതൽ വരത്തക്കവണ്ണമുള്ള ഒരു വിദ്യാഭ്യാസപദ്ധതി രൂപീകരിക്കണമെന്നുമാണ്. പ്രാഥമികവിദ്യാഭ്യാസത്തെ തുടൎന്നുള്ള രണ്ടാംതരം വിദ്യാഭ്യാസത്തെ പരിഷ്കരിക്കേണ്ട വഴികളെപ്പററിയാണ് ലേഖനത്തിൽ വിസ്തരിച്ചിട്ടുള്ളതു്. കാളേജ് വിദ്യാഭ്യാസരീതിയേപ്പററി അധികം ഒന്നും വിവരിച്ചിട്ടില്ലാ.

തല്ക്കാലസ്ഥിതിയ്ക്കു കാളേജ്‌വിദ്യാഭ്യാസം ഉടച്ചുവാൎക്കുന്നതു സാദ്ധ്യമാണൊ? തല്ക്കാലം എന്നു പറഞ്ഞതു് ഇവിടത്തെ കാളേജ്‌വിദ്യാഭ്യാസം മദ്രാസ് സൎവ്വകലാശാലയെ ആശ്രയിച്ചിരിക്കുന്നിടത്തോളം കാലത്തെ ഉദ്ദേശിച്ചാണ്. നമ്മുടെ കാളേജുകൾ മദ്രാസ് സൎവ്വകലാശാലയുമായി ബന്ധിച്ചിരിക്കുന്നിടത്തോളം കാലം കാളേജ്‌വിദ്യാഭ്യാസത്തിൽ നമുക്കു സ്വാതന്ത്ൎയ്യമായി എന്തെങ്കിലും മാററം വരുത്താൻ സാധിക്കുന്നതല്ലല്ലൊ. അതുകൊണ്ടു ശക്തിയിൽ കവിഞ്ഞ ഫീസ് ഒടുക്കി, ഭാവിയിൽ ഓൎക്കപോലും ചെയ്യാൻ ഇടവരാത്ത കഠിനവിഷയങ്ങളെ ഗ്രഹിക്കുന്നതിനു് മനസ്സു് പുണ്ണാക്കി, ഒടുവിൽ ഒരു ഫലവും ഉണ്ടാകാതെ സൎവ്വകലാശാലാവാതല്ക്കളിൽ മുട്ടിത്തിരിഞ്ഞു, 'അണ്ടികളഞ്ഞ അണ്ണാനെപ്പോലെ' വിഷണ്ണരായി വരുന്നവരുടെ സംഖ്യയെ നിവൎത്തിയുള്ളിടത്തോളം കുറയ്ക്കണമെന്നാണു് ഞാൻ നിൎദ്ദേശിച്ചിട്ടുള്ളതു്.

സൂക്ഷ്മം നോക്കിയാൽ എന്റെ അഭിപ്രായം സ്വീകരിക്കുന്നതുകൊണ്ടു് കാളേജ്‌വിദ്യാഭ്യാസം കഴിഞ്ഞു ബിരുദോട്കൂടി വരുന്നവരുടെ ആകെ സംഖ്യയ്ക്കു് ഇപ്പോഴുള്ളതിൽ വലിയ കുറവുണ്ടായിരിക്കുകയില്ല. ഒരു സാമാന്യനോട്ടത്തിൽ നമ്മുടെ സംസ്ഥാനത്തെ പല കാളേജുകളിൽനിന്നുമായി ആണ്ടുതോറും ബി. ഏ. ജയിക്കുന്നവരുടെ എണ്ണം ശരാശരി ഇരുന്നൂറിലധികം കണക്കുകൂട്ടാനുണ്ടോ. ലേഖനത്തിൽ ഞാൻ കണക്കാക്കിയിട്ടുള്ളതു് ആണ്ടിൽ ശരാശരി ഇരുന്നൂറോളം ചെറുപ്പക്കാരെ സംസ്ഥാനത്തുനിന്നും ബി. ഏ. ക്കാരാക്കാമെന്നതന്നെ. എന്നാൽ ഇപ്പോഴത്തെ രീതിയിൽനിന്നു ഞാൻ സ്വരൂപിച്ചിട്ടുള്ളതിൽ വലിയ വ്യത്യാസം ഉള്ളതു് കാളേജ് വിദ്യാഭ്യാസത്തിനു് ഒരുങ്ങി അങ്ങുമിങ്ങും എത്താതെ നടുക്കടലിൽ ആണ്ടുപോകുന്നവരുടെ സംഖ്യയെ തുലോം കുറയ്ക്കാമെന്നുള്ളതാണ്. വാസ്തവത്തിൽ കുടുംബനാശത്തിനും കാരണം ഇക്കൂട്ടർതന്നെ. അതാണ് കാളേ

ജ് വിദ്യാഭ്യാസത്തിന്ന സർവ്വഥാ യോഗ്യന്മാരെ മാത്രമെ അതിന്നുള്ളിൽ പ്രവേശിപ്പിക്കാവു എന്ന ശഠിക്കുന്നത്.

ബുദ്ധിയും ജാഗ്രതയും കുറഞ്ഞ ധനവാന്മാർക്ക കാളേജിൽ പ്രവേശനം വല്ലവിധത്തിലും ലഭിച്ചാലും ഒടുവിൽ എന്തെങ്കിലും പ്രയോജനമുണ്ടാകുന്നുണ്ടോ?. കാഠിന്യമേറിയ വിഷയങ്ങളെപ്പററി സുഗമമല്ലാത്ത രീതിയിൽ അവിടെ നല്കുന്ന പ്രസംഗങ്ങൾ ഇവരുടെ ഉള്ളിൽ പതിയുമൊ?.

ഇനിയും ബുദ്ധിയും ജാഗ്രതയുമുണ്ടെങ്കിലും പണമില്ലാത്തവരുടെ കഥയെപ്പററി ചിന്തിയ്ക്കാം. ഇവരിൽ ഭൂരിപക്ഷവും പഠിത്വം പൂർത്തിയാകുന്നതിന്നുള്ള വൻപിച്ച പണച്ചിലവിന്ന നിവൃത്തിയില്ലാതെ നട്ടംകിടന്ന സങ്കടപ്പെടേണ്ടിവരും. കഷ്ടിച്ചു ഞെരുങ്ങി കാലക്ഷേപം കഴിയ്ക്കാൻ കഴിവുള്ളിടത്തു കുട്ടി ബുദ്ധിമാനെങ്കിലും അയാളുടെ വിദ്യാഭ്യാസത്തിനായി വസ്തു കടപ്പെടുത്തുന്നതു ഉചിതമാണോ?. എന്നാൽ ഇങ്ങിനെയുള്ളവരെ തിരിഞ്ഞെടുത്തു സമുദായനിധികളായി കരുതി അവരെ പ്രോത്സാഹിപ്പിക്കുന്നതിന് ഗവർമ്മെണ്ടോ പൊതുജനങ്ങളൊ ഒരുങ്ങുന്നപക്ഷം അതു സമുദായത്തിന്നും കുട്ടിയ്ക്കും ഒരുപോലെ ക്ഷേമകരമായിത്തീരുന്നതിന്നും കുട്ടിയുടെ കുടുംബം കടപ്പെടാതെ നിലനിന്നുപോരുന്നതിന്നും സഹായമായി ഭവിക്കുമെന്നതിന്ന സംശയമില്ല.

ധനവാന്മാർക്ക മാത്രമെ ഉന്നതവിദ്യാഭ്യാസം നല്കാവു എന്നല്ല ഞാൻ ഉദ്ദേശിച്ചിട്ടുള്ളതു്. ബുദ്ധിയുള്ളവരിൽ ശക്തിയുള്ളവരെ തിരിഞ്ഞെടുത്തു പഠിപ്പിക്കാൻ എല്ലാവിധത്തിലും ശ്രമംചെയ്യേണ്ടതാണ്. എന്നാൽ ധനശക്തി കുറഞ്ഞവർ നമ്മുടെ രാജ്യത്തിന്റെ തല്ക്കാലാവസ്ഥയ്ക്കു ക്രമത്തിലധികം ചിലവുള്ള ഉന്നതവിദ്യാഭ്യാസത്തിന്ന തുനിഞ്ഞാൽ അനേക കുടുംബങ്ങൾ അധോഗതിയിലാകുന്നതിന്ന സംഗതിയാവുകയില്ലയൊ? അതിനാൽ കാളേജ വിദ്യാഭ്യാസത്തിന്ന തക്ക ബുദ്ധിയും ജാഗ്രതയുമുള്ളവരെ മുൻലേഖനത്തിൽ കാണുന്നതുമാതിരി തിരിഞ്ഞെടുത്തു ഹൈസ്കൂളിൽ പ്രവേശിപ്പിയ്ക്കുന്നും അവരിൽ ധനശക്തി കുറഞ്ഞവരെ കാളേജ്‌വിദ്യാഭ്യാസം പൂർത്തിയാകുന്നതുവരെ ഗവർമ്മെണ്ടോ, സമുദായമൊ, സമുദായനേതാക്കന്മാരിൽ ചിലരോ വേണ്ടവണ്ണം സഹായിയ്ക്കുകയും ചെയ്യുന്നതു് നാട്ടിലെ ഉന്നതവിദ്യാഭ്യാസാഭിവൃദ്ധിയ്ക്കു് ഏററവും പ്രയോജനകരമായി ഭവിക്കുന്നതാണ്.

ഉന്നതവിദ്യാഭ്യാസംകൊണ്ട് ജ്ഞാനസമ്പാദനവും മാനസികശക്തികൾക്കു പോഷണവും ഉണ്ടാകുമെന്നും അതിനാൽ മററു പ്രയോജനമുണ്ടായില്ലെങ്കിലും എല്ലാവർക്കും ഉന്നതവിദ്യാഭ്യാസം നല്കാൻ മാർഗ്ഗമുണ്ടാക്കിക്കൊടുക്കാനായി ഹൈസ്കൂളുകളുടേയും കാളേജുകളുടേയും സംഖ്യ വർദ്ധിപ്പിക്കണമെന്നും പക്ഷെ വാദിച്ചേക്കാം. എന്നാൽ ഈ ഗുണങ്ങൾ ജന്മനാ

ബുദ്ധിശക്തിയുള്ളവൎക്കല്ലാതെ സാധാരണക്കാൎക്ക് സിദ്ധിക്കുമോ എന്നു സംശയമാണ്. ഉണ്ടായാൽതന്നേയും അതിലേക്കു വേണ്ടിവരുന്ന ധനവ്യയത്തിനനുരൂപമായ ലാഭം കിട്ടുന്നതല്ലാ. എന്റെ പ്രധാന ഉദ്ദേശ്യം ഇപ്പോഴത്തെ ഉന്നതവിദ്യാഭ്യാസംകൊണ്ടു ദേശത്തിനു നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തികനഷ്ടങ്ങളെ കുറയ്ക്കണമെന്നെയുള്ളു.

ഇനി ഒരു സംഗതികൂടി ഇതിനെസംബന്ധിച്ചു ഇവിടെ പറഞ്ഞുകൊള്ളട്ടെ. പ്രയോജനകരമായി വന്നാലുംശരി ഇല്ലെങ്കിലുംശരി ഇംഗ്ലീഷ് ഹൈസ്കൂളിൽ ചേരണമെന്നാഗ്രഹിക്കുന്നവരെ എല്ലാം അവിടെ പ്രവേശിപ്പിക്കാമെന്നു വിചാരിക്കുക. ഇവരിൽ പഠിക്കാൻ കൊള്ളാവുന്നവരേയും കൊള്ളാത്തവരേയും ഒരുമിച്ചു വച്ചു ഏറെക്കാലം ഉന്നതവിദ്യാഭ്യാസം നല്കുന്നതു സാദ്ധ്യമാകുമോ? തീൎച്ചയായും മുന്നായമുള്ളവരുടെ അഭിവൃദ്ധിയ്ക്കു അല്ലാത്തവർ തടസ്ഥമായിത്തന്നെ ഭവിക്കും. അതുകൊണ്ടു സമൎത്ഥന്മാരെ മുന്നോട്ടുമുന്നോട്ടു കടത്തിവിടുന്നതിനു എന്തെങ്കിലും പരീക്ഷ വയ്ക്കേണ്ടതായി വരുമല്ലോ. ഈ പരീക്ഷയിൽ തോല്ക്കുന്നവരുടെ ഗതി എന്താണ്? ഇപ്പോഴത്തെ നിലയ്ക്ക് ഇക്കൂട്ടർ ജയംലഭിച്ചവരെപ്പോലെതന്നെയോ അഥവാ കൂടുതലായൊ പണംചിലവാക്കി പഠിച്ചവരല്ലയോ? ഇവരിൽ മിയ്ക്കവൎക്കുംവേണ്ടി ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ കുടുംബസ്വത്തു നഷ്ടമായി വന്നിട്ടില്ലയൊ? മുൻലേഖനത്തിൽ സൂചിപ്പിച്ചതുപോലെതന്നെ ഇത്തരം നഷ്ടപ്പെടത്തക്കവിധത്തിൽ ശക്തിയുള്ള കുടുംബങ്ങൾ നമ്മുടെ സംസ്ഥാനത്തിൽ ചുരുക്കമാണ്.

ഇനി ഇവിടത്തെ ഉന്നതവിദ്യാഭ്യാസംകൊണ്ട് നമുക്കുണ്ടായിക്കൊണ്ടിരിക്കുന്ന ഒരു പ്രയോജനത്തെപ്പററി അല്പം പരിശോധിച്ചുനോക്കാം. ഇതിന് ഒരു സംഗതി എടുത്താൽ മതി. തിരുവനന്തപുരം കാളേജിന് തെക്കെ ഇൻഡ്യയിൽ ഒരു വമ്പിച്ച സ്ഥാനം ലഭിച്ചിട്ടുണ്ടല്ലോ. ഉയൎന്നതരം വിദ്യാഭ്യാസം ശരിയായി നടത്തുന്നതിന് ഇവിടെ വേണ്ട ഒരുക്കങ്ങൾ ചെയ്തിട്ടുണ്ട്. ആണ്ടുതോറും ഓരോ വിഷയത്തിൽ പ്രത്യേക വൈദഗ്ദ്ധ്യത്തോടുകൂടി ബി. എ. ജയിക്കുന്നവരുടേയും അവയിൽ ബഹുമതിപൂൎവ്വം ഒന്നാംക്ലാസ്സിൽ ഖ്യാതിനേടിവരുന്നവരുടേയും എണ്ണം കൂടിവരുന്നു. രാജ്യഭരണറിപ്പോൎട്ട് ഈ അഭിവൃദ്ധിയെ രേഖപ്പെടുത്തുന്നുമുണ്ട്. ഇക്കൊല്ലത്തെ പരീക്ഷാഫലം തന്നെനോക്കുക. രസതന്ത്രം, ഐച്ഛികവിഷയമായെടുത്തു ബി. ഏ. ജയിക്കുക അഭിമാനകരമാണല്ലോ. ഒന്നാംക്ലാസ്സിലായാലൊ, മാററു വളരെ കൂടും, ഇതു അലംകരിക്കുന്നതു് ഒരു സ്ത്രീരത്നമാണെങ്കിലത്തെ കഥ പറയാനുണ്ടോ?. കഴിഞ്ഞ പരീക്ഷയിൽ ശ്രീമതി കോയിപ്പള്ളിൽ പാൎവ്വതിഅമ്മയുടെ ഒന്നാംക്ലാസ്സ് വിജയം നമുക്കും കാളേജിനും എത്രമാത്രം അഭിമാനത്തിനു കാരണമായിരിക്കുന്നു.

അന്യരാജ്യങ്ങളിൽ ഇത്തരത്തിലുള്ള ഒന്നാംക്ലാസു വിജയികളായ സ്വദേശീയരെ സൌകര്യം വരുമ്പോൾ അവിടത്തെ കാളേജിൽ അധ്യാപകന്മാരായി നിയമിച്ചു ക്രമേണ കാളേജുഭരണം അവരിൽ ചുമതലപ്പെടുത്തുന്നു. ഈ തോതുവെച്ചു് നമ്മുടെ കാളേജുകളിലെ കഥ നോക്കാം. ഇവിടെ ഇംഗ്ലീഷു്, കണക്കു്, ചരിത്രം, രസതന്ത്രം, തത്വശാസ്ത്രം മുതലായ വിഷയങ്ങൾ പഠിപ്പിക്കുന്നതിനുള്ള പ്രധാന അധ്യാപകന്മാർ നമ്മുടെ കാളേജിൽ പഠിച്ചിട്ടുള്ളവരല്ല. ഇവരിൽ ചിലർ നമ്മുടെ നാടിന്റെ നന്മയ്ക്കുതകുന്നവരെയല്ല. വല്ലവിധത്തിലും സമയം കൊല്ലണം, ലഹരിയിൽ ലയിച്ചാനന്ദിക്കണം, ശമ്പളം വാങ്ങണം, പെൻഷ്യൻ പററണം, നാടുവിടണം എന്നല്ലാതെ നാടുമുടിഞ്ഞാലും ശരി നാട്ടാർ കെട്ടാലും ശരി, നമുക്കെന്താ, നമ്മുടെ പാട്ടിനു പോകണം എന്നമട്ടിൽ കഴിച്ചുകൂട്ടുന്നവരാണു്. നാട്ടുകാരിൽ സമർത്ഥന്മാരായ ചെറുപ്പക്കാരെ ഈ സ്ഥാനങ്ങൾ അലങ്കരിക്കത്തക്കവിധം യോഗ്യന്മാരാക്കാൻ നമ്മുടെ കാളേജിനു സാധ്യമല്ലെങ്കിൽ അളവററ പണം ചിലവാക്കി വേണ്ട സംഭരണങ്ങളോടുകൂടിയ ഒരു കാളേജ് ഇവിടെ സ്ഥാപിച്ചിരിക്കുന്നതുകൊണ്ടുള്ള പ്രയോജനം എന്തു്.? സൂക്ഷ്മം നോക്കിയാൽ ഈ മാതിരി ന്യൂനതകൾക്കുള്ള പ്രധാനകാരണം അന്തർഭവിച്ചിരിക്കുന്നതു് മുകൾത്തട്ടിലുള്ള അധ്യാപകസമൂഹത്തിൽ നാട്ടുകാർക്കുള്ള സ്ഥാനക്കുറവാണു്. ഉന്നതവിദ്യാഭ്യാസത്തിൽ കാളേജുകൾക്കടുത്തു നില്ക്കുന്ന ഹൈസ്കൂളുകളിലേയും കഥ മേല്പടിതന്നെ. ഇത്രയുംപറഞ്ഞതുകൊണ്ടു് ചില പ്രധാനസംഗതികളിലെങ്കിലും നമ്മുടെ ഇന്നത്തെ ഉന്നതവിദ്യാഭ്യാസം നമുക്കു വേണ്ടിടത്തോളം പ്രയോജനകരമായി ഭവിക്കുന്നില്ലെന്നു് ഏറക്കുറെ സ്പഷ്ടമായിട്ടുണ്ടല്ലോ.

അതുകൊണ്ടു് ഒന്നുകൂടി ആലോചിച്ചതിൽ കഴിയുന്നിടത്തോളം ചുരുങ്ങിയ ചിലവു ചെയ്തു കൂടുതലാളുകൾക്കു് ഉന്നതവിദ്യാഭ്യാസം നല്കുന്നതിനു ഉചിതമായ ഒരു പദ്ധതിയെപ്പററി ചിന്തിക്കേണ്ടതായിരിക്കുന്നു. പക്ഷെ ഇതിനായി നാട്ടുകാർ തുനിയുന്നതുകൊണ്ടു് വല്ല ഗുണവും വരാനുണ്ടോ? തിരുവിതാംകൂറിലെ വിദ്യാഭ്യാസരൂപീകരണം തിരുവിതാംകൂറുകാരുടെ കയ്യിലാണോ?. ഇന്നത്തെ വിദ്യാഭ്യാസഡിപ്പാർട്ടുമെൻഡിലെ പ്രധാനപ്രവർത്തകന്മാർ മിക്കവരും ജനിച്ചുവളന്നിട്ടുള്ളതു് ഇവിടെയാണൊ; വിദ്യാഭ്യാസം ചെയ്തതു ഇവിടെയാണൊ; സഹവാസം ചെയ്തിട്ടുള്ളതു ഈ നാട്ടുകാരുമായിട്ടാണൊ; ഈ ദേശമൊ, ദേശവാസികളൊ നന്നായി വരണമെന്നു് നിഷ്കളങ്കകാംക്ഷയുള്ളവരാണൊ ഇവർ?. ആകൃതിയിലും, വേഷത്തിലും ഭാഷയിലും, ഭക്ഷണരീതിയിലും ആചാരനടപടികളിലും ഭിന്നമായിരിക്കുന്ന ഈ നാട്ടുകാരെ ഇവർ അടുപ്പിക്കുന്നതെങ്ങിനെ, സ്നേഹിക്കുന്നതെങ്ങിനെ, ബഹുമാനിക്കുന്നതെങ്ങിനെ?. സ്നേഹബഹുമാനങ്ങൾ ഇല്ലാതിരുന്നാ

ലും തരക്കേടില്ല. പക്ഷെ എതിരായുള്ള പുച്ഛവും വെറുപ്പും തോന്നാതിരുന്നാലും മതിയായിരുന്നു. ഇത്തരത്തിൽ പെരുമാറുന്നവർ തിരുവിതാംകൂറും തിരുവിതാംകൂർകാരും ക്ഷേമകരമായി വിലസണം എന്ന സദുദ്ദേശത്തോടുകൂടി നമ്മുടെ വിദ്യാഭ്യാസപദ്ധതിയെപ്പററി ആലോചിച്ചാൽ പ്രത്യുത്യാതന്നെ സന്തോഷമുണ്ടാകുമൊ? അതുകൊണ്ട് ഭരണക്രമം ഇങ്ങിനെയരിക്കുന്നിടത്തോളംകാലം വിദ്യാഭ്യാസപരിഷ്കാരത്തെപ്പററിയുള്ള നാട്ടുകാരുടെ മുറവിളി അധികാരസ്ഥാനങ്ങളിൽ ശ്രദ്ധേയമായിത്തീരുന്നതെങ്ങിനെയെന്നറിയുന്നില്ല. എങ്കിലും ഇതുസംബന്ധിച്ച നമുക്ക തോന്നുന്നതു പറയാതിരിക്കുന്നത് നല്ലതല്ലല്ലൊ. അതിനാൽ എന്റെ താഴ്മയായ അഭിപ്രായത്തിൽ ഇപ്പോഠ തോന്നുന്ന ഒരു പദ്ധതിയെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. നമുക്ക സ്വന്തമായി ഒരു കലാശാല താമസംമെന്നിയെ നമ്മുടെ നാട്ടിൽ ഉണ്ടാകണം. ഇതു ഭയങ്കരമായ ചിലവു കൂടാതെ സാധിയ്ക്കാമെന്ന്, തെലുങ്കദേശത്തെ ആന്ധ്റാകലാശാലയും തമിഴദേശത്ത് ഈയിടെ സ്ഥാപിച്ച ചിദംബരംകലാശാലയും നമ്മെ ബോദ്ധ്യപ്പെടുത്തുന്നുണ്ടല്ലൊ. അവിടെ രണ്ടിടത്തും പ്രജകളുടെ ശ്രമംകൊണ്ടു സാദ്ധ്യമായതു് ഇവിടത്തെ ഗവമ്മെണ്ടിനുകൂടി സാധിയ്ക്കാൻ പാടില്ലെന്നു വരുമോ? ഇന്നു കാണുന്ന മഹാസവ്കലാശാലകളെഅതിശയിപ്പിക്കത്തക്കവിധത്തിലൊ, അവയോടു കിടപിടിക്കത്തക്ക നിലയിലോ ഒന്നു സ്ഥാപിക്കണമ എന്നുള്ള വ്യാമോഹം കളയണം. നമ്മുടെ നാട്ടിന്റെയും നാട്ടുകാരുടെയും ധനസ്ഥിതിയ്ക്കനുരൂപമായിരിക്കത്തക്കവണ്ണം ഒരു സവ്കലാശാല ഇവിടെ സ്ഥാപിച്ചാൽ മതി.

ഇവിടത്തെ വിദ്യാഭ്യാസപരിഷ്കാരത്തെ സംബന്ധിച്ച മുൻപ് ഇവിടെ പ്രിൻസിപ്പാളായിരുന്ന് ഈയിടെ പരേതനായ പ്രൊഫസ്സർ റീഡ് സായ്പവർകഠ ഒരവസരത്തിൽ പറകയുണ്ടായതു് ഇവിടെ ഉദ്ധരിക്കത്തക്കതാണ്. ആസ്ത്രേലിയാഗവമ്മെണ്ടിന്റെ ക്ഷണം അനുസരിച്ച് അവരുടെ ചിലവിൽ പ്രൊഫസ്സർറീഡ് അവിടം സന്ദശിക്കയുണ്ടായി. വിദ്യാഭ്യാസത്തിനായി അവിടത്തെ ഗവമ്മെണ്ട് ചിലവാക്കിവന്ന തുകയെ ഇവിടത്തേതിനോട് താരതമ്യപ്പെടുത്തി അദ്ദേഹം വിമശനം ചെയ്തതു് വളരെ രസകരമാണ്. സിഡ്നിഗവമ്മെണ്ടിന്റെ ആകെവരവിൽ മൂന്നിൽ ഒരുഭാഗത്തിൽ കുറയാതെയുള്ള സംഖ്യയാണ് അവിടെ വിദ്യാഭ്യാസച്ചിലവിലേക്ക് നീക്കിവെച്ചിട്ടുള്ളതു്. ഈ സംസ്ഥാനത്തു് അക്കാലത്തെ തുക വരവിൽ പത്തിൽ ഒരംശം എങ്കിലും ഉണ്ടായിരുന്നോ എന്നു സംശയമാണ്. അവിടത്തെ വിദ്യാഭ്യാസം കുട്ടികഠക്കു പരിതസ്ഥിതിയ്ക്കനുരൂപമായി ഏതെങ്കിലും തൊഴിൽ സ്വീകരിച്ച സ്വന്തപരിശ്രമത്താൽ കാലക്ഷേപം നിവ്വഹിക്കത്തക്ക നിലയിലുള്ളതായിരുന്നു. മാമൂൽ അനുസരിച്ചൊ മററു ദേ

ശങ്ങളിൽ കാണുന്നതിനെ പകൎത്തിയോ അല്ലാ, അവിടത്തെ വിദ്യാഭ്യാസ പ്രവൎത്തകന്മാർ അനുവൎത്തിച്ചു വന്ന നയം. ഇതിനെ അടിസ്ഥാനപ്പെടുത്തുന്നപക്ഷം ഇവിടത്തെ ഗവൎമ്മെണ്ടിൻെറ ആനുകൂല്യമുണ്ടെങ്കിൽ ഈവിഷയത്തിൽ വേണ്ട യോഗ്യതയും പ്രാപ്തിയുമുള്ള ഈ നാട്ടുകാരെ വിളിച്ചുകൂട്ടി യോജിച്ച രീതിയിൽ നിവൃത്തിയുള്ളിടത്തോളം ചിലവു ചുരുക്കി ഏററവും പ്രയോജനകരമായ വിധത്തിൽ ഒരു സൎവ്വകലാശാല സ്ഥാപിക്കുന്നതു അസാദ്ധ്യമല്ല. ഇതു നടപ്പിൽ വരുന്നപക്ഷം ഇപ്പോഴത്തെ ഹൈസ്കൂളുകളിലും കാളേജുകളിലുമായി ചിലവിടേണ്ട ൧ വൎഷകാലത്തെ അല്പം ചുരുക്കുന്നതിനും കഴിയുന്നിടത്തോളം നാട്ടുഭാഷ ഉപയോഗിച്ചു ഗൌരവമേറിയ സംഗതികളെ സുഗമമായി പഠിപ്പിച്ചു ഫലവത്താക്കുന്നതിനും നമ്മുടെ ഇഷ്ടംപോലെ കുട്ടികളിൽ ചുമത്താവുന്ന ഫീസു മുതലായവയെ ലഘൂപ്പെടുത്തുന്നതിനും മററുമുള്ള മാൎഗ്ഗങ്ങളെപ്പററി ചിന്തിയ്ക്കാവുന്നതാണ്.

അതുകൊണ്ട് ഈ വിഷയത്തിൽ നമ്മുടെ ഗവൎമ്മെണ്ടിൻെറയും പണ്ഡിതവൎയ്യന്മാരുടെയും, സമൎത്ഥനമായ വിദ്യാഭ്യാസഡയറക്ടരവർകളുടേയും ശ്രദ്ധ അചിരേണ പതിഞ്ഞു കാണണമെന്ന് പ്രാൎത്ഥിക്കുന്നു. വിദേശിയാണെങ്കിലും കൎമ്മപദ്ധതികൊണ്ടു സ്വദേശിയായി ഗണിക്കപ്പെടാവുന്ന ഡയറക്ടരവർകൾ ഈ നാട്ടുകാരുടെ ഹൃദയത്തോടുകൂടി നാട്ടിനേയും നാട്ടുകാരേയും സ്നേഹിക്കയും നാട്ടുകാരുടെ കണ്ണുകൊണ്ടു ചുററുപാടും നോക്കി നാട്ടിനും നാട്ടാൎക്കും നന്മവരത്തക്കവിധത്തിൽ നിഷ്കളങ്കമായി പ്രവൎത്തിക്കയും ചെയ്താൽ നമ്മുടെ ഇപ്പോഴത്തെ മട്ടു മാറി തിരുവിതാംകൂർ സംസ്ഥാനംവിദ്യാഭ്യാസരീതികൊണ്ടു സൎവ്വഥാ ക്ഷേമകരമായി ഭവിയ്ക്കാനും ഒരുപക്ഷെ മററു ദേശക്കാൎക്കു അസൂയാജനകമായി വരത്തക്കവണ്ണം ശ്രേയസ്കരമായിത്തിരാനും എളുപ്പമുണ്ടാകുന്നതാണ്.

# ഉദ്ധാരണങ്ങൾ.

## ഭാരതീയനവോത്ഥാനം

കാൺപൂർ സനാതനധൎമ്മകാളേജ് പ്രിൻസിപ്പാൾ ശ്രീമാൻ പി. ശേഷാദ്രി എം. ഏ. ഭാരതീയനവോത്ഥാനം എന്ന വിഷയത്തെപ്പററി ചെയ്ത ഒരു പ്രസംഗസാരം.

"കഴിഞ്ഞ നൂറുവഷം ഇൻഡ്യാചരിത്രത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാകുന്നു. ഈ ഘട്ടത്തിൽ ഇൻഡ്യയുടെ നാനാഭാഗത്തും സാഹിത്യസംബന്ധമായ ഒരു ഉണർച്ച്യുണ്ടായിക്കാണുന്നു. ഇതു് പാശ്ചാത്യസാഹിത്യവുമായിട്ടുള്ള സംഘട്ടനംകൊണ്ടു മാത്രമുണ്ടായിട്ടുള്ളതല്ല. അച്ചടിയന്ത്രവും പത്രപ്രവത്തനവളച്ച്യും ഇതിനു സാഹായികമായിത്തീർന്നിട്ടുണ്ടു്. ഭൂതകാലത്തിലെ സാഹിത്യനായകന്മാരോടു് സാമ്യപ്പെടുത്തത്തക്ക ഒരു സാഹിത്യകാരൻ ഉണ്ടായിട്ടില്ലെങ്കിലും, പാശ്ചാത്യലോകത്തിലെ നോവൽ, ദുരന്ത നാടകം, സാമുദായികനാടകം മുതലായ പുതിയ സാഹിത്യശാഖകളെ അനുകരിച്ചതുകൊണ്ടു് സാഹിത്യത്തിനു ഒരു വലിയ വളച്ച് സിദ്ധിച്ചിട്ടുണ്ടു്. ചരിത്രബോധത്തിൻെറ വളച്ച് വേറൊരു വിശേഷമാണു്. തത്വശാസ്ത്രത്തിലുള്ള അഭിരുചി മറെറാരു വിശേഷമാണു്. എന്നാൽ തത്വശാസ്ത്രസംബന്ധമായി പുതിയ ചിന്താപദ്ധതികൾ ഉണ്ടായിട്ടുണ്ടെന്നു് അവകാശപ്പെട്ടുക്കൂടാ,

അനേകനൂററാണ്ടുകളിലെ സുഷുപ്തിക്കുശേഷം ഭാരതീയകലയും പുതിയ ജീവലക്ഷണങ്ങൾ കാണിക്കുന്നുണ്ടു്. അനുഭാവമുള്ള ചില വിദേശവിമർശകന്മാരുടെ പരിശ്രമം മൂലം ബങ്കാളിൽ ഒരു പുതിയ പ്രസ്ഥാനം ആരംഭിച്ചിട്ടുണ്ടു്. അതു് ഭാരതീയകലയിലുള്ള ചില വൈശിഷ്ട്യങ്ങളെ സ്വീകരിച്ചുകഴിഞ്ഞിരിക്കുന്നു. ഈ വിഷയത്തിൽ ബാംബെയും നല്ലതുപോലെ പ്രവത്തിച്ചിട്ടുണ്ടു്. എന്നാൽ പാശ്ചാത്യമാതൃകകളോടുള്ള ആകഷണത്തെ ഉപേക്ഷിക്കുവാൻ അതിനു സാധിച്ചിട്ടില്ല. ആന്ധ്റദേശക്കാരുടെ ഇടയിലും ഈ വിഷയത്തിൽ ഒരു നല്ല ഉണർച്ച് കാണുന്നു. ഇൻഡ്യയിലെ ഭാവിചരിത്രകാരൻ ചിത്രകലയിൽ മുഗളഘട്ടത്തോടും രാജപുത്രഘട്ടത്തോടും സദൃശമായ ഒന്നു്, ഈ നവോത്ഥാനകാലത്തിലെ കാണുകയുള്ളൂ.

സമുദായസ്ഥിതിഗതികളിലുള്ള പ്രേരണാശക്തിയും അപ്രധാനമായിട്ടുള്ളതല്ല. സമുദായത്തെ പരിഷ്കരിക്കുവാനുള്ള ആഗ്രഹം സാവ്ത്രികമായി കാണുന്നുണ്ടു്. പാശ്ചാത്യരുടെ ജീവിതവുമായുണ്ടായ സംഘട്ടനഫലമായി സാമുദായിക അസമത്വങ്ങളേയും അനീതികളേയും നാം നല്ലപോലെ മനസ്സിലാക്കി. സാമുദായികപരിഷ്കാരപരിശ്രമം പൂണ്ണമായിട്ടില്ലെങ്കിലും സാമുദായികകാര്യങ്ങളിൽ ഒരു പരിവത്തനവീക്ഷണഗതി ഉണ്ടായിട്ടുണ്ടെന്നു പറയുന്നതിൽ ഒട്ടും അതിശയോക്തിയില്ല. സാമുദായികപുനസ്സംഘടനയുടെ ഒരു പ്രാരംഭം ആയി എന്നു പറയാവുന്നതുമാണു്.

രാഷ്ട്രീയകാര്യങ്ങളിലാണു് ഈ നവോത്ഥാനത്തിൻെറ പ്രേരണാശക്തി അതിപ്രധാനമായി കാണുന്നതു്. ജനാധിപത്യഭരണത്തെക്കുറിച്ചുള്ള നവീനാഭിപ്രായങ്ങൾ ജനങ്ങളുടെ ഇടയിൽ ഉണ്ടായിരിക്കുന്നു. രാഷ്ട്രീയാദശം പുരാതനകാലത്തേപ്പോലെ ഗുണഭൂയിഷ്ഠമായ ഏകച്ഛത്രാധിപത്യ

മല്ല. പുരാതനഭാരതത്തിൽ ജനാധിപത്യഭരണസമ്പ്രദായത്തിലുള്ള സ്ഥാപനങ്ങൾ ഉണ്ടായിരുന്നു എന്നു കാണിക്കുവാനുള്ള ഒരു ശ്രമം ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. ജനാധിപത്യഭരണസമ്പ്രദായത്തിലുള്ള ഭരണരീതികളെ അഭിനന്ദിക്കുവാൻ തുടങ്ങിയതു് പാശ്ചാത്യരോടുള്ള സംഘട്ടനം മൂലമാണെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഗ്രീസിലും റോമിലും ഉണ്ടായിരുന്ന സ്വാതന്ത്ര്യം പൌരസ്ത്യചരിത്രത്തിൽ കാണുകയില്ല. ഇംഗ്ലണ്ടും അമേരിക്കയും സ്വാതന്ത്ര്യത്തിനുവേണ്ടി ഒരു വലിയ പോരാട്ടം നടത്തി. അതു് ഇൻഡ്യാക്കാരേയും പ്രേരിപ്പിച്ചിട്ടുണ്ട്.

മതത്തിലും ഈ നവോത്ഥാനം സ്പഷ്ടമായി കാണുന്നുണ്ടെന്നുള്ളതു് തെററല്ല. മതപരമായ ജീവിതത്തേയും ചിന്തയേയും പുനരുദ്ധരിക്കുന്നതിനും ഹിന്ദുസമുദായത്തിൽ കടന്നുകൂടിയിട്ടുള്ള അന്ധവിശ്വാസങ്ങളെ ദൂരീകരിക്കുന്നതിനും അഭിനന്ദനാൎഹമാംവണ്ണം പരിശ്രമിച്ചിട്ടുണ്ട്. ബ്രഹ്മസമാജം, ആൎയ്യസമാജം, ശ്രീരാമകൃഷ്ണവിവേകാനന്ദമിഷൻ മുതലായ സ്ഥാപനങ്ങൾ മതപുനരുദ്ധാരണത്തിൽ പരിശ്രമിച്ചിട്ടുണ്ട്. ഇൻഡ്യയിലെ ഭാവിചരിത്രകാരന് ഈ ഘട്ടം എത്രയും താല്പൎയ്യജനകമായിരിക്കും. ദേശീയപ്രവൎത്തനത്തിൽ ഉണ്ടായിട്ടുള്ള പുതിയ മാറ്റങ്ങളും അദ്ദേഹത്തെ ആകർഷിക്കാതിരിക്കയില്ല."

## റഷ്യയിലെ സ്ത്രീസ്വാതന്ത്ര്യം.

സർഭാർഇക്ബൻആലിഷാ എന്ന മാന്യദേഹം ഈയിടെ സോവിയററ് റഷ്യ സന്ദൎശിച്ചപ്പോൾ അദ്ദേഹത്തിനു അവിടത്തെ സ്ത്രീകളെസംബന്ധിച്ചു തോന്നിയ അഭിപ്രായങ്ങളെ 'ടൈംസ് അഫ് ഇൻഡ്യ' എന്നു പത്രത്തിൽ ഇങ്ങനെ എഴുതിയിരിക്കുന്നു.

"മാസ്ക്കോപട്ടണത്തിൽ–അതായതു് ലെനിൻഗ്രാഡ് എന്നു വിളിച്ചുവരുന്ന റഷ്യയുടെ തലസ്ഥാന നഗരിയിൽ–സ്ത്രീകൾക്കു സൎവ്വവിധമായ സ്വാതന്ത്ര്യവുമുണ്ട്. അവർ പുരുഷന്മാർ വഹിക്കുന്ന എല്ലാ ചുമതലകളും വഹിക്കുന്നതിനുള്ള സ്വാതന്ത്ര്യം സിദ്ധിച്ചിരിക്കുന്നു. സൎവ്വകലാശാലകളിൽ സ്ത്രീകൾ പുരുഷന്മാരേക്കാളും പാണ്ഡിത്യം പ്രദൎശിപ്പിച്ചുവരുന്നു. എല്ലാത്തരം ഉദ്യോഗങ്ങളും അവർ വഹിക്കുന്നുണ്ട്. സ്ത്രീകൾ മാത്രമടങ്ങിയ ഒരു സൈന്യം റഷ്യയിലുണ്ട്. (പണ്ടു് ഭാരതത്തിലെ രജപുത്രസ്ത്രീകൾ സമരാങ്കണത്തിൽ ഇറങ്ങി പുരുഷന്മാരോടൊപ്പം സധൈൎയ്യം പോരാടിയിട്ടുള്ള കഥ ഇവിടെ സ്മരണീയമാണ്. ഗു. പ.) എന്നാൽ മററു രാജ്യങ്ങളിലേപ്പോലെ ആഡംബരരീതിയിലുള്ള വസ്ത്രധാരണത്തോടുകൂടി സ്ത്രീകളെ കണ്ടാൽ ആവശ്യത്തിൽ കൂടുതൽ ചിലവുചെയ്തു് സാമ്പത്തിക

നാശം വരുത്തുന്ന എന്ന കാരണത്താൽ അവർ പോലീസ്സുകാരുടെ പരിശോധനയ്ക്കു് അധീനകളാകേണ്ടിവരും. അവരുടെ ധനാഗമമാൎഗ്ഗങ്ങൾ എല്ലാം പോലീസ്സുകാരെ മനസ്സിലാക്കുകയും വേണം. ആഡംബരപ്രിയകളായ സ്ത്രീകളുടെ ഭൎത്താക്കന്മാരാണ് സാധാരണ ആപത്തിൽ കുടുങ്ങാറുള്ളതു്. അത്തരക്കാർ തൊഴിലാളികളേയും കൃഷകന്മാരേയും നശിപ്പിക്കുന്ന മനസ്ഥിതിയുള്ളവരെന്ന കാരണത്താൽ ഗവൎമ്മെൻറിൻെറ കഠിനശിക്ഷക്കു പാത്രീഭൂതന്മാരായിത്തീരുന്നു. വിവാഹവും മോചനവും വളരെ ലഘുവായ രീതിയിലാണ് അവിടെ നടത്തിവരുന്നതു്. ദമ്പതികൾ രജിസ്റ്റർകച്ചേരിയിൽ കയറി 3½ ഷില്ലിംഗ് കൊടുത്തു് രജിസ്റ്റർ ചെയ്താൽ നിയമദൃഷ്ടിയിൽ അതു ഒരു വിവാഹമായി. വിവാഹമോചനത്തിനു ദമ്പതിമാരിൽ ആരുടെയെങ്കിലും അപേക്ഷയുണ്ടായാൽ രജിസ്ട്രാർ അതു നൽകുന്നു. ഭാൎയ്യയുമായി കുറച്ചുനാൾ വേർപിരിഞ്ഞു വീണ്ടും കണ്ടുമുട്ടുമ്പോൾ ഭാൎയ്യ വേറൊരു ഭൎത്താവുമായി കഴിഞ്ഞുകൂടുന്ന കാൎയ്യങ്ങൾ ചില്ലറയല്ലെന്നു പറയുന്നു. രണ്ടു മാസത്തിനുള്ളിൽ മൂവ്വ ഭൎത്താക്കന്മാരുണ്ടായ ഒരു സ്ത്രീയെ ഞാൻ കാണുകയുണ്ടായി. സ്ത്രീകൾക്കു കുട്ടികളെ വളൎത്തേണ്ട ചുമതലയില്ല. ഗവൎമ്മെൻറാണ് കുട്ടികളെ വളൎത്തുന്നതും അവൎക്കു വിദ്യാഭ്യാസം നൽകുന്നതും. മാസ്കോപട്ടണം സന്ദൎശിക്കുന്ന ഒരു വിദേശീയന് അവിടത്തെ വനിതകളുടെ ഈ സ്വാതന്ത്ര്യം കണ്ടാൽ അത്ഭുതം തോന്നിയേക്കാം. റഷ്യക്കാർ ഗൃഹജീവിതത്തിലുള്ള ഹൃദ്യമായ സുഖം അനുഭവിക്കുന്നില്ലെന്നു പറയാം. അനവധി കുടുംബങ്ങൾ ഒരുമിച്ച് ഒററമുറിയിൽ താമസിക്കുന്നുണ്ടു്. എല്ലാവൎക്കും ആഹാരം കഴിപ്പാനുള്ള പ്രതിഫലം ലഭിക്കുന്നുണ്ടെങ്കിലും ഇതര രാജ്യങ്ങളിൽ കാണുന്ന ഗൃഹ്യജീവിതത്തിൻെറ സൈ്വരതയൊ ആനന്ദമൊ റഷ്യയിൽ കാണുന്നില്ല."

## മലയാളസാഹിത്യത്തിൽ ഇനി വേണ്ടതു്.

പ്രസ്തുതവിഷയത്തെപ്പററി പ്രൊഫസർ പി. ശങ്കരൻ നമ്പ്യാർ എം. ഏ. 'കേരളം'മാസികയിൽ എഴുതിയിട്ടുള്ള ഒരു ലേഖനത്തിലെ ചില ഭാഗങ്ങളാണ് താഴെ ഉദ്ധരിക്കുന്നതു്.

"സംസ് കൃതസാഹിത്യത്തെ ഉപജീവിച്ചെഴുതപ്പെട്ടിട്ടുള്ള മഹാകാവ്യങ്ങൾക്കു് ഇപ്പോൾ മലയാളത്തിൽ വലിയ കുറവില്ല. രാമചന്ദ്രവിലാസം, ചിത്രയോഗം, ഉമാകേരളം, കേശവീയം, പാണ്ഡവോദയം മുതലായ മഹാകാവ്യങ്ങൾ, അടുത്തകാലത്തു് മലയാളത്തിനുണ്ടായിട്ടുള്ള സമ്പാദ്യങ്ങളാണ്. എന്നാൽ ഗ്രീക്കുകാൎക്കു ഹോമറിൻേറയും, റോമാക്കാൎക്കു് വെർജിലിൻേറയും, ആൎയ്യന്മാൎക്കു വാത്മീകിയുടേയും കൃതികളുള്ളതുപോലെ, പൊതുവിൽ രാഷ്ട്രീയപ്രാതിനിധ്യം വഹിക്കുന്നവയെന്നു പറയാവുന്ന മഹാകാവ്യങ്ങൾ കേരളഭാഷയിൽ ഇതുവരെ ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്.

കേരളത്തിൻെറ വിഭാഗങ്ങളായ കൊച്ചി, തിരുവിതാംകൂർ, ബ്രിട്ടിഷുമലബാർ എന്നീ സംസ്ഥാനങ്ങളെ മുഴുവൻ ഏകദേശം പ്രതിനിധീകരിക്കുന്ന ഏതെങ്കിലുമൊരു ചരിത്രവിഷയം സ്വീകരിച്ച് ഒരു മഹാകാവ്യമെഴുതുന്നതു് നന്നായിരിക്കുമെന്നു തോന്നുന്നുണ്ട്. കൊച്ചിരാജാവും കോഴിക്കോട്ടു സാമൂതിരിപ്പാടും തമ്മിലുണ്ടായിട്ടുള്ള യുദ്ധങ്ങളിൽ, തിരുവിതാംകൂർകൂടി ഭാഗഭാക്കായിട്ടുള്ള പ്രശസ്തമായ ഏതെങ്കിലുമൊന്നു കഥാകേന്ദ്രമായിക്കല്പിച്ച്, സമകാലീനങ്ങളായ ജീവിതസ്വഭാവാദികളെ പ്രതിബിംബിപ്പിച്ചുകൊണ്ടുള്ള ഒരു മഹാകാവ്യമാണ് ഇനി എഴുതപ്പെടേണ്ടതു്. എന്നാൽ ആയതു കേരളത്തിലെ ഒരു യഥാർത്ഥരാഷ്ട്രീയമഹാകാവ്യമായിപ്പരിണമിക്കുന്നതാണ്. കഥാസംഭവം നടന്ന കാലദേശങ്ങളെക്കുറിച്ചു പരിപൂർണ്ണമായ ജ്ഞാനം സമ്പാദിച്ചതിനുശേഷം മാത്രമേ ടി. കാവ്യമെഴുതുവാൻ തുടങ്ങാവൂ. എന്തുകൊണ്ടെന്നാൽ, അവയെ പ്രതിഫലിപ്പിച്ചു കാണിക്കുന്ന ഒരു മനോഹരദർപ്പണമായിരിക്കണം പ്രസ്തുത മഹാകാവ്യം.

ഇതിനുംപുറമെ, നമ്മുടെ പഴയ 'വടക്കൻപാട്ടു'കളെ ആധാരമാക്കി ഒരു മഹാകാവ്യം എഴുതുന്നതും സ്പൃഹണീയമായിരിക്കുമെന്നു തോന്നുന്നു. ലക്ഷണംതികഞ്ഞ നായികാനായകന്മാരെ അവയിൽനിന്നു കിട്ടുവാൻ പ്രയാസമാണെങ്കിലും, കവിയുടെ പ്രതിഭാശക്തികൊണ്ട് ആവക ന്യൂനതകൾ മിക്കവാറും പരിഹരിക്കപ്പെടാവുന്നതാണ്. അതിനിസ്സാരങ്ങളായ ചില പഴംകഥകളെ ആസ്പദമാക്കി ഷേക്‌സ്പിയർ മഹാകവി ലോകോത്തരങ്ങളായ ചില നാടകങ്ങൾ നിർമ്മിച്ചിട്ടുള്ള വാസ്തവമോർക്കുമ്പോൾ പ്രതിഭാശാലിയായ ഒരു കേരളകവിക്കു വടക്കൻപാട്ടുകളെ അടിസ്ഥാനപ്പെടുത്തി ഒരു മഹാകാവ്യമെഴുതുകയെന്നതു് ഒരിക്കലും അസാദ്ധ്യമാകുവാൻ തരമില്ല. സമകാലീനമായ ചരിത്രം ചിത്രീകരിച്ചു കാണിക്കുന്ന വിഷയത്തിൽ, കവി പ്രത്യേകം നിഷ്കർഷിക്കേണ്ടതാകുന്നു. തിരിയിൽനിന്നു കൊളുത്തിയ പന്തംപോലെ മഹാകാവ്യം ചരിത്രത്തിൽനിന്നുത്ഭവിച്ചു പ്രശോഭിക്കണമെന്നാണു ചുരുക്കത്തിൽ, ഇപ്പറഞ്ഞതിൻെറ സാരം.

* * * * * * * *

ഗദ്യസാഹിത്യത്തിലും ഇതുപോലെതന്നെ ചില പുതിയ പ്രസ്ഥാനങ്ങൾക്കു പുഷ്ടിവരേണ്ടതായിട്ടുണ്ട്. ഒന്നാമതായി കേരളത്തിൻെറ നാനാമുഖമായ വൈശിഷ്ട്യത്തെ പ്രസ്പഷ്ടമാക്കുന്ന ഒരു യഥാർത്ഥകേരളീയാഖ്യായികയാണ് ഇപ്പോൾ ഉണ്ടാകേണ്ടതു്. നാട്യപ്രധാനങ്ങളായ നഗരങ്ങളിലേയും നന്മകളാൽ സമൃദ്ധങ്ങളായ നാട്ടിൻപുറങ്ങളിലേയും ജനങ്ങളുടെ ജീവിതരീതികൾ, സ്വഭാവവിശേഷങ്ങൾ, മുതലായവയെ വിസ്തരിച്ച് വിശദീകരിക്കുന്ന നല്ല നോവലുകൾ എത്രത്തോളം നമുക്കു സിദ്ധിക്കുന്നുവോ, അത്രത്തോളം ചാരിതാർത്ഥ്യത്തിനും നമുക്കവകാശമുണ്ട്. കേരളീയരുടെ വിശേഷ ദിവസങ്ങൾ, മഹോത്സവങ്ങൾ, അവയെ നയിക്കുന്ന സമ്പ്രദായങ്ങൾ

മുതലായവയെല്ലാം സ്വദേശീയരാലും വിദേശീയരാലും ഒന്നുപോലെ അഭിനന്ദിക്കപ്പെടുന്ന രീതിയിൽ പ്രകാശിപ്പിക്കുന്നതു് ടി നോവലുകളുടെ ഒരു മുഖ്യ ധർമ്മവുമായിരിക്കും. ഇക്കാര്യം വിശേഷിച്ചും നിർവ്വഹിക്കപ്പെടാവുന്നതു ഖണ്ഡകഥകളിലാണ്. ഖണ്ഡകഥ അഥവാ ചെറുകഥ, എന്നു വച്ചാൽ വെറും കഥാഖണ്ഡമൊ ചെറിയ ഒരു കഥയൊ മാത്രമാണെന്നു ചിലർ തെററിദ്ധരിച്ചിട്ടുള്ളതായി ശങ്കിക്കേണ്ടിയിരിക്കുന്നു. ഖണ്ഡകഥയിൽ പ്രധാനമായി നാം പ്രതീക്ഷിക്കേണ്ടതു് സ്ഥലകാലസന്ദർഭങ്ങളുടെ വിശദമായ ഒരു ചിത്രമാണ്. അതിൽനിന്നും കഥയുടെ മർമ്മമായഭാഗം, പ്രത്യേകം ശോഭിക്കുന്നു. ഇംഗ്ലീഷിൽ Atmosphere എന്നു പറയുന്ന ഈ പരിതസ്ഥിതിപ്രകാശനത്തിനാണ് ഖണ്ഡകഥാലക്ഷണങ്ങളുടെ കൂട്ടത്തിൽ പ്രാഥമ്യം നൽകപ്പെട്ടിട്ടുള്ളതു്. അതിന്നിടയിൽ, കഥയുടെ ജീവനായ അംശം കാണുമ്പോൾ, കഥ തീത്തകിടിൽ അമൂല്യമായ രത്നംപോലെ മിന്നിത്തിളങ്ങുന്നു. ഇതാണ് ചെറുകഥാപ്രസ്ഥാനത്തിൻെറ സത്തായ ഭാഗം—വെറും കഥനമല്ല—എന്നു് നമ്മുടെ ഖണ്ഡകഥാകൃത്തുകൾ അറിഞ്ഞെഴുതിയാൽ നന്നായിരിക്കും.

ഇംഗ്ലീഷിൽ അഡിസൺ, സ്റ്റീൽ, ലാംബ്, ഹാസ്ലിററ്, ലീഹണ്ട്, സ്റ്റീവൻസൺ, മോർളി, ഗാർഡിനർ മുതലായ അസംഖ്യം ഉത്തമഗ്രന്ഥകർത്താക്കന്മാർ എഴുതിട്ടുള്ള പ്രശസ്തോപന്യാസങ്ങളെപ്പോലെയുള്ള ഉപന്യാസങ്ങളും നമ്മുടെ ഭാഷയിൽ വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. അവ കാമ്പുള്ളവയായിരുന്നാൽ മാത്രംപോരാ, ഫലിതരസപ്രധാനങ്ങളുമായിരിക്കണം. അഭിനന്ദനീയമായ മനസ്സംസ്കാരം സിദ്ധിച്ചിട്ടുള്ള ഗ്രന്ഥകർത്താക്കന്മാരുടെ ലോകനിരീക്ഷണഫലങ്ങൾ ഇത്തരം ഉപന്യാസങ്ങൾവഴിയ്ക്കാണ് പുറത്തേക്കു നിർഗ്ഗളിക്കുന്നതു്. പ്രപഞ്ചത്തെക്കുറിച്ചും, സാഹിത്യാദികലാവിദ്യകളെക്കുറിച്ചുമുള്ള മഹാന്മാരുടെ സ്വതന്ത്രചിന്തകളെ ഒന്നാംതരം സാഹിത്യരൂപത്തിൽ പ്രകാശിപ്പിക്കുന്നവയായ ഉപന്യാസങ്ങൾ ഇനിയും മലയാളത്തിൽ വളരെ ഉണ്ടാകേണ്ടിയിരിക്കുന്നു. കൂടാതെ, പദ്യകാവ്യശാഖകളുടെ ലക്ഷണങ്ങളെ—രസാലങ്കാരാദികളെസ്സംബന്ധിച്ചിടത്തോളം—ഏറക്കുറെ അനുവർത്തിച്ചുകൊണ്ടുള്ള പലതരം ഗദ്യകാവ്യങ്ങളും മതനാധർമ്മത്തിനൊത്തവിധം നമ്മുടെ സാഹിത്യകാരന്മാർക്ക് പുഷ്ടിപ്പെടുത്തുവാൻ കഴിയുന്നതാണ്."

# പുസ്തകാഭിപ്രായം.

**ജനോവ.**

ഗ്രന്ഥകർത്താ:— ഇ. എം. ജോസഫ് പുത്തൻപേട്ട, തൃശ്ശിവപേരൂർ.

വില 0—12—0

ക്രൈസ്തവപുരാണഗ്രന്ഥങ്ങളിലൊന്നായ 'ജനോവ' എന്ന കൃതിയെ പരിഷ്കരിച്ചെഴുതിയതാണ് പ്രകൃതപുസ്തകം. ഒരുകാലത്തു് തുക്കിയുടെ ഒരുഭാഗം ഭരിച്ചിരുന്ന സിപ്രിയോസ് രാജാവു് ജനോവ എന്ന ഒരു പുണ്യ

വതിയെ വിവാഹം കഴിക്കുകയും, വിവാഹം കഴിഞ്ഞു് അധികനാൾ കഴിയുന്നതിനുമുമ്പെ ചക്രവൎത്തിയുടെ ആജ്ഞാനുസരണം സിപ്രിയോസ് രാജാവിനു യുദ്ധത്തിന് പോകേണ്ടിവരികയും, അപ്പോൾ സകലഭാരവുംഏല്പിച്ചിരുന്ന മന്ത്രി തന്റെ സ്വാമിയുടെ പ്രിയപത്നിയായ ജനോവയോട് അനുരാഗപ്രാൎത്ഥന ചെയ്കയും, അനുകൂലിക്കാതിരുന്നതുകൊണ്ട് ജനോവയെ തടവിലാക്കി കഷ്ടപ്പെടുത്തിയതിനുശേഷം വധിക്കാൻ കല്പിക്കുകയും, ഒടുവിൽ ജനോവ ഘാതകന്മാരുടെ പിടിയിൽനിന്നും രക്ഷപ്പെട്ടു വനത്തിൽ താമസിക്കയും, സിപ്രിയോസ്‌രാജാവു് തിരിയെവന്നു കാട്ടിൽ നായാട്ടിന് ചെന്നപ്പോൾ ജനോവയെ കണ്ടെത്തുകയും, മന്ത്രിയെ ശിക്ഷിക്കുകയുംമററും ചെയ്തതാണ് ഇതിലെ കഥാവസ്തു. ഈ കഥയിൽ വലിയ കല്പനാശക്തിയൊന്നും ഈ ഗ്രന്ഥകാരൻ ഉപയോഗിച്ചിട്ടില്ലെങ്കിലും ജനോവയുടെ ചാരിത്രശുദ്ധി, നിഷ്കളങ്കത, ഈശ്വരഭക്തി മുതലായവയിൽനിന്നും പല പാഠങ്ങളും പഠിക്കാനുണ്ട്. ഇതിലെ ഭാഷയ്ക്കു വലിയ മെച്ചമൊന്നുമില്ല. "മന്ത്രിപുംഗവനായ ഗോലോവു സ്ഥാനയോഗ്യമായ വസ്ത്രാഡംബരങ്ങളോടും, സ്വതവേയുള്ള പ്രൗഢിയോടുകൂടിയെങ്കിലും ഉത്സാഹവാനായി രാജസദസ്സിൽ ശോഭിച്ചു" ഇതിൽനിന്നും സ്ഥാനയോഗ്യമായ വസ്ത്രാഡംബരങ്ങളും പ്രൗഢിയും ഉള്ളവർ ഉത്സാഹം പാടില്ലായിരിക്കുമൊ എന്നൊരു ശങ്ക ജനിക്കുന്നു. "ഊതിക്കൊണ്ടിരുന്ന മന്ദമാരുതൻ" മന്ദമാരുതൻ 'ഊതു'ന്നതു് അത്ര ഭംഗിയുള്ളതല്ല. അച്ഛനമ്മമാരുടെ മരണംമൂലം "മഹാരാജപദത്തെ പ്രാപിക്കുവാൻ സിപ്രിയോസുമഹാരാജാവു നന്നെ ചെറുപ്പത്തിൽ പ്രേരിതനായി" ഇവിടെ പ്രേരിതനാവുകയല്ല സംഗതിയാവുകയാണുണ്ടായതു്. "മഹാരാജപത്നിയുടെ ഏത്തടെ ഫലപ്രദങ്ങളായി കാണപ്പെട്ടു" ഏത്തടെ പ്രയോഗം ഭാഷക്ക് ഭൂഷണമാണെന്നു തോന്നുന്നില്ല. "വനചാരയായ ആ ദിവ്യവിഗ്രഹം" "വനചാര" എന്നതു സ്ത്രീലിംഗത്തിൽ ശരിയാണൊ എന്നു സംശയിക്കുന്നു. "രത്നഖചിതങ്ങളായ വിചിത്രപുഷ്പലതാദികൾ" എന്ന പ്രയോഗം വ്യക്തമല്ല. ഇങ്ങിനെ പലയിടത്തും ഇതിലെ ഭാഷക്കു ചില വൈകല്യങ്ങൾ എല്ലാം കാണുന്നുണ്ട്. ഒരു പഴയ കഥയെ ഒരു "പഴഞ്ചൻ രീതി"യിൽ പ്രതിപാദിച്ചിട്ടുണ്ടെന്നല്ലാതെ ഒരു പുതുമയും ഞങ്ങൾ കണ്ടില്ല. അവിടവിടെ ചില തത്വങ്ങളും, അഭിപ്രായങ്ങളും ഗ്രന്ഥകൎത്താവു പ്രതിപാദിക്കുന്നുണ്ടെങ്കിലും അതൊന്നും ആ അവസരങ്ങളിൽ വെച്ചുയുള്ളതായിരിക്കുന്നില്ല. കഥയിൽ മിക്ക പാത്രങ്ങളും സംസാരിക്കുന്നതു്-ഏതു വിഷയത്തെപ്പററിയും സംസാരിക്കുന്നതു്-ദുഷ്ടബുദ്ധികളായ ഘാതകന്മാർപോലും സംസാരിക്കുന്നതു്-കവിതയിലാണ്. കാവ്യരസമില്ലാത്തതും വായനക്കാരെ മുഷിപ്പിക്കുന്നതുമായ ഈ കവിതാശകലങ്ങൾ കൂടാതിരിക്കുകയായിരുന്നു ഉത്തമം എന്നു തോന്നുന്നു. വെടിമരുന്നില്ലാത്ത കാലത്തു കപ്പലുകളിൽനിന്നും ആചാരവെടികൾ വെയ്പിച്ചതും, ആനകൾ ഇല്ലാത്ത നാട്ടിൽ "ഗജതുരഗപദാതിചതുൎവ്വിധ" സേനകളെ കൊണ്ടുവന്നതും ഗ്രന്ഥകൎത്താവിന്റെ കാലദേശപരിചയക്കുറവിനെ വേണ്ടുവോളം കാണിക്കുന്നുണ്ട്. സമൎത്ഥനും ഉത്തമനും എന്നു തോന്നിച്ചിരുന്ന മന്ത്രി പെട്ടെന്ന് നീചനാകുന്നതും രാജ്ഞിയെ ദ്രോഹിക്കുന്നതും രാജദ്രോഹിയാകുന്നതും വായനക്കാരിൽ അത്ഭുതം തോന്നിച്ചേക്കാം.

**DO YOU KNOW**

THAT

# The "Indian Educator"

is a high class illustrated monthly of literary, scientific and educational interest.

It contains a choice variety of articles on all topics of interest and importance, contributed by men and women of eminent scholarships and high academic attainments.

It has got Subscribers in all parts of the world, and is becoming increasingly popular.

It reaches all classes of people, in all walks of life.

It is controlled by an highly influential and capable Editorial Board.

It is the best medium for Reviews of books for, "**The Indian Educator**" goes to all educational institutions, clubs, libraries and Reading Rooms.

It is the best and cheapest medium for Advertisements.

THEREFORE SUBSCRIBE TO AND ADVERTISE IN

THE "INDIAN EDUCATOR"

*Managing Editor*—Mr. V. Aravamuda Aiyengar B. A. L. T.

*Representative*—Mr. K. P. Padmanabhan Thampi

| | | | |
|---|---|---|---|
| *Subscription Rates* | INDIA | Rs.. | 2 |
| | AMERICA | $ | 1 |
| | EUROPE | Sh. | 4 |

*For further Particulars please apply to:*

Mr. K. P, PADMANABHAN THAMPI,

Representative "THE INDIAN EDUCATOR"

"*New Lodge*," *Chettikulankara*,

Trivandrum Post, Travancore State, S. INDIA.

# മണ്ഡനമഞ്ജരി.

ഗ്രന്ഥകർത്താവ്, സർവ്വകലാശാലാപരീക്ഷകനും, ഒരു നല്ല നിരൂപകനും, കാളേജുമലയാളം ലക്ചററും ആയ ഡി. പത്മനാഭനുണ്ണി ബി. എ.

ഉള്ളൂർ, അപ്പൻതമ്പുരാൻ, കുമാരനാശാൻ, എ. ആർ. രാജരാജവർമ്മതമ്പുരാൻ, കുഞ്ചൻനമ്പ്യാർ, കെ. നാരായണക്കുരുക്കൾ, വേങ്ങയിൽ കുഞ്ഞിരാമൻനായനാർ മുതലായ സാഹിത്യകാരന്മാരുടെ കൃതികളെക്കുറിച്ച് വിമർശിക്കുന്ന ഒരു ആധുനികനിരൂപണഗ്രന്ഥം. ഇതിനെക്കുറിച്ച് മഹാമഹിമശ്രീ അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ട് ഇങ്ങിനെ പറയുന്നു:-

"......ആദ്യംമുതല്ക്കുതന്നെ ഒന്നു നോക്കുവാൻ തോന്നിപ്പോയി. പിന്നെ അവസാനം കാണുന്നതുവരെ നിറുത്തുവാനൊട്ടു തോന്നിയതുമില്ല. 'മഞ്ജരി' മുഴുവനും ഹൃദിസ്ഥമായതിനു ശേഷമെ മനസ്സു സ്വാധീനത്തിൽ വന്നുള്ളു."

"......കവിഹൃദയം വിമർശകന്റെ മനസ്സിൽ പകർന്നു ബുദ്ധിനികഷത്തിൽ മാററുരച്ചുനോക്കി, കാവ്യകാരന്റെ മുഖവും നടപ്പും നോക്കാതെ സംസ്കൃതമായ സ്വാഭിപ്രായത്തിൽ സ്ഥൈര്യത്തോടുകൂടി കാവ്യത്തിന്റെ വിലമതിക്കയാണ് വിമർശത്തിന്റെ ഉത്തമാദർശമെങ്കിൽ "മണ്ഡനമഞ്ജരി" അപ്രകാരമുള്ള ഒരു രീതിയെയാണ് അവലംബിച്ചിട്ടുള്ളതു്."

മലയാളത്തിൽ നിഷ്പക്ഷമായി നിരൂപണംചെയ്യുന്ന ഇതരഗ്രന്ഥങ്ങളില്ലാത്തതിനാൽ, ബി. എ, ഇൻറർമീഡിയേററ, ഹയർ, വിദ്വാൻ, പണ്ഡിതർ മുതലായ പരീക്ഷകൾക്കു മലയാളം നിർബ്ബന്ധവിഷയമായി പഠിക്കണമെന്നു വച്ചിട്ടുള്ള ഈ അവസരത്തിൽ, ആ പരീക്ഷകൾക്കു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഏററവും അത്യാവശ്യം.

വില 10 അണ.

സി. ജി. സഹോദരന്മാർ
പറവൂർ. (തിരുവിതാംകൂർ)

# ഈശ്വരവിലാസം പുസ്തകശാല
## പറവൂർ.

ഇവിടെ ഉള്ളൂർ, വള്ളത്തോൾ, കുമാരനാശാൻ, ഈശ്വരപിള്ള, അപ്പൻതമ്പുരാൻ മുതലായ സാഹിത്യകാരന്മാരുടെ കൃതികൾ വില്പാനുണ്ട്. കൂടാതെ, വൈദ്യം, ജ്യോതിഷം, വേദാന്തം, മുതലായ വിഷയങ്ങളെ സംബന്ധിച്ചുള്ള പുസ്തകങ്ങളും പലതരം നോവലുകളും കിട്ടുന്നതാണ്.

മാനേജർ,
ഈശ്വരവിലാസം പുസ്തകശാല
(തി.) പറവൂർ,